നം.കെ.എസ്.എ.പി.റ്റി.എ.പി2/261/19 തീയതി: 03.06.2019

# പത്തനംതിട്ട ജില്ലയിലെ അടൂർ നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**[1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 13, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള മുനിസിപ്പൽ ആക്ട് 56, 295, 565 (1), (2) വകുപ്പുകൾ, 1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ - ചട്ടം 10 മുതൽ 14 വരെ - എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്]**

പത്തനംതിട്ട ജില്ലയിലെ അടൂർ നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 15.09.2017 മുതൽ 04.12.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 62 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 38 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് നിരീക്ഷണങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാന നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ, ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ എ.എസ്.ഷാജഹാൻ, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.03.2019 മുതൽ 27.03.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ റ്റി.അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)<br>ശ്രീമതി കവിത ടി.എം., ഓഡിറ്റ് ഓഫീസർ<br>ശ്രീമതി പി.സി.സൂര്യപ്രഭ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ അരുൺ പി.ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ സുനിൽകുമാർ യു.എസ്, ഓഡിറ്റർ<br>ശ്രീമതി രാജശ്രീ സി.ആർ, ഓഡിറ്റർ<br>ശ്രീ ശ്രീകുമാർ എസ്, ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| **ചെയർപേഴ്സൺ** | ശ്രീമതി ഷൈനി ജോസ് | 01.04.2017 മുതൽ 31.03.2018 വരെ |
| | | |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ ദീപേഷ് ആർ.കെ | 01.04.2017 മുതൽ 31.03.2018 വരെ |

**റിപ്പോർട്ടിന്റെ ഉള്ളടക്കം**

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

**ഭാഗം 1: പൊതു അവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**ഭാഗം 2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീതു പരിശോധനയിലും നഗരസഭയുടെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 3: ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

നഗരസഭയുടെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

**ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

**അനുബന്ധം**

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2017-18
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2017-18
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2017-18

**സൂചിക**


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഭാഗം 1 : പൊതു അവലോകനം** | |
| 1. | ബജറ്റ് | 1-1 |
| 2. | ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ | 1-2 |
| 3. | വാർഷിക ധനകാര്യപത്രിക | 1-3 |
| 4. | വാർഷിക ധനകാര്യപത്രികയുടെ പരിശോധന | 1-4 |
| 5. | സാമ്പത്തിക വിശകലനം | 1-5 |
| 6. | ഫണ്ട് വിനിയോഗം | 1-6 |
| 7. | പദ്ധതി അവലോകനം | 1-7 |
| 8. | തനത് വരുമാനം | 1-8 |
| 9. | സാമൂഹ്യക്ഷേമ പദ്ധതികൾ | 1-9 |
| 10. | ദുരിതാശ്വാസ നിധി | 1-10 |

| | | |
|---|---|---|
| 11. | ക്യാഷ് വെരിഫിക്കേഷൻ | 1-11 |
| 12. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| | **ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 13. | സാമ്പത്തിക നില അവലോകനം | 2-1 |
| 14. | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ 3.12ലക്ഷം രൂപ ഈടാക്കാൻ അവശേഷിക്കുന്നു | 2-2 |
| 15. | നഗരസഭാ പരിധിയിൽ സ്ഥാപിച്ചിരിക്കുന്ന എല്ലാ മൊബൈൽ ടവറുകളുടേയും വസ്തുനികുതി നിർണ്ണയിച്ചില്ല | 2-3 |
| 16. | വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത-നഗരസഭയ്ക്ക് വരുമാന നഷ്ടം | 2-4 |
| 17. | ഉപയോഗക്രമം അനുസരിച്ച് വസ്തുനികുതി നിർണ്ണയിച്ചില്ല - 68048രൂപയുടെ നഷ്ടം | 2-5 |
| 18. | സർക്കാർ സ്ഥാപനങ്ങളുടെ വസ്തുനികുതി കുടിശ്ശിക 13.83 ലക്ഷം | 2-6 |
| 19. | വസ്തുനികുതി നിർണ്ണയത്തിലെ അപാകത; ഹോസ്റ്റൽ കെട്ടിടത്തിന് അധിക നികുതി ചുമത്തി | 2-7 |
| 20. | നികുതി പരിഷ്കരണം പൂർത്തിയായില്ല | 2-8 |
| 21. | ചട്ടങ്ങൾ ലംഘിച്ചുകൊണ്ടുള്ള വാണിജ്യകെട്ടിടനിർമ്മാണം | 2-9 |
| 22. | പാർക്കിംഗ് ഏരിയ ഇല്ലാത്ത കെട്ടിടത്തിന് ഒക്യുപ്പെൻസി നലകി | 2-10 |
| 23. | സെറ്റ് ബാക്ക്, പാർക്കിംഗ് ഏരിയ എന്നിവ ഇല്ലാത്ത കെട്ടിടത്തിന് പെർമിറ്റ് നൽകി | 2-11 |
| 24. | പാർക്കിംഗ് സ്ഥലം വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു | 2-12 |
| 25. | നഗര ആസൂത്രണ പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിയില്ല | 2-13 |
| 26. | ഹോസ്പിറ്റൽ കിയോസ്ക്- രജിസ്ട്രേഷൻ ഫീസ് ഒടുക്ക് വരുത്തുന്നതിൽ വീഴ്ച | 2-14 |
| 27. | ലൈസൻസ് വിതരണത്തിലെ അപാകതകൾ | 2-15 |
| 28. | ലൈസൻസ് ചട്ടം പ്രാബല്യത്തിൽ വരുത്തുന്നതിന് നടപടി സ്വീകരിച്ചില്ല | 2-16 |
| 29. | വാടക പിരിവ് പൊതുവായ അപാകതകൾ | 2-17 |
| 30. | ടെണ്ടർ ഫീസ് വരവ് തനത് ഫണ്ടിൽ മുതൽകൂട്ടുന്നില്ല | 2-18 |
| 31. | അഭിഭാഷകർ, ആധാരം എഴുത്തുകാർ, കരാറുകാർ, ടാക്സി വാഹന ഉടമകൾ തുടങ്ങിയവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല. | 2-19 |
| 32. | തൊഴിൽ നികുതി പിരിവ് - അപാകതകൾ | 2-20 |
| 33. | സ്ഥാപന തൊഴിൽ നികുതി ഈടാക്കുവാൻ അവശേഷിക്കുന്നു | 2-21 |
| | **ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 34. | പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കിയില്ല – നഗരസഭയ്ക്ക് നഷ്ടമായത് 8.87 കോടി രൂപ | 3-1 |
| 35. | ആസ്തി സംരക്ഷണത്തിൽ വീഴ്ച | 3-2 |
| 36. | നഗരസഭാ സ്റ്റേഡിയം യാഥാർത്ഥ്യമായില്ല; അനുവദിച്ച 9.69 കോടി രൂപ നഷ്ടമാകാൻ സാധ്യത | 3-3 |
| 37. | ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചത് 1.37 കോടി രൂപ | 3-4 |
| 38. | കണക്റ്റഡ് ലോഡ് ക്രമീകരിച്ചില്ല - വൈദ്യുതി ചാർജ്ജിനത്തിൽ അധികം ചെലവഴിച്ചത് 3.09 ലക്ഷം രൂപ | 3-5 |

| | | |
|---|---|---|
| 39. | ഡെപ്പോസിറ്റ് പ്രവൃത്തികൾ - മുൻകൂറായി നൽകിയ 1.62 രൂപയുടെ വിനിയോഗ രേഖകളില്ല | 3-6 |
| 40. | ക്രമീകരിക്കാൻ അവശേഷിക്കുന്ന ഡെപ്പോസിറ്റ് 86.99 ലക്ഷം രൂപ | 3-7 |
| 41. | പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിലെ കുടിശ്ശിക 1.72കോടി രൂപ | 3-8 |
| 42. | പത്തുലക്ഷം രൂപ ഒടുക്കിയെങ്കിലും വെള്ളക്കര കുടിശ്ശിക കുറവ് ചെയ്തില്ല | 3-9 |
| 43. | ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ (FFC) പ്രവർത്തിക്കുന്നില്ല - 2.5 ലക്ഷം രൂപയുടെ കാർഷിക ഉപകരണങ്ങൾ ഉപയോഗിക്കാതെ നശിക്കുന്നു | 3-10 |
| 44. | മാർക്കറ്റിംഗ് ഫെസിലിറ്റേഷൻ സെന്റർ - 10 ലക്ഷം രൂപയുടെ നിഷ്ക്രീയ നിക്ഷേപം | 3-11 |
| 45. | ആശ്രയ പദ്ധതി - ചലഞ്ച് ഫണ്ട് യഥാസമയം കൈമാറുന്നതിൽ ഗുരുതര വീഴ്ച | 3-12 |
| 46. | സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് യഥാസമയം വിഹിതം ലഭിക്കുന്നില്ല - പെൻഷൻ ഇനത്തിൽ തനത്ഫണ്ട് ചെലവഴിക്കുന്നു | 3-13 |
| 47. | ഭവന പുനരുദ്ധാരണ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-14 |
| 48. | ലാപ് ടോപ്പ് വിതരണം ചെയ്യാതെ അവശേഷിക്കുന്നു | 3-15 |
| 49. | പഠനമുറി നിർമ്മാണം - നിബന്ധനകൾ പാലിക്കാത്തവർക്കും ആനുകൂല്യം നൽകി | 3-16 |
| 50. | പ്രൊഫഷണൽ ഡിഗ്രി കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം | 3-17 |
| 51. | പി.എം.എ.വൈ. - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 3-18 |
| 52. | വെറ്ററിനറി പോളി ക്ലിനിക്ക് നിർമ്മാണം അനന്തമായി നീളുന്നു | 3-19 |
| 53. | പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി വാങ്ങിയ ഉപകരണങ്ങൾ പൂർണ്ണമായും വിതരണം ചെയ്തില്ല | 3-20 |
| 54. | ODF പദ്ധതി - കണക്കുകളിൽ അവ്യക്തത – ചെലവ് രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല | 3-21 |
| 55. | ഔഷധി നൽകിയത് ഉപയോഗ യോഗ്യമല്ലാത്ത മരുന്നുകൾ | 3-22 |
| 56. | പ്രവൃത്തികളുടെ ബില്ലിൽനിന്നും VAT ഈടാക്കിയില്ല | 3-23 |
| 57. | കൺവീനർമാർക്ക് അധിക പ്രതിഫലം നൽകിയ ഇനത്തിൽ 76865 രൂപയുടെ നഷ്ടം | 3-24 |
| 58. | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - അപാകതകൾ | 3-25 |
| 59. | ബാരൽ വില ഈടാക്കിയില്ല; നഗരസഭ ഫണ്ടിന് നഷ്ടം | 3-26 |
| 60. | കെട്ടിട ഭാഗങ്ങൾ പൊളിച്ചുമാറ്റിയപ്പോൾ ലഭിച്ച സ്റ്റീൽ ബാറുകൾ (Reinforcement) ലേലം ചെയ്ത് മുതൽ കൂട്ടിയില്ല | 3-27 |
| 61. | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി നിർമ്മാണം - കരാറുകാരന് 15641 രൂപ അധികം പ്രതിഫലം നൽകി | 3-28 |
| 62. | കരാറുകാരന് 8488 രൂപ അധികം പ്രതിഫലം നൽകി | 3-29 |
| 63. | ആവശ്യമായതിലധികം കനത്തിൽ റീകോൺക്രീറ്റിംഗ് നടത്തിയ ഇനത്തിൽ നഗരസഭാ ഫണ്ടിന് നഷ്ടം | 3-30 |
| 64. | കരാറുകാരൻ പ്രവൃത്തി പാതിവഴിയിൽ ഉപേക്ഷിച്ചു | 3-31 |
| 65. | പന്നിവിഴ ഈസ്റ്റ് ഗവ.എൽ.പി.എസ്.മെയിന്റനൻസ് – അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രവൃത്തി നടത്തി | 3-32 |
| 66. | സർക്കാർ ഉത്തരവിന് വിരുദ്ധമായി ഗുണഭോക്തൃസമിതികളെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം ഏൽപ്പിച്ചു | 3-33 |
| 67. | കൺവീനർ പ്രവൃത്തികളുടെ നിർവ്വഹണം സുതാര്യമല്ല | 3-34 |

| | | |
|---|---|---|
| 68. | ടെണ്ടർ ഉറപ്പിച്ച് നിശ്ചിത സമയപരിധിക്കകം എഗ്രിമെന്റ് വയ്ക്കാത്ത കരാറുകാരിൽനിന്നും പിഴ ഈടാക്കിയിട്ടില്ല | 3-35 |
| 69. | എഗ്രിമെന്റ് കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും പിഴ ഈടാക്കിയിട്ടില്ല | 3-36 |
| 70. | സമയബന്ധിതമായി ബിൽ തുക നൽകിയില്ല | 3-37 |
| 71. | അങ്കണവാടികൾക്ക് എൽ.പി.ജി. സിലിണ്ടർ - സബ്സിഡി ഈടാക്കുന്നതിന് നടപടിയില്ല | 3-38 |
| 72. | മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു | 3-39 |
| 73. | പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചില്ല | 3-40 |
| 74. | നഗരസഭയിലെ പ്ലാനിംഗ് കമ്മിറ്റിയെ നോക്കുകുത്തിയാക്കി | 3-41 |
| 75. | മാലിന്യ സംസ്കരണം - അവലോകനം | 3-42 |
| | **ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും** | |
| 76. | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 77. | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 78. | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |
| 79. | വായ്പ/വിനിയോഗം എന്നിവയുടെ വിവരം | 4-4 |
| 80. | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 81. | ഓഡിറ്റ് റിക്കവറി | 4-6 |
| 82. | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 83. | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 84. | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |



# ഭാഗം -1
# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

നഗരസഭയുടെ 2017 -18 വർഷത്തെ ബഡ്ജറ്റ് സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ബഡ്ജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പാസ്സാക്കിയ തീയ്യതി | 21.03.2017 |
| ബഡ്ജറ്റ് ജനറൽ കമ്മറ്റി പാസ്സാക്കിയ തീയ്യതി | 29.03.2017 |
| റിവൈസ്ഡ് ബഡ്ജറ്റ് അംഗീകരിച്ച തീയ്യതി | 24.03.2018 |

അടുത്ത സാമ്പത്തികവർഷം സ്ഥാപനത്തിന് ലഭിക്കാനുള്ള വരവിനങ്ങളും പ്രതീക്ഷിത ചെലവുകളും സമഗ്രമായി അപഗ്രഥിച്ചുവേണം ബജറ്റിൽ പ്രതീക്ഷിത വരവ് ചെലവ് തുകകൾ കണക്കാക്കേണ്ടത്. എന്നാൽ ഇപ്രകാരം ചെയ്യാതിരുന്നതിനാൽ ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്ന വരവ് തുകകളും യഥാർത്ഥത്തിലുള്ള വരവ് തുകകളും തമ്മിൽ വലിയ അന്തരമുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം |
|---|---|---|---|
| മുന്നിരിപ്പ് | 53948490 | 45625134 | -8323356 |
| വരവ് | 260797000 | 230500173 | -30296827 |
| ആകെ | 314745490 | 276125307 | -38620183 |
| ചെലവ് | 309916000 | 239007168 | -70908832 |
| നീക്കിയിരിപ്പ് | 4829490 | 37118139 | 32288649 |

2017-18 വർഷം 26.07കോടി രൂപയുടെ പ്രതീക്ഷിത വരവും 30.99 കോടി രൂപയുടെ ചെലവും കണക്കാക്കിയാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. 2017-18 ലെ വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേമെന്റ് പ്രകാരമുള്ള യഥാർത്ഥ കണക്കുകളും ബജറ്റ് പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ബജറ്റിലെ പ്രതീക്ഷിത വരവ് ചെലവ് തുകകൾ യഥാർത്ഥ കണക്കുമായി താരതമ്യം ചെയ്യുമ്പോൾ 3.86 കോടി രൂപയുടെ അന്തരമുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ ചട്ടപ്രകാരമുള്ള എല്ലാ നടപടികളും പാലിക്കേണ്ടതാണ്. മുൻവർഷത്തെ യഥാർത്ഥ കണക്കുകളെ ആധാരമാക്കി തുടർവർഷത്തെ വരവ് ചെലവ് കണക്കുകൾ കൃത്യമായി തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

# 1-2 ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ

- *പേഴ്സണൽ രജിസ്റ്റർ*: ഓഫീസ് സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പേഴ്സണൽ രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാൽ തപാലുകളും, വിവിധ സേവനങ്ങൾക്കുള്ള അപേക്ഷകളും സെക്ഷനുകൾ യഥാസമയം തീർപ്പാക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല.

- *ആസ്ത്ി രജിസ്റ്റർ:* ആസ്തികളുടെ കണക്കെടുപ്പ് നടത്തി ആസ്തി രജിസ്റ്റർ കൃത്യമാക്കുന്നതിനും ഡിജിറ്റലൈസ് ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല.

- *രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല*: വസ്തുനികുതി, ഡി.&ഒ. ലൈസൻസ്, തൊഴിൽ നികുതി എന്നീ വരവിനങ്ങളുടെ രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. അതിനാൽ കുടിശ്ശികയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

- *ഇൻക്യുംബൻസി മാസ്റ്റർ രജിസ്റ്റർ:* ഇൻക്യുംബൻസി മാസ്റ്റർ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. അതിനാൽ ഓഡിറ്റ് കാലയളവിൽ സേവനമനുഷ്ഠിച്ച നിർവ്വഹണ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവരുടെ വിവരം നഗരസഭയിൽ സൂക്ഷിക്കുന്നില്ല.

- *സ്യൂട്ട് രജിസ്റ്റർ:* കേസുകളുടെ നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്ന സ്യൂട്ട് രജിസ്റ്റർ നിശ്ചിത മാതൃകയിൽ എഴുതി സൂക്ഷിക്കുന്നില്ല. തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉപേക്ഷ മൂലം കേസുകളിൽ പ്രതികൂല വിധിയുണ്ടായാൽ ആയതിന് സ്ഥാപന മേധാവിയും കാര്യനിർവ്വഹണ ഉദ്യോഗസ്ഥരും ഉത്തരവാദികളായിരിക്കുമെന്ന് 20.12.2016-ലെ സർക്കുലർ നം.1068103(3) ഡി.എ.2/2016/ത.സ്വ.ഭ.വ പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഈ വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു. സ്യൂട്ട് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

# 1-3 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക | ഓഡിറ്റിൽ ലഭിക്കേണ്ട | ലഭിച്ച |
|---|---|---|

| | | |
|---|---|---|
| വർഷം | തീയതി | തീയതി |
| 2017-18 | 31.07.2018 | 31.07.2018 |

# 1-4 വാർഷിക ധനകാര്യപത്രികയുടെ പരിശോധന

2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ചുവടെ പറയുന്ന ന്യൂനതകൾ ഉണ്ട്.

1. State Bank of India (Ac.No. 9289) - വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരിപ്പ് ബാങ്ക് ബുക്ക്, പാസ്സ് ബുക്ക് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. Axis Bank (Ac.No. 4847) വാർഷിക ധനകാര്യ പത്രിക പ്രകാരം നീക്കിയിരിപ്പ് 5670020 ആണ്. എന്നാൽ പാസ്സ് ബുക്ക് പ്രകാരം ആയത് 6035020 ആണ്. SBI-Biodiversity - നീക്കിയിരിപ്പ് 419351 ആണ്. 420000 രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
2. Treasury Savings Bank (Ac.No. 9), ICICI Bank (Ac.No. 0473) എന്നീ അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല. പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് (Ac.No. 2765), ട്രഷറി സ്പെഷ്യൽ ഫണ്ട്, എം.പി., എം.എൽ.എ. ഫണ്ട്, പോസ്റ്റോഫീസ് സേവിങ്സ് ബാങ്ക് എന്നീ അക്കൗണ്ടുകളുടെ പാസ്സ്ബുക്ക് ലഭ്യമാക്കിയിട്ടില്ല.
3. തൊഴിൽ നികുതി, വസ്തുനികുതി, ബിൽഡിംഗ് പെർമ്മിറ്റ്, ഡി.&ഒ. ലൈസൻസ് എന്നീ വരവിനങ്ങളുടെ വാർഷിക ഡി.സി.ബി തയ്യാറാക്കിയിട്ടില്ല. വസ്തുനികുതി ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഡിമാന്റ്, ബാലൻസ് തുകകൾ കൃത്യമല്ല. ലൈബ്രറി സെസ്സ് ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയും കൃത്യമല്ല.
4. വികസനഫണ്ട് (ജനറൽ, എസ്.സി.പി.), ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട് (റോഡിതരം) എന്നീ ഇനങ്ങളുടെ വരവായി ഷെഡ്യൂൾ RP-6 ൽ കാണിച്ച തുകകൾ ACR-മായി പൊരുത്തപ്പെടുന്നില്ല.
5. Excess of income over expenditure എന്ന ശീർഷകത്തിൽ കാണിച്ചിട്ടുള്ള തുക കൃത്യമല്ല.
6. capital work in progress- എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുക (B-11) കൃത്യമല്ല.
7. തൻവർഷ കുടിശ്ശിക തുകകൾക്ക് I-16ൽ പ്രൊവിഷൻ നൽകിയിട്ടില്ല.
8. ആസ്തികൾക്ക് തൻവർഷത്തെ ഡിപ്രീസിയേഷൻ (B-11) കണക്കാക്കിയിട്ടില്ല.
9. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല ആയതിനാൽ ഈ ഇനത്തിൽ തിരികെ നൽകാൻ അവശേഷിക്കുന്ന തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
10. അഡ്വാൻസ് രജിസ്റ്ററിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകളുടെ വർഷം തിരിച്ചുള്ള സംക്ഷിപ്തം ഉൾപ്പെടുത്തിയിട്ടില്ല.
11. KWA, KSEB എന്നീ ഏജൻസികൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നൽകിയ തുകയുടെ വിവരം B-18-ൽ ഉൾപ്പെടുത്തിയിട്ടില്ല.
12. ഗുണഭോക്താവ് തിരികെ ഒടുക്കിയ സബ്സിഡി തുക 292935രൂപ B-4-ൽ ഗുണഭോക്തൃവിഹിതം ഇനത്തിൽ ഉൾപ്പെടുത്തിയത് തെറ്റാണ്.

# 1-5 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 45625134 |
| വരവ് | 230500173 |
| | |

| | |
|---|---|
| ആകെ | 276125307 |
| ചെലവ് | 239007168 |
| നീക്കിബാക്കി | 37118139 |

# 1-6 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 29433000 | 29433000 | 22637735 | 6795265 | 76.91 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 12172000 | 12172000 | 7454297 | 4717703 | 61.24 |
| സി.എഫ്. സി ഗ്രാന്റ് | 0 | 39324663 | 39324663 | 38535798 | 788865 | 97.99 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 11548038 | 11548038 | 11548038 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 6489017 | 6489017 | 5371788 | 1117229 | 82.78 |
| വികസനഫണ്ട് (ലോക ബാങ്ക് സഹായം) | 0 | 5461271 | 5461271 | 5461271 | 0 | 100 |

# 1-7 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 223 | 151 | ഇല്ല | 72 | 67.71 |

**പദ്ധതി നിർവ്വഹണ വിവരങ്ങൾ**

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | പൂർണ്ണമായി/ഭാഗികമായി നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അകെ തുക | എണ്ണം | ചെലവ് തുക | ചെലവ് % |
| ഉല്പാദനം | 32 | 28490057 | 28 | 19731953 | 69.26 |
| സേവനം | 67 | 52090156 | 37 | 29377454 | 56.4 |
| പശ്ചാത്തലം | 124 | 67552236 | 86 | 41899520 | 62.03 |
| ആകെ | 223 | 148132449 | 151 | 91008927 | 61.44 |

# 1-8 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 26523756 | 25466137 | -1057619 | -4 |
| നികുതിയേതര വരവുകൾ | 14490074 | 15864440 | 1374366 | 9 |
| മറ്റ് വരവുകൾ | 555265 | 0 | -555265 | -100 |
| ആകെ | 41569095 | 41330577 | -238518 | -1 |

നികുതി നികുതിയേതര വരുമാനത്തിൽ തൻവർഷം ഇടിവുണ്ടായിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണ നടപടികൾ പ്രാരംഭ ഘട്ടത്തിൽ മാത്രം നിൽക്കുന്നതിനാൽ കുടിശ്ശികയിനത്തിൽ വൻതുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. പ്രസ്തുത നടപടികൾ അടിയന്തിരമായി പൂർത്തിയാക്കി വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-9 സാമൂഹ്യക്ഷേമ പദ്ധതികൾ

**എ) ക്ഷേമപെൻഷൻ**

2017-18 സാമ്പത്തിക വർഷം ക്ഷേമപെൻഷനു വേണ്ടി ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 109 | 81000 |
| കർഷക തൊഴിലാളി പെൻഷൻ | 192 | 592500 |
| വിധവാ പെൻഷൻ | 925 | 2951400 |
| വാർദ്ധക്യക്കാല പെൻഷൻ | 1780 | 5853900 |
| വികലാംഗ പെൻഷൻ | 221 | 713100 |
| 50 വയസ്സിന് മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 54 | 175200 |

**ബി) അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി**

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 2324385 | 2862111 | 5186496 | 2057655 | 3128841 |

# 1-10 ദുരിതാശ്വാസ നിധി

മുനിസിപ്പൽ പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിത നിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, 2003-ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ, ചട്ടം 3(1) പ്രകാരം മുനിസിപ്പൽ ചെയർമാന്റെയും സെക്രട്ടറിയുടെയും പേരിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ട്. ഓഡിറ്റ് തീയതിയിൽ ദുരിതാശ്വാസ നിധിയിൽ 97483രൂപ മാത്രമേ അവശേഷിക്കുന്നുള്ളൂ. ദുരിതാശ്വാസ നിധിയിലേക്ക് ധനസമാഹരണം നടത്തുന്നതിനും അർഹരായവർക്ക് സഹായം എത്തിക്കുന്നതിനും ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-11 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന **27.03.2019 03.30**PM ന് സ്ഥാപനത്തിലെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. **37759**രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.06.2018 | 2016-17 മുതൽ 2017-18 വരെ | 13.08.2018 |
| പെർഫോമൻസ് ഓഡിറ്റ് | 14.02.2011 | 2009-10 | പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചിട്ടില്ലെന്ന് സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുണ്ട്. |

കഴിഞ്ഞ 8 സാമ്പത്തിക വർഷങ്ങളായി പെർഫോർമൻസ് ഓഡിറ്റ് വിഭാഗം അടൂർ നഗരസഭയിൽ പരിശോധന നടത്തിയിട്ടില്ലാ എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 സാമ്പത്തിക നില - അവലോകനം

നഗരസഭയുടെ സാമ്പത്തികനില തൃപ്തികരമല്ല. പൊതു ആവശ്യ ഗ്രാന്റ് ലഭിക്കുന്നതുകൊണ്ടു മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് എന്നിവ മുടക്കം കൂടാതെ നൽകാൻ കഴിയുന്നത്. നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ തനത് വരവ് – ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു (Income & Expenditure Statement പ്രകാരമുള്ളത്). കണക്കുകൾ പ്രകാരം നഗരസഭയുടെ ധനകമ്മി 14176554 രൂപയാണ്.

| ഇനം (വരവ്) | തുക | ഇനം (ചെലവ്) | തുക |
|---|---|---|---|
| നികുതി വരുമാനം | 25466137 | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 38146329 |
| നികുതിയേതരം | 15371500 | അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ | 9110785 |
| പലിശ | 490840 | ഓപ്പറേഷൻസ് & മെയിന്റനൻസ് | 8238864 |
| | | മറ്റ് ചെലവുകൾ | 9053 |
| **ആകെ** | 41328477 | **ആകെ** | 55505031 |
| | | | |

| | | | |
|---|---|---|---|
| | | മിച്ച ഫണ്ട് | (-)14176554 |

തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളും ഉത്തരവാദിത്വങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് മതിയായ തനത് ഫണ്ട് ആവശ്യമാണ്. ദൈനംദിന ചെലവുകൾ വർദ്ധിക്കുമ്പോഴും അതിനനുസൃതമായി വരുമാന വർദ്ധനവ് ഉണ്ടാകാത്തതുമൂലം നഗരസഭയിൽ നിക്ഷിപ്തമായ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിന് സ്ഥാപനത്തിന് കഴിയാതെ വരുന്നു. നഗരസഭയുടെ പ്രധാന വരുമാന സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം പൂർണ്ണമായും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല. തൊഴിൽനികുതി,വസ്തുനികുതി,ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നുള്ള വാടക എന്നീ ഇനത്തിൽ തൻവർഷവും മുൻവർഷവും ഗണ്യമായ തുക ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. സംയുക്ത പരിശോധന നടത്തിയും ഗാർഹിക കണക്ഷൻ എടുക്കുന്നതിന് സബ്സിഡി നൽകുന്ന പദ്ധതി നടപ്പിലാക്കിയും പൊതുടാപ്പുകളുടെ എണ്ണം പരിമിതപ്പെടുത്തി വെള്ളക്കരം ഇനത്തിലുള്ള ചെലവ് നിയന്ത്രിക്കാവുന്നതാണ്. നിയമം മൂലം പ്രാദേശിക സർക്കാരുകളിൽ അർപ്പിതമായിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് സ്ഥാപനങ്ങൾ സ്വയംപര്യാപ്തമാകേണ്ടത് അനിവാര്യമാണ്. തനത് വരുമാനം കൂട്ടുന്നതിനുള്ള ക്രിയാത്മക നടപടികൾ സ്വീകരിക്കുന്നതിന് കൗൺസിലിനോട് ശുപാർശ ചെയ്യുന്നു.

# 2-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ 3.12 ലക്ഷം രൂപ ഈടാക്കാൻ അവശേഷിക്കുന്നു

നഗരസഭ പരിധിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള മൊബൈൽടവറുകളുടെ വസ്തുനികുതി വർഷങ്ങളായി ഈടാക്കാത്തതിനാൽ നഗരസഭയ്ക്ക് ഗണ്യമായ വരുമാനനഷ്ടം ഉണ്ടായിട്ടുണ്ട്. കേരള മുൻസിപ്പാലിറ്റി വസ്തുനികുതി ചട്ടങ്ങൾ 01.04.2011 മുതലാണ് പ്രാബല്യത്തിൽ വന്നത്. ജി.ഒ.(ആർ.റ്റി)നം.17/2011/തസ്വഭവ, തീയതി 14.01.2011 നമ്പർ ഉത്തരവ് പ്രകാരം മൊബൈൽടവറുകൾക്ക് ബാധകമായ കുറഞ്ഞ വസ്തുനികുതി ച.മീറ്ററിന് 400 രൂപയും കൂടിയ വസ്തുനികുതി 500 രൂപയുമാണ്. മുനിസിപ്പൽ കൗൺസിലിന്റെ 31.07.2012-ലെ I-ാം നമ്പർ തീരുമാനം അനുസരിച്ച് പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനത്തിൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി ച.മീറ്ററിന് 500 രൂപ നിരക്കിലാണ് നിശ്ചയിച്ചിരിക്കുന്നത്. വസ്തുനികുതി ഈടാക്കുവാൻ അവശേഷിക്കുന്ന ടവറുകളുടെയും അവയിൽനിന്ന് ഈടാക്കുവാനുള്ള വസ്തുനികുതി കുടിശ്ശികയുടെയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | മൊബൈൽടവറുകളുടെ വിശദാംശം | വർഡ് നമ്പർ/ കെട്ടിട നമ്പർ | പ്രതിവർഷ നികുതി തുക | കാലയളവ് | 31/03/2018 വരെയുള്ള കുടിശ്ശിക |
|---|---|---|---|---|---|
| 1 | എസ്കോട്ടൽ മൊബൈൽ ടവർ | 4/208(1) | 19584 | 2014-15 – 2017-18 | 78336 |
| 2 | വയർലെസ് ടി.ടി. ഇൻഫോ സർവ്വീസ് | 15/492(5) | 17880 | 2014-15 – 2017-18 | 71520 |
| 3 | വയർലെസ് ടിടി ഇൻഫോ സർവ്വീസ് | 20/175(5) | 17880 | 2016-17 - 2017-18 | 35760 |
| 4 | മാനേജർ, എ.എസ്. ഭാരതി ലിമിറ്റഡ്, മാറാട് പി.ഒ., കൊച്ചി | 7/44(1) | 6240 | 2016-17 - 2017-18 | 12480 |
| 5 | മാനേജർ, ഡിഷ്നെറ്റ് വയർലെസ് ലിമിറ്റഡ് | 18/379(1) | 17880 | 2017-18 | 17880 |
| 6 | ഇൻഡസ് ടവർ ലിമിറ്റഡ് | 17/1442(14) | 17880 | 2014-15 – 2017-18 | 78336 |
| 7 | ഇൻഫ്രാ ടെൽ ലിമിറ്റഡ് | 11/5402) | 17880 | 2017-18 | 17880 |

| | ആകെ | | | | 312172 |
|---|---|---|---|---|---|

കുടിശ്ശിക തുക പൂർണ്ണമായി പിരിച്ചെടുക്കുന്നതിനായി പ്രോസിക്ക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-3 നഗരസഭാ പരിധിയിൽ സ്ഥാപിച്ചിരിക്കുന്ന എല്ലാ മൊബൈൽ ടവറുകളുടേയും വസ്തുനികുതി നിർണ്ണയിച്ചില്ല

(എ) വസ്തുനികുതി അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം നഗരസഭാ പരിധിയിലെ 8 മൊബൈൽ ടവറുകളുടെ വസ്തുനികുതി മാത്രമാണ് അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം അസസ്സ് ചെയ്തിരിക്കുന്നത്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | മൊബൈൽടവറുകളുടെ വിശദാംശം | വർഡ്നമ്പർ/ കെട്ടിടനമ്പർ |
|---|---|---|
| 1 | എസ്കോട്ടൽ മൊബൈൽ ടവർ | 4/208(1) |
| 2 | വയർലെസ് ടിടി ഇൻഫോ സർവ്വീസ് | 15/492(5) |
| 3 | വയർലെസ് ടിടി ഇൻഫോ സർവ്വീസ് | 20/175(5) |
| 4 | മാനേജർ, എ.എസ്.ഭാരതി ലിമിറ്റഡ്, മാറാട് പി.ഒ., കൊച്ചി | 7/44(1) |
| 5 | മാനേജർ, ഡിഷ്നെറ്റ് വയർലെസ് ലിമിറ്റഡ് | 18/379(1) |
| 6 | ഇൻഡസ് ടവർ ലിമിറ്റഡ് | 17/1442(14) |
| 7 | ഇൻഫ്രടെൽ ലിമിറ്റഡ് | 11/5402) |
| 8 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 5/27(1) |

വസ്തുനികുതി അസസ്സ് ചെയ്തിരിക്കുന്ന മൊബൈൽ ടവറുകളിൽ ഒരു BSNL ടവറുപോലും ഉൾപ്പെട്ടിട്ടില്ല. സർക്കുലർ നമ്പർ 11414/ആർ.ഡി.2/2010/ത.സ്വ.ഭ.വ., തീയതി 30.10.2010 പ്രകാരം ബി.എസ്.എൻ.എൽ. ടവറുകളെ പെർമിറ്റ് ഫീസിൽനിന്ന് ഒഴിവാക്കിയിട്ടുണ്ടെങ്കിലും ഇവയ്ക്ക് വസ്തുനികുതി ബാധകമാണ്. ബി.എസ്.എൻ.എൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ലാത്തതിനാൽ മുനിസിപ്പാലിറ്റിക്ക് ഗണ്യമായ വരുമാനനഷ്ടം ഉണ്ടാകുന്നു. കേരള

മുനിസിപ്പാലിറ്റി വസ്തുനികുതി ചട്ടങ്ങൾ 01.04.2011 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ജി.ഒ.(ആർ.റ്റി)നം.19/2011/ ത.സ്വ.ഭ.വ., തീയതി 14.01.2011 പ്രകാരം മൊബൈൽ ടവറുകൾക്ക് ബാധകമായ പരമാവധി വസ്തുനികുതി ച.മീറ്ററിന് 500 രൂപയാണ്. ഈ നിരക്കിൽ ബി.എസ്.എൻ.എൽ ടവറുകൾക്ക് വസ്തുനികുതി നിർണ്ണയിച്ച് കുടിശ്ശികയടക്കം ഈടാക്കേണ്ടതാണ്.

(ബി) അടൂർ നഗരസഭ ഓഫീസിന് 100മീറ്റർ ചുറ്റളവിൽ സ്ഥിതിചെയ്യുന്ന റവന്യൂ ടവറിന് മുകളിൽ സ്ഥാപിച്ചിട്ടുള്ള രണ്ട് മൊബൈൽ ടവറുകളുടെ തറവിസ്തീർണ്ണം നഗരസഭയുടെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ഭൗതിക പരിശോധന നടത്തി. ടവറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചിരിക്കുന്ന തറയുടെ വിസ്തീർണ്ണം അളന്നു തിട്ടപ്പെടുത്തുകയും ചെയ്തു. ഇതു സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം | ടവറിന്റെ വിവരങ്ങൾ | വാർഡ് | മൊബൈൽ ടവർ ബേസിന്റെ ആകൃതി | മൊബൈൽ ടവർ ബേസിന്റെ അളവുകൾ | വിസ്തീർണ്ണം കണക്കാക്കിയത് | അനുവബന്ധ കെട്ടിടങ്ങളുടെ വിസ്തീർണ്ണം |
|---|---|---|---|---|---|---|
| 1 | ഇൻഡസ് ടവേഴ്സ് | 4 | സമഭുജ ത്രികോണം | ഒരു വശം 3.8മീ. | 6.2 ച.മീ. | ജനറേറ്റർ റൂം 3x4=12 ച.മീ. |
| 2 | ഇൻഡസ് ടവേഴ്സ് | 4 | സമഭുജ ത്രികോണം | ഒരു വശം 3.6മീ. | 5.6 ച.മീ. | ജനറേറ്റർ റൂം 3x4=12 ച.മീ. |

അസസ്സ്മെന്റ് രജിസ്റ്റർപ്രകാരം 4-ാം വാർഡിൽ ഒരു മൊബൈൽ ടവർ (എസ്കോട്ടൽ ) മാത്രമാണ് പ്രവർത്തിക്കുന്നത്. മേൽ പറഞ്ഞ4-ാം വാർഡിൽ സ്ഥിതിചെയ്യുന്ന റവന്യൂ ടവറിന്റെ മുകളിൽ സ്ഥാപിച്ചിരിക്കുന്ന ഇൻഡസ് ടവേഴ്സിന്റെ 2 മൊബൈൽ ടവറുകളും അസസ്സ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുന്നില്ല. ഇതുപോലെ നിരവധി ടവറുകൾ അസസ്സ് ചെയ്യാതെ പ്രവർത്തിക്കുന്നതിന് സാധ്യതയുണ്ട്. ആയതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പ് 19.10.2014-ൽ പുറപ്പെടുവിച്ച സർക്കുലർ നം.40395/RC2/2014/LSGD വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ പ്രകാരം അനധികൃത മൊബൈൽ ടവറുകൾ കണ്ടെത്തുന്നതിന് സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിക്കേണ്ടതാണ്. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ടവറുകൾ സംബന്ധിച്ച വിവരം വാർഡ് കൗൺസിലർമാരുടെ സഹായത്തോടെ കണ്ടെത്തി അസസ്സ് ചെയ്ത് വസ്തുനികുതി ഈടാക്കുന്നതിന് അടിയന്തിര ശ്രമം ഉണ്ടാകേണ്ടതാണ്.

# 2-4 വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത - നഗരസഭയ്ക്ക് വരുമാന നഷ്ടം

സ.ഉ.(അ.)നം.18/2011/ത.സ്വ.ഭ.വ തീ.14.01.2011 പ്രകാരമുള്ള 2011-ലെ കേരള മുനിസിപ്പലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 2 (എഫ്.) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു. എന്നാൽ 4-ാം ചട്ടം, 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ.

മേൽപ്പറഞ്ഞ നിയമവും ചട്ടവും പ്രകാരം ഒരു കെട്ടിട ഉടമയുടെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടത്.

14.01.2011ലെ സർക്കാർ ഉത്തരവ് (അച്ചടി)നം.17/2011/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിനെ ത്തുടർന്ന് അടൂർ നഗരസഭാ പ്രദേശത്ത് ബാധകമാകുന്ന വസ്തുനികുതി നിരക്ക് നഗരസഭ വിജ്ഞാപനം ചെയ്തിട്ടുണ്ട് (വിജ്ഞാപനം നം.R1-2417/11തീയതി 31.07.2012). ഇതു പ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിരക്ക് ചുവടെ ചേർക്കുന്നു.

| ഇനം | നികുതി നിരക്ക് | |
|---|---|---|
| വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 100m$^2$ വരെ - ₹65 | 100m$^2$ ന് മുകളിൽ - ₹90 |
| സൂപ്പർ മാർക്കറ്റ് | 200m$^2$ വരെ - ₹70 | 200m$^2$ ന് മുകളിൽ - ₹130 |

എന്നാൽ വസ്തുനികുതി അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണയിക്കുകയും100ച.മീറ്ററിന് മുകളിലുള്ള കെട്ടിടത്തിന് ബാധകമാകേണ്ട 90 രൂപ നിരക്കിന് പകരം 100ച.മീറ്ററിന് താഴെയുള്ള കെട്ടിടത്തിന് ബാധകമാകേണ്ട 65 രൂപ നിരക്കിൽ നികുതി ഈടാക്കിയതായി കാണുന്നു. 2017-18സാമ്പത്തിക വർഷം ഇപ്രകാരം തെറ്റായി നികുതി നിർണ്ണയം നടത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നമ്പർ/ കെട്ടിട നമ്പർ/ ഉടമയുടെ പേര് | കെട്ടിടത്തിന് നിശ്ചയിച്ച നികുതി നിരക്ക് | | | | കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി നിരക്ക് | | | | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|---|---|
| | | നികുതി | വർദ്ധന | ഇളവ് | ആകെ | നികുതി | വർദ്ധന | ഇളവ് | ആകെ | |
| 1 | 17/88 തോമസ് മോനച്ചൻ | 59.14x65=3844 | 769 (20%) | | 4613 | 59.14x90=5322 | 20% =1064 | | 6386 | 1773 |
| 2 | 17/88(1) തോമസ് മോനച്ചന് | 74.40x65=4836 | 967 (20%) | | 5803 | 74.4x90=6696 | 1339 | | 8035 | 2232 |
| 3 | 17/88(1) തോമസ് മോനച്ചന് | 56.16x65=3650 | 730 (20%) | | 4381 | 56.16x90=5054 | 1011 | | 6065 | 1684 |
| 4 | 17/1354(8) ലത്തീഫ് | 62.07x65=4035 | 807 (20%) | | 4842 | 62.07x90=5586 | 20% =1117 | - | 6703 | 1861 |
| 5 | 17/1354(9) ലത്തീഫ് | 34.53x65=2245 | 449 (20%) | | 2694 | 34.53x90=3108 | 622 | | 3730 | 1036 |
| 6 | 17/1354(10) | 34.53x65=2245 | 449 | | 2694 | 34.53x90=3108 | 622 | | 3730 | 1036 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | ലത്തീഫ് | | (20%) | | | | | | | |
| 7 | 17/1354(5) നവാസ് | 62.76x65=4080 | 816 (20%) | | 4896 | 62.76x90=5648 | 1130 | - | 6778 | 1882 |
| 8 | 17/1354(6) നവാസ് | 35.25x65=2291 | 458 (20%) | | 2749 | 35.25x90=3172 | 634 | | 3806 | 1057 |
| 9 | 17/1354(7) നവാസ് | 35.25x65=2291 | 458 (20%) | | 2749 | 35.25x65=3172 | 634 | | 3806 | 1057 |
| 10 | 17/796(2) റ്റില്ലി ജോർജ്ജ് | 58x65=3770 | 1131 (30%) | | 4901 | 58x90=5220 | 1566 | | 6786 | 1885 |
| 11 | 17/796(8) റ്റില്ലി ജോർജ്ജ് | 93.94x65=6106 | 1832 (30%) | | 7934 | 93.94x90=8455 | 2536 | | 10991 | 3056 |
| 12 | 17/796(9) റ്റില്ലി ജോർജ്ജ് | 69.06x65=4488 | 1347 (30%) | | 5836 | 69.06x90=6215 | 1864 | | 8079 | 2243 |
| 15 | 18/65(14) ഷീല വർഗ്ഗീസ് | 37.59x65=2443 | 733 (30%) | | 3176 | 37.59x130=4887 | 1466 | | 6353 | 3177 |
| വാർഡ് നമ്പർ 18കെട്ടിട നമ്പർ 65 (15, 16) എന്നിവയ്ക്ക് 200m$^2$ കടുതൽ വിസ്തൃതിയുള്ള സൂപ്പർമാർക്കറ്റിന് ബാധകമായ130 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത് | | | | | | | | | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം.12/2019, തീ.20.03.2019) നികുതി നിർണ്ണയത്തിലെ അപാകത പരിഹരിക്കുന്നതാണെന്ന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.നികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് പുതുക്കിയ നിരക്കിലുള്ള നികുതി ഈടാക്കേണ്ടതും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

# 2-5 ഉപയോഗക്രമം അനുസരിച്ച് വസ്തുനികുതി നിർണ്ണയിച്ചില്ല - 68048 രൂപയുടെ നഷ്ടം

(1) 200 ചതുര ശ്രമീറ്ററിന് മുകളിൽ തറവിസ്തീർണമുള്ള സൂപ്പർമാർക്കറ്റുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് നിയമാനുസൃതമായ വസ്തുനികുതി ഈടക്കുന്നില്ല. 14.01.2011-ലെ സർക്കാർ ഉത്തരവ് (അച്ചടി) നം.17/2011/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിനെ തുടർന്ന് അടൂർ നഗരസഭാ പ്രദേശത്ത് ബാധകമാകുന്ന വസ്തുനികുതി നിരക്ക് നഗരസഭ വിജ്ഞാപനം ചെയ്തിട്ടുണ്ട് (വിജ്ഞാപനം നം.R1-2417/11തീയതി 31.07.2012). ഇതു പ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിരക്ക് ചുവടെ ചേർക്കുന്നു.

| ഇനം | നികുതി നിരക്ക് | |
|---|---|---|
| വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 100m$^2$ വരെ - ₹65 | 100m$^2$ ന് മുകളിൽ - ₹90 |
| സൂപ്പർ മാർക്കറ്റ് | 200m$^2$ വരെ - ₹70 | 200m$^2$ ന് മുകളിൽ - ₹130 |

(എ) ശ്രീ മുഹമ്മദ് ഹാഷിം, പുത്തൻ ബംഗ്ലാവ്, മഞ്ചുള്ളൂർ എന്നയാളുടെ ഉടമസ്ഥതയിലുള്ളതും നിലവിൽ ANR സൂപ്പർമാർക്കറ്റ് പ്രവർത്തിക്കുന്ന 745 ച.മീ.വിസ്തീർണ്ണമുള്ള കെട്ടിടത്തിന് [വാർഡ് നമ്പർ 17-ൽ കെട്ടിടനമ്പർ 545(1)] 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ബാധകമാകേണ്ട 90 രൂപ നിരക്കിലാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. പുതിയ വസ്തുനികുതി പരിഷ്കരണ ചട്ടങ്ങൾ പ്രകാരം 200ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾക്ക് നഗരസഭ നിശ്ചയച്ചിരിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് 130/$m^2$ പ്രകാരം വസ്തുനികുതിയിനത്തിൽ 47300 രൂപ (32780+14520) നഷ്ടം ഉണ്ടായി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ/ കെട്ടിടനമ്പർ/ ഉടമയുടെ പേര് | കെട്ടിടത്തിന് നിശ്ചയിച്ച നികുതി നിരക്ക് | | | | കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി നിരക്ക് | | | | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|---|
| | നികുതി | വർദ്ധന | ഇളവ് | ആകെ | നികുതി | വർദ്ധന | ഇളവ് | ആകെ | |
| 17/545(1) മുഹമ്മദ് ഹാഷിം | 745x90=67050 | 13410 (20%) | 6705 (10%) | 73755 | 96850 | 19370 (20%) | 9685 (10%) | 106535 | 32780 |

(ബി) ശ്രീ തുളസീധരൻ കുളകണ്ടത്തിൽ കിഴക്കേത്തിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ളതും നിലവിൽ ഫ്രീസ്റ്റൈൽ സൂപ്പർമാർക്കറ്റ് പ്രവർത്തിക്കുന്നതുമായ 330 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടം [വാർഡ് നമ്പർ 17-ൽ കെട്ടിടനമ്പർ1357(4)].

| വാർഡ് നമ്പർ/ കെട്ടിടനമ്പർ/ ഉടമയുടെ പേര് | കെട്ടിടത്തിന് നിശ്ചയിച്ച നികുതി നിരക്ക് | | | | കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി നിരക്ക് | | | | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|---|
| | നികുതി | വർദ്ധന | ഇളവ് | ആകെ | നികുതി | വർദ്ധന | ഇളവ് | ആകെ | |
| 17/1357(4) തുളസീധരൻ | 330x90=29700 | 20% 5940 | 10% 2970 | 32670 | 330x130=42900 | 20% 8580 | 10% 4290 | 47190 | 14520 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം.16/2019, തീ.20.03.2019). സെക്രട്ടറി നൽകിയ മറുപടിയിൽ നികുതി നിർണ്ണയത്തിലെ അപാകത പരിഹരിക്കുന്നതാണെന്ന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് പുതുക്കിയ നിരക്കിലുള്ള നികുതി ഈടാക്കേണ്ടതും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

(2) ശ്രീ കെ.ജി.പ്രേംജിത്ത്, നെടുമല, കണ്ണംക്കോട്, അടൂർ എന്നയാളുടെ അപേക്ഷപ്രകാരം 1237.17ച.മീ വിസ്തീർണ്ണമുള്ള (തറ നിരപ്പ് നിലയും ഒന്നാം നിലയും വാണിജ്യാവശ്യം 813.95ച.മീ.+രണ്ടാം നില പാർപ്പിടം 409ച.മീ. + ടെറസ് റൂം 14.22ച.മീ.) കെട്ടിടത്തിന് 22-12-2016-ലെ പെർമിറ്റ് നം.BA 405/13-14 പ്രകാരം പെർമിറ്റ് നൽകി. കംപ്ലീഷൻ പ്ലാൻ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ നഗരസഭ പ്രസ്തുത കെട്ടിടത്തിന് നമ്പരിട്ട് നൽകി. വസ്തുനികുതി നിർണ്ണയിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ/ കെട്ടിട നമ്പർ/ ഉടമയുടെ പേര് | കെട്ടിടത്തിന് നിശ്ചയിച്ച നികുതി നിരക്ക് | | | | കെട്ടിടത്തിന് നിശ്ചയിക്കേണ്ടി യിരുന്ന നികുതി നിരക്ക് | | | | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|---|
| | നികുതി | വർദ്ധന | ഇളവ് | ആകെ | നികുതി | വർദ്ധന | ഇളവ് | ആകെ | |
| 15/234(3) കെ.ജി. പ്രേംജിത്ത് (രണ്ടാംനില പ്രത്യേകപാർപ്പിടം) | 423.42x50=21171 | 45% 9527 | | 30698 | 423.42x90= 38108 | 45% 17149 | 3811 (രണ്ടാം നിലയുടെ ഇളവ്) | 51446 | 20748 |

ഓഡിറ്റ് ടിം മുനിസിപ്പൽ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ 27-03-2017-ന് നടത്തിയ ഭൗതിക പരിശോധനയിൽ പ്രത്യേക പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിച്ച ഈ കെട്ടിടത്തിന്റെ രണ്ടാം നില നിലവിൽ വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നതായി ബോദ്ധ്യപ്പെട്ടു. 14.01.2011-ലെ സർക്കാർ ഉത്തരവ് (അച്ചടി)നം.17/2011/ത.സ്വ.ഭ.വ.നമ്പർ ഉത്തരവിലെ 17(1) ഉപവകുപ്പ് പ്രകാരം കെട്ടിടത്തിന്റെ ഉപയോഗക്രമമത്തിൽ മാറ്റം വരുത്തുന്ന പക്ഷം കെട്ടിടഉടമ 30 ദിവസത്തിനകം രേഖമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. 17(3) ഉപവകുപ്പ് പ്രകാരം കെട്ടിടത്തിന്റെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. നികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് ഉപയോഗ ക്രമമനുസരിച്ച് പുതുക്കിയ നിരക്കിലുള്ള നികുതി പിഴ സഹിതം ഈടാക്കേണ്ടതും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

# 2-6 സർക്കാർ സ്ഥാപനങ്ങളുടെ വസ്തുനികുതി കുടിശ്ശിക 13.83 ലക്ഷം

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ സർക്കാർ സ്ഥാപനങ്ങളും സർക്കാരിന്റെ ഉടമസ്ഥതയിലുള്ള/ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളും വസ്തുനികുതി അടയ്ക്കുന്നില്ല. ഈയിനത്തിൽ നഗരസഭയ്ക്ക് നികുതി വരുമാനത്തിൽ 1383700 കുറവുണ്ടായി. കുടിശ്ശിക വരുത്തിയ സർക്കാർ സ്ഥാപനങ്ങളുടെ പേരുവിവരവും അവയിൽനിന്ന് വസ്തുനികുതി കുടിശ്ശിക ഇനത്തിൽ ഈടാക്കേണ്ട തുകയുടെ വിശദാംശവും ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | സ്ഥാപനത്തിന്റെ പേര് | നിർണ്ണയിച്ച വസ്തുനികുതി | അവസാനമായി നികുതി ഈടാക്കിയ വർഷം | 2017-18 വരെയുള്ള കുടിശ്ശിക |
|---|---|---|---|---|---|
| 1 | X/243-251 | കേരള വാട്ടർ അതോറിറ്റി - വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് | 90155 | 2003-04 | 1262170 |
| 2 | IV/167-2 | പോലീസ് സ്റ്റേഷൻ, അടൂർ | 10520 | 2014-15 | 31560 |
| 3 | IV/191-1 | പോലീസ് ഇൻസ്പെക്ടറുടെ കാര്യാലയം, അടൂർ | 10500 | 2014-15 | 31500 |
| 4 | VII/465 | ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, പറക്കോട് | 3276 | 2002-03 | 49140 |
| 5 | XVII/1112-1 | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ | 1176 | 2013-14 | 4704 |
| 6 | XV/253 | പി.ഡബ്ല്യൂ.ഡി. റോഡ്സ് സബ് ഡിവിഷൻ, അടൂർ | 771 | 2011-12 | 4626 |
| | | ആകെ | | | 1383700 |

കുടിശ്ശിക തുക അടിയന്തിരമായി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-7 വസ്തുനികുതി നിർണ്ണയത്തിലെ അപാകത; ഹോസ്റ്റൽ കെട്ടിടത്തിന് അധിക നികുതി ചുമത്തി

അടൂർ ഹോളിക്രോസ് ഹോസ്പിറ്റലിലെ നേഴ്സിംഗ് വിദ്യാർത്ഥികൾക്ക് താമസിക്കുന്നതിനുവേണ്ടി നിർമ്മിച്ച ഹോസ്റ്റൽ കെട്ടിടത്തിന് സ്പെഷ്യൽ റെസിഡൻസ് അവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിനുള്ള നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു. വസ്തുനികുതി നിർണ്ണയിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

<table>
<tr><th rowspan="2">വാർഡ് നമ്പർ/കെട്ടിട നമ്പർ/ഉടമയുടെ പേര്</th><th colspan="4">കെട്ടിടത്തിന് നിശ്ചയിച്ച നികുതി നിരക്ക്</th></tr>
<tr><th>നികുതി</th><th>വർദ്ധന</th><th>ഇളവ്</th><th>ആകെ</th></tr>
<tr><td>4/287(1) അഡ്മിനിസ്ട്രേറ്റർ ഹോളി ക്രോസ്സ് ഹോസ്പിറ്റൽ (പ്രത്യേക പാർപ്പിടം)</td><td>3600.52x50=180026</td><td>35%=63009</td><td></td><td>243035</td></tr>
</table>

സ.ഉ(അ)നം.18/2011/ത.സ്വ.ഭ.വ തീ.14.01.2011 പ്രകാരമുള്ള 2011ലെ കേരള മുനിസിപ്പിലിറ്റി (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 5 ഉപ ചട്ടം 1 പ്രകാരം പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്നതിൽ ഹോസ്റ്റലുകളും ഉൾപ്പെടുന്നു. അതുപ്രകാരം മേൽപറഞ്ഞ ഹോസ്റ്റൽ കെട്ടിടത്തിന്റെ നികുതി ചുവടെ പറയും പ്രകാരം നിർണ്ണയിക്കേണ്ടതാണ്.

<table>
<tr><th>വാർഡ് നമ്പർ/</th><th colspan="4">കെട്ടിടത്തിന് നിശ്ചയിച്ച നികുതി നിരക്ക്</th><th colspan="5">കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി നിരക്ക്</th></tr>
<tr><th>കെട്ടിട നമ്പർ/ ഉടമയുടെ പേര്</th><th>നികുതി</th><th>വർദ്ധന</th><th>ഇളവ്</th><th>ആകെ</th><th>നില</th><th>നികുതി</th><th>വർദ്ധന (35%)</th><th>ഇളവ്</th><th>ആകെ</th></tr>
<tr><td rowspan="7">4/287(1) അഡ്മിനിസ്ട്രേറ്റർ ഹോളി ക്രോസ്സ് ഹോസ്പിറ്റൽ (പ്രത്യേക പാർപ്പിടം)</td><td rowspan="7">3600.52x50= 180026</td><td rowspan="7">35% 63009</td><td rowspan="7"></td><td rowspan="7">243035</td><td>താഴെ നില</td><td>880.08$m^2$x12=10561</td><td>3696</td><td>0</td><td>14257</td></tr>
<tr><td>1നില</td><td>885.13$m^2$x12=10622</td><td>3718</td><td>716</td><td>13624</td></tr>
<tr><td>2നില</td><td>866.9$m^2$x12=10403</td><td>3641</td><td>1404.2</td><td>12639.6</td></tr>
<tr><td>3നില</td><td>866.9$m^2$x12=10403</td><td>3641</td><td>2106.3</td><td>11937.7</td></tr>
<tr><td>ടെറസ് നില</td><td>73.63$m^2$x12=884</td><td>309</td><td>238.51</td><td>954</td></tr>
<tr><td>ലിഫ്റ്റ്</td><td>27.88$m^2$x12=335</td><td>117</td><td></td><td>451.6</td></tr>
<tr><td></td><td>ആകെ</td><td></td><td></td><td>53863.9</td></tr>
</table>

മേൽ സൂചിപ്പിച്ച നിരക്കിൽ നികുതി പുനർനിർണ്ണിയിച്ച് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-8 വസ്തുനികുതി പരിഷ്കരണം പൂർത്തിയായില്ല

സ.ഉ.(അ.)നം.18/2011/ത.സ്വ.ഭ.വ., തീ.14.01.2011 പ്രകാരമുള്ള 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം നഗരസഭയ്ക്ക് ബാധകമായ നിരക്കിൽ നഗരസഭാ പരിധിയിലുള്ള എല്ലാ കെട്ടിടങ്ങളുടേയും വസ്തുനികുതി പരിഷ്കരിക്കേണ്ടതുണ്ട്. എന്നാൽ നഗരസഭയിലെ വസ്തുനികുതി സംബന്ധിച്ച രേഖകളും സഞ്ചയസോഫ്റ്റ് വെയറും പരിശോധിച്ചതിൽ പരിഷ്കരണ നടപടികൾക്ക് കാര്യമായ പുരോഗതി നാളിതുവരെ കൈവരിക്കുവാൻ സാധിച്ചിട്ടില്ല. സമയബന്ധിതമായി നികുതി പരിഷ്കരണം നടപ്പിലാക്കാത്തതിനാൽ വൻതോതിലുള്ള വരുമാന ചോർച്ചയാണ് നഗരസഭയ്ക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

ആകെ 28വാർഡുകളുള്ള നഗരസഭയിലെ 25 വാർഡുകളിലെ ഏകദേശം 15892കെട്ടിടങ്ങളുടെ നമ്പറിംഗും വിവരശേഖരണവുമാണ് നിലവിൽ പൂർത്തിയായിട്ടുള്ളത്. ഇതിൽതന്നെ 10441 കെട്ടിടങ്ങളുടെ ഫോറം6 എൻട്രി മാത്രമാണ് പൂർത്തിയായിരിക്കുന്നത്. ഇനിയും 3വാർഡുകളിലെ വിവരശേഖരണവും 5451 ഫോറം6 ഡേറ്റാ എൻട്രിയും പൂർത്തിയാകുവാൻ ബാക്കിയുണ്ട്. അടൂർ നഗരസഭാ പ്രദേശത്ത് ബാധകമാകുന്ന വസ്തുനികുതി നിരക്ക് നഗരസഭ വിജ്ഞാപനം ചെയ്തിട്ടുണ്ട് (വിജ്ഞാപനം നം.R1-2417/11തീയതി 31.07.2012) വിജ്ഞാപന പ്രകാരം നഗരസഭയിൽ ഓരോ ഉപയോഗ ക്രമത്തിലുമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നികുതി നിരക്കുകൾ അംഗീകരിച്ച് തീരുമാനിച്ചിരുന്നു. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 5 മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ ബേസ് ഡേറ്റാ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം 8 മൊബൈൽ ടവറുകൾ അസസ്സ് ചെയ്തിട്ടുണ്ട്.

വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിടങ്ങളുടെ അടിസ്ഥാന വിവരങ്ങൾ, വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച വിവരങ്ങൾ എന്നിവ രേഖപ്പെടുത്തുന്നതിന് കുടുംബശ്രീ പ്രവർത്തകരെ ചുമതലപ്പെടുത്താവുന്നതാണെന്ന സർക്കാർ നിർദ്ദേശത്തെ തുടർന്ന് ടി പ്രവൃത്തികൾ ചെയ്യുന്നതിന് നഗരസഭയിലെ കുടുംബശ്രീ യൂണിറ്റിനെ ചുമതലപ്പെടുത്തി 29.01.2014-ന് സെക്രട്ടറി ഉത്തരവിട്ടു. റവന്യൂ ഇൻസ്പെക്ടറുടെ മേൽനോട്ടത്തിൽ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച ഡേറ്റാ എൻട്രി പ്രവൃത്തികൾ 31.03.2014-ന് പൂർത്തീകരിക്കണമെന്ന വ്യവസ്ഥയിലാണ് കുടുംബശ്രീയുമായി നഗരസഭ കരാറിൽ ഏർപ്പെട്ടതെങ്കിലും നാളിതുവരെയും ടി പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല. മേൽനോട്ടച്ചുമതലയുള്ള ജീവനക്കാരുടെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ വീഴ്ചയുണ്ടായിട്ടുണ്ട്.

വസ്തുനികുതി പരിഷ്കരണം പൂർത്തിയാകാത്തതിനാൽ സാംഖ്യ-സഞ്ചയ മാപ്പിംഗ് നടത്തി ഓൺലൈനായി നികുതി സ്വീകരിക്കുന്നതടക്കമുള്ള നടപടികൾ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. പരിഷ്കരണ നടപടികൾ ഈ രീതിയിൽ മുമ്പോട്ട് പോയാൽ ആയത് പൂർത്തിയാക്കി കുടിശ്ശിക സഹിതം വസ്തുനികുതി ഈടാക്കുന്നതിന് വലിയ കാലതാമസം ഇനിയും ഉണ്ടാവുകയും അത് നഗരസഭയുടെ തനത് വരുമാനത്തിൽ വലിയ കുറവുണ്ടാകുന്നതിന് കാരണമാവുകയും ചെയ്യുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മാത്രമല്ല വസ്തുനികുതി പരിഷ്കരണം അനന്തമായി നീണ്ടുപോകുമ്പോൾ കുടിശ്ശിക ഡിമാന്റ് വളരെയധികം വർദ്ധിക്കുകയും കാലഹരണപ്പെട്ട കുടിശ്ശികകൾ കെട്ടിട ഉടമകളിൽ നിന്നും ഈടാക്കുവാൻ സാധിക്കാത്ത സ്ഥിതിവിശേഷം സംജാതമാവുകയും അത് അധികൃതരുടെ ബാദ്ധ്യതയായി തീരുന്നതുമാണ്. ആയതിനാൽ മൊബൈൽ ടവറുകൾ ഉൾപ്പെടെയുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്ക്കരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതുമായി ബന്ധപ്പട്ട വിഷയത്തിൽ നഗരസഭാ കൗൺസിലിന്റേയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതും വരുമാന ചോർച്ചയുണ്ടാകാതെ അടിയന്തിരമായി നികുതി പരിഷ്ക്കരണം പൂർത്തിയാക്കേണ്ടതുമാണ്.

## 2-9 ചട്ടങ്ങൾ ലംഘിച്ചുകൊണ്ടുള്ള വാണിജ്യ കെട്ടിട നിർമ്മാണം

പുനലൂർ-കായംകുളം പാതയിൽ സർവ്വെ നം.812/1-ൽ ഉൾപ്പെട്ട 6.80 ആർ. സ്ഥലത്ത് ശ്രീ കെ.ജി.പ്രേംജിത്ത്, നെടുമല ഹൗസ്, കണ്ണംകോട് എന്നയാൾക്ക് 1238 ച.മീ. വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 22/12/16-ലെ

ബി.എ.405/13-14പ്രകാരം കെട്ടിട നിർമ്മാണ അനുമതി പുതുക്കി നൽകിയിരുന്നു. നിർമ്മാണം പൂർത്തീകരിച്ച് കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചതനുസരിച്ച് ഓവർസിയറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1237.37 ച.മീ. കെട്ടിടത്തിന് ഒക്യുപ്പെൻസി സർട്ടിഫിക്കറ്റ് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. ഒക്യുപ്പെൻസി സർട്ടിഫിക്കറ്റ്, കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ പ്രകാരമുള്ള കെട്ടിടത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിടം | പ്ലിന്ത് ഏരിയ (ച.മീ.) | ഫ്ലോർ ഏരിയ (ച.മീ.) | കാർപെറ്റ് ഏരിയ (ച.മീ.) | ഉപയോഗം |
|---|---|---|---|---|
| ഗ്രൗണ്ട് ഫ്ലോർ | 404.75 | 334.9 | 267.92 | കൊമേർഷ്യൽ |
| ഫസ്റ്റ് ഫ്ലോർ | 409.20 | 369.42 | 295.54 | കൊമേർഷ്യൽ |
| സെക്കൻഡ് ഫ്ലോർ | 409.20 | 372.64 | 298.11 | സ്പെഷ്യൽ റസിഡൻസ് |
| സ്റ്റെയർ റൂം | 14.22 | 14.22 | 11.37 | |

ഓഡിറ്റ് നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ 'നന്തിലത്ത് ജി മാർട്ട്' എന്ന സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിൽ സെക്കൻഡ് ഫ്ലോറും വ്യാപാര ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നതെന്ന് ബോധ്യപ്പെട്ടു. മാത്രവുമല്ല ടെറസ് ഫ്ലോർ ഷീറ്റിട്ട് (truss work) വശങ്ങൾ കെട്ടിയടച്ച് ആയതും വ്യാപാര ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയാണ്. ഒന്നും രണ്ടും നിലകളുടെ വരാന്തകൾ ഗ്ലാസ് ഉപയോഗിച്ച് കെട്ടിയടച്ച് ഗൃഹോപകരണങ്ങൾ സൂക്ഷിച്ചിരിക്കുന്നു. റോഡിന്റെ അതിരിൽ നിന്നും ഒന്നാം നിലയുടെ പ്രൊജക്ഷൻ ലവലിലേയ്ക്ക് 3.5 മീറ്റർ അകലമുണ്ട്. കെട്ടിടത്തിന്റെ മുൻപിലെ തുറന്ന സ്ഥലത്തിന്റെ പരമാവധി വീതി 5 മീറ്റർ ആണ്. ടെറസ് ഫ്ലോറും വ്യാപാര ആവശ്യത്തിന് തന്നെ ഉപയോഗിക്കുന്നതിനാൽ ടി കെട്ടിടത്തിന്റെ ആകെ കാർപ്പറ്റ് ഏരിയ 1159.68ച.മീ ആണ് (267.92+295.54+298.11+298.11).

കെ.എം.ബി.ആർ. ചട്ടം 34(2) പ്രകാരം കാർപെറ്റ് വിസ്തീർണ്ണം 1000ച.മീ. കവിഞ്ഞുള്ളവയ്ക്ക് 50ച.മീ. കാർപെറ്റ് വിസ്തീർണ്ണത്തിന് ഒരു കാർ പാർക്കിംഗ് (15 ച.മീ) ആവശ്യമാണ്. ഇതനുസരിച്ച് ഈ കെട്ടിടത്തിന് ആകെ 24 കാർ പാർക്കിംഗിനുള്ള സ്ഥലം ആവശ്യമാണ് (24x15=360ച.മീ) വൈകല്യമുള്ള വ്യക്തികൾക്കായി കവാടത്തിനടുത്തായി ഒരു കാർ പാർക്ക് ചെയ്യുന്നതിനുള്ള 3.6മീറ്റർ വീതിയിൽ പ്രത്യേകം സ്ഥലം മാറ്റി വയ്ക്കേണ്ടതുണ്ട്. എന്നാൽ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ മുൻവശത്തെ തുറസ്സായ സ്ഥലം (30.5mx5m=152.5) പൂർണ്ണമായും ഉൾക്കൊള്ളുന്ന രീതിയിൽ 11 കാർ പാർക്കിംഗ് ആണ് കാണിച്ചിരിക്കുന്നത്. മുൻവശത്തെ തുറസ്സായ സ്ഥലം പൂർണ്ണമായി പാർക്കിംഗിന് ഉപയോഗിക്കുവാൻ പാടില്ലെന്ന് റൂൾ 34(6)-ലെ വ്യവസ്ഥ പരിഗണിക്കാതെയാണ് കംപ്ലീഷൻ പ്ലാൻ അംഗീകരിച്ചത്. ആകെ പാർക്കിംഗിന്റെ 25% ഇരു ചക്രവാഹനങ്ങളുടെ പാർക്കിംഗിന് മാറ്റി വയ്ക്കണമെന്ന വ്യവസ്ഥ പാലിക്കാതെ 30.13 ച.മീ. സ്ഥലം മാത്രമാണ് കംപ്ലീഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ലോഡിംഗ്, അൺലോഡിംഗ് ആവശ്യത്തിനുള്ള സ്ഥലം ഉൾപ്പെടുത്തിയിട്ടില്ല. വാഹനങ്ങൾ വളഞ്ഞുതിരിയുന്നതിന് സൗകര്യമുണ്ടെങ്കിൽ മാത്രമേ തുറസ്സായ സ്ഥലത്തിന്റെ (front yard) 50 ശതമാനത്തിൽ കവിയാതെയുള്ള സ്ഥലം പാർക്കിംഗിന് ഉപയോഗിക്കാൻ കഴിയൂ. ഇങ്ങനെയില്ലാത്തതിനാൽ വൈകല്യമുള്ള വ്യക്തികൾക്കുള്ള കാർ പാർക്കിംഗ് (5.5x3.6=19.8ച.മീ.), ലോഡിംഗ്/അൺലോഡിംഗ് സ്ഥലം (30ച.മീ.), എന്നീ ആവശ്യങ്ങൾക്ക് മാത്രമേ മുൻവശത്തുള്ള തുറസ്സായ സ്ഥലം ഉപയോഗിക്കുവാൻ കഴിയൂ. മാത്രമല്ല കെട്ടിടത്തിന്റെ മുൻപിലെ തുറസ്സായ സ്ഥലത്ത് ട്രാൻസ്ഫോർമർ, ജനറേറ്റർ എന്നിവയും സ്ഥാപിച്ചിട്ടുണ്ട്. കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം

ആവശ്യമായ പാർക്കിംഗ് സൗകര്യമില്ലാത്ത കെട്ടിടത്തിനാണ് ഒക്യുപ്പെൻസി സാക്ഷ്യപത്രം നൽകി നികുതി നിർണ്ണയിച്ചത്. 15.02.218-ലെ സ.ഉ.(അ.)11/2018/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരമുള്ള 2018-ലെ മുനിസിപ്പൽ അനധികൃത കെട്ടിടങ്ങളുടെ ക്രമവൽക്കരണ ചട്ട പ്രകാരം ആവശ്യമായ പാർക്കിംഗ് ഏരിയയുടെ 25%-ൽ താഴെ മാത്രമേ ഈ കെട്ടിടത്തിന് യഥാർത്ഥത്തിൽ ലഭ്യമാകുന്നുള്ളൂ എന്നതിനാൽ കുറവുള്ള ഓരോ കാർ പാർക്കിംഗിനും 4 ലക്ഷം രൂപ ക്രമത്തിൽ കോംപൗണ്ടിംഗ് ഫീസ് ഈടാക്കേണ്ടതുണ്ട്.

കെ.എം.ബി.ആർ. ചട്ടം 24(7) പ്ലോട്ടിൽ മഴവെള്ളം താഴാനുള്ള ക്രമീകരണം, ചട്ടം 109 എ&ബി പ്രകാരം മഴവെള്ള സംഭരണ സംവിധാനം, ചട്ടം 26എ പ്രകാരമുള്ള മഴവെള്ള സംഭരണ സംവിധാനം എന്നിവയും ഈ കെട്ടിടത്തിനില്ല. എന്നാൽ ഈ സൗകര്യങ്ങൾ എല്ലാം ഒരുക്കിയതായാണ് ഓവർസിയറുടെ പരിശോധനാ റിപ്പോർട്ടിൽ വ്യക്തമാക്കിയിരിക്കുന്നത്.

**ഈ വിഷയം വകുപ്പ് തലത്തിൽ അന്വേഷിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.**

# 2-10 പാർക്കിംഗ് ഏരിയ ഇല്ലാത്ത കെട്ടിടത്തിന് ഒക്യുപ്പെൻസി നല്കി

എം.സി.റോഡിൽ കെ.എസ്.ആർ.റ്റി.സി. ബസ്സ് സ്റ്റാൻഡിന് എതിർ വശത്തായി സർവ്വെ നം.350-3-ൽ ഉൾപ്പെട്ട 7.65 ആർ സ്ഥലത്ത് ശ്രീ. തുളസീധരൻ, കുളക്കണ്ടത്തിൽ കിഴക്കേതിൽ. ഇടയ്ക്കാട് എന്നയാൾക്ക് 175 ച.മീ. വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് നം. ഇ2-ബി.എ2146/16തീയതി 01-04-2016 പ്രകാരം പെർമിറ്റ് നൽകിയിരുന്നു. 7/11/16-ൽ പ്ലിന്ത് ഏരിയ 329.5എം$^2$ (കാർപെറ്റ് ഏരിയ-280എം$^2$) ആയി വർദ്ധിപ്പിച്ചുകൊണ്ട് ടിയാൻ റിവൈസ്ഡ് പ്ലാൻ സമർപ്പിക്കുകയും നഗരസഭാ ഓവർസിയറുടെ 07-11-2016-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുൻസിപ്പൽ എൻജിനീയർ പെർമിറ്റ് നൽകുന്നതിന് ശുപാർശ ചെയ്യുകയും ചെയ്തിരുന്നു. പാർക്കിംഗ് ഏരിയ ആയി കാണിച്ചിരിക്കുന്ന സ്ഥലം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കില്ലെന്ന നോട്ടറി അഫിഡവിറ്റ് ഹാജരാക്കി ആയതിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് അനുവദിക്കാമെന്ന സെക്രട്ടറിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആയത് ഹാജരാക്കുകയും മുനിസിപ്പൽ എൻജിനീയർ പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 280എം$^2$ കാർപെറ്റ് ഏരിയയുള്ള ടി കൊമേർഷ്യൽ കെട്ടിടത്തിന് ആവശ്യമായ പാർക്കിംഗ് ഏരിയയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കാർ പാർക്കിംഗ് - കൊമേർഷ്യൽ - 75 ച. മീറ്ററിന് ഒരു കാർ പാർക്കിംഗ് എന്ന ക്രമത്തിൽ (KMBR Rule 34) | 280/75=3.77=4 കാർ | 4x15=60എം$^2$ |
| ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് കാർ പാർക്കിംഗ്, 40A (5എ) | 1 | 15 എം$^2$ |
| ടൂവീലർ പാർക്കിംഗ് (KMBR Rule 34(3)) | | 15 എം$^2$ |
| ആകെ | 5കാർ പാർക്കിംഗ് + ടൂവീലർ പാർക്കിംഗ് | 90എം$^2$ |

പെർമിറ്റിനായി ഹാജരാക്കിയ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ മുൻവശത്ത് തുറന്ന സ്ഥലത്ത് ആകെ 4 കാർ പാർക്കിംഗ് ആണ് കാണിച്ചിരിക്കുന്നത്. എന്നാൽ ഈ തുറന്ന സ്ഥലത്തിന്റെ ആകെ വിസ്തീർണ്ണം 7.2x8.6=61.92 എം$^2$ മാത്രമാണ്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം ആവശ്യമായ പാർക്കിംഗ് സ്ഥലം ഇല്ലാതെയാണ് പെർമിറ്റ് അനുവദിച്ചത്.

കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ഒക്യുപ്പെൻസിയ്ക്കായി അപേക്ഷ സമർപ്പിച്ചത് പ്രകാരം കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുസരിച്ചാണ് നിർമ്മാണം നടത്തിയത് എന്ന ഓവർസിയറുടെ സ്ഥല പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒക്യുപ്പെൻസി സർട്ടിഫിക്കറ്റ് നൽകുകയും നികുതി നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. (ഒക്യുപ്പെൻസി സർട്ടിഫിക്കറ്റിൽ പ്ലിന്ത് ഏരിയ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു). അംഗീകരിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം 5 കാർ പാർക്കിംഗ് ആണ് കാണിച്ചിരിക്കുന്നത്. ഇതിൽ രണ്ട് എണ്ണം നിർദ്ദിഷ്ട കെട്ടിടത്തിനകത്തായാണ്. നഗരസഭാ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ ഭൗതിക പരിശോധന നടത്തിയതിൽ ഫ്രീസ്റ്റൈൽ മാർജിൻ ഫ്രീ മാർക്കറ്റ് എന്ന സ്ഥാപനം പ്രവർത്തിക്കുന്ന ഈ കെട്ടിടത്തിന്റെ അകത്ത് പാർക്കിംഗ് കാണിച്ചിരിക്കുന്ന സ്ഥലത്ത് സൂപ്പർമാർക്കറ്റ് പ്രവർത്തിക്കുകയാണ്. കെട്ടിടത്തിന്റെ മുൻഭാഗത്ത് തുറന്ന സ്ഥലത്ത് പച്ചക്കറികൾ വിൽപ്പന നടത്തുന്ന കടയും പ്രവർത്തിക്കുന്നുണ്ട്. നഗരസഭാ ഓവർസിയർ അളന്നത് പ്രകാരം കെട്ടിടത്തിന്റെ മുൻവശത്തുള്ള തുറന്ന സ്ഥലത്തിന് 5.5 മീറ്റർ നീളവും 6.30 മീറ്റർ വീതിയുമാണുള്ളത് (34.65എം$^{2}$). ചട്ടം 34(6) പ്രകാരം തുറസായ സ്ഥലത്തിന്റെ പകുതി പാർക്കിംഗിന് ഉപയോഗിച്ചാൽ തന്നെ ഭിന്നശേഷിക്കാരായ വ്യക്തികൾക്കുള്ള ഒരു കാർ പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലം മാത്രമേ ഈ കെട്ടിടത്തിനുള്ളൂ. പാർക്കിംഗ് സ്ഥലം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയില്ല എന്ന നോട്ടറി അഫിഡവിറ്റ് സമർപ്പിച്ചതിനുശേഷം സ്ഥലം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിച്ചതിനെതിരേ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കെട്ടിടത്തിന് ആവശ്യമായ പാർക്കിംഗ് ഏരിയ ഉണ്ടോ എന്നുറപ്പാക്കാതെ പെർമിറ്റ്, ഒക്യുപ്പെൻസി സർട്ടിഫിക്കറ്റുകൾ നൽകിയത് സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തേണ്ടതും, ഉചിതമായ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# 2-11 സെറ്റ് ബാക്ക്, പാർക്കിംഗ് ഏരിയ എന്നിവ ഇല്ലാത്ത കെട്ടിടത്തിന് പെർമിറ്റ് നൽകി

നഗരസഭാ ഓഫീസിന് സമീപം സർവ്വെ നം.326/3-1ൽ ഉൾപ്പെട്ട 2.43 ആർ സ്ഥലത്ത് ശ്രീമതി ഗീത ആർ.എൽ., കൗസ്തുഭം, പറക്കോട് എന്നയാൾക്ക് 243 ച.മീ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് നം. ഇ2-ബി.എ11437/17തീയതി 16-03-2017 പ്രകാരം പെർമിറ്റ് നൽകിയിരുന്നു. ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ നഗരസഭാ ഓവർസിയറുടെ 14-02-2017-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പെർമിറ്റ് നൽകിയത്. ഓവർസിയറുടെ പരിശോധനാ റിപ്പോർട്ടിൽ അപേക്ഷയും പ്ലാനും മുൻസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമാണ്. ആയതിനാൽ നിർമ്മാണ അനുമതി നൽകാവുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കെട്ടിടത്തിന്റെ സെറ്റ് ബാക്കിന്റെ വിവരങ്ങൾ, പാർക്കിംഗ് ഏരിയ എന്നിവ പരിശോധനാ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടില്ല. അംഗീകരിച്ച പ്ലാൻ പ്രകാരം ഒന്നാം നിലയുടെ വരാന്ത, ഭിത്തിയുടെ ലെവലിൽ നിന്നും 1.20മീറ്റർ പുറത്തേയ്ക്ക് തള്ളിയാണ് നിർമ്മിച്ചിരിക്കുന്നത്. മുൻസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം റോഡിൽനിന്നും 3 മീറ്റർ അകലം പാലിച്ചു മാത്രമെ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നൽകാവൂ. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ഒന്നാം നിലയുടെ പ്രൊജക്ഷൻ ലെവലിൽ നിന്നും റോഡിന്റെ അതിരിലേയ്ക്ക് 2.6 മീറ്റർ അകലം മാത്രമാണെന്ന് വ്യക്തമായി. തദ്ദേശഭരണ വകുപ്പിന്റെ 09.01.2001-ലെ 45253/2000/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം 3 മീറ്റർ തുറന്ന സ്ഥലത്തേക്ക് 70 സെ.മീ. വരെയുള്ള സൺഷേഡ് മാത്രമേ അനുവദിക്കൂ എന്നു വ്യക്തമാക്കിയിട്ടുണ്ട്. റോഡിന്റെ അതിര് കൃത്യമായി നിർണ്ണയിക്കുന്നതിനും, ദൂരപരിധി പാലിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിനും പെർമിറ്റ് നൽകുന്നതിനു മുൻപായി പൊതുമരാമത്ത് വകുപ്പിന്റെ അംഗീകാരം വാങ്ങേണ്ടിയിരുന്നു. എന്നാൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും നിർമ്മാണ അനുമതി വാങ്ങിയിട്ടില്ല. പെർമിറ്റ്/അംഗീകരിച്ച പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിടം | പ്ലിന്ത് ഏരിയ (ച. മീ.) | കാർപെറ്റ് ഏരിയ (ച. മീ.) | ഉപയോഗം |
|---|---|---|---|
| ഗ്രൗണ്ട് ഫ്ലോർ | 94.67 | 75.73 | കൊമേഴ്സ്യൽ |
| ഫസ്റ്റ് ഫ്ലോർ | 112 | 89.6 | റസിഡൻഷ്യൽ കെട്ടിടം (*) |

| | | | |
|---|---|---|---|
| സെക്കൻഡ് ഫ്ലോർ | 112 | 89.6 | റസിഡൻഷ്യൽ കെട്ടിടം |
| ആകെ | 318.67 | 254.93 | |

(*) സ്ഥല പരിശോധനയിൽ ഫസ്റ്റ് ഫ്ലോറിലെ മുറികൾക്കും ഗ്രൗണ്ട് ഫ്ലോറിനെപ്പോലെ ഷട്ടറുകളിട്ടതായാണ് കണ്ടത്.

**കാർ പാർക്കിംഗ്**

ടി കെട്ടിടത്തിന്റെ കാർപ്പറ്റ് ഏരിയ 254.93 ച.മീ ആണ്. ആവശ്യമായ കാർ പാർക്കിംഗിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കൊമേർഷ്യൽ കെട്ടിടം (75.73 എം$^2$) | 1 കാർ പാർക്കിംഗ് |
| ഫസ്റ്റ് ഫ്ലോർ & സെക്കൻഡ് ഫ്ലോർ - 4 റസിഡൻഷ്യൽ യൂണിറ്റ് (1 parking for every 3 units) | 2 കാർ പാർക്കിംഗ് |
| വൈകല്യമുള്ള വ്യക്തികൾക്ക് | 1 കാർ പാർക്കിംഗ് |

റൂൾ 34(2) പ്രകാരം ആകെ 4 കാർ പാർക്കിംഗ് ആവശ്യമാണ്. 4കാർ പാർക്കിംഗിന് ആവശ്യമായ വിസ്തീർണ്ണം 60ച.മീ. ആണ്. കൂടാതെ ഇരുചക്ര വാഹനങ്ങളുടെ പാർക്കിംഗിനും സ്ഥലം ആവശ്യമാണ്. കെട്ടിടത്തിന്റെ പ്ലാനിൽ 3 കാർ പാർക്കിംഗ് കാണിച്ചിരിക്കുന്നത് കെട്ടിടത്തിന്റെ മുൻവശത്താണ്. ഇരുചക്ര വാഹനങ്ങളുടെ പാർക്കിംഗിന് പ്ലാനിൽ സ്ഥലം കാണിച്ചിട്ടില്ല. ഓഡിറ്റ് നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ കെട്ടിടത്തിന്റെ മുൻഭാഗത്ത് നിയമപരമായ സെറ്റ്ബാക്കായ 3മീ. തന്നെയില്ല. വാഹനങ്ങൾ വളഞ്ഞുതിരിയുന്നതിനോ പാർക്കിംഗിനോ ആവശ്യമായ തുറസ്സായ സ്ഥലം കെട്ടിടത്തിന്റെ മുൻഭാഗത്തില്ലെന്ന് വ്യക്തമാണ്. നഗരസഭാ ഓഫീസിന് സമീപത്ത് അധികൃതരുടെ കൺമുന്നിലാണ് ഈ ചട്ടലംഘനം നടന്നിട്ടുള്ളതെന്നത് എടുത്തുപറയേണ്ട കാര്യമാണ്. ആവശ്യമായ സെറ്റ് ബാക്ക്, പാർക്കിംഗ് സൗകര്യം എന്നിവയില്ലാതെ പെർമിറ്റ് നൽകിയ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (60/27.3.19) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വകുപ്പ് തലത്തിൽ അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

# 2-12 പാർക്കിംഗ് സ്ഥലം വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു

നഗരസഭാ പ്രദേശത്ത് വാണിജ്യസ്ഥാപനങ്ങളും മറ്റ് ബഹുനില മന്ദിരങ്ങളും പെർമിറ്റ് പ്രകാരം പാർക്കിംഗ് ഏരിയ ആയി നീക്കിവച്ചിട്ടുള്ള ഭാഗങ്ങൾ ഒക്യുപ്പെൻസി സർട്ടിഫിക്കറ്റ് നേടിയതിനുശേഷം കെട്ടിയടച്ച് വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിച്ചു വരുന്നുണ്ട്. ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നേടിയശേഷം പാർക്കിംഗ് ഏരിയായി നീക്കിവച്ചിട്ടുള്ള ഭാഗങ്ങൾ കെട്ടിയടച്ച് വാണിജ്യാവശങ്ങൾക്കും മറ്റും ഉപയോഗിക്കുന്നത് ഒഴിവാക്കുന്നതിനും കംപ്ലീഷൻ പ്ലാനിൽനിന്നും രൂപ മാറ്റം വരുത്തി മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ലായെന്ന് ഉറപ്പുവരുത്തുന്നതിനുമായി പണി പൂർത്തിയാക്കിയശേഷം ഒക്യുപ്പെൻസി സർട്ടിഫിക്കറ്റ് നൽകുമ്പോൾ കംപ്ലീഷൻ പ്ലാനിന്റെ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പുകൂടി അപേക്ഷകന് നൽകണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം നഗരസഭ പാലിക്കുന്നില്ല. ഇതുമൂലം ഇത്തരത്തിലുള്ള ദുരുപയോഗം കണ്ടെത്താൻ കഴിയാത്ത സാഹചര്യമാണ് നഗരസഭയിൽ നിലവിലുള്ളത്. നഗരസഭയിലെ XX11-ാം വാർഡിൽ 04.01.16-ൽ നിർമ്മാണം പൂർത്തീകരിച്ച ഗ്ലോറിയ ടവർ എന്ന കെട്ടിടത്തിന്റെ [കെട്ടിട നം. 352(1),(2),(3),(4)] പാർക്കിംഗിനായി നീക്കിവെച്ച സെല്ലാർ ഭാഗം കെട്ടിയടച്ച് വ്യാപാര ആവശ്യത്തിന് ഉപയോഗിക്കുന്നതായി ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ കണ്ടു. എം.സി.റോഡിന്റെ വശത്തു സ്ഥിതി ചെയ്യുന്ന ഈ

സ്ഥാപനത്തിലേയ്ക്ക് വരുന്ന വാഹനങ്ങൾ റോഡ് സൈഡിൽ പാർക്ക് ചെയ്യുന്ന സ്ഥിതിയാണുള്ളത്. ഈ അനധികൃത നിർമ്മാണത്തിനെതിരേ നടപടികൾ ഒന്നും നഗരസഭ സ്വീകരിച്ചിട്ടില്ല.

ശ്രീ. ബദറുദ്ദീൻ, ഗ്യാലക്സി ഹോം, അടൂർ എന്ന വ്യക്തിയ്ക്ക് ബി.എ. നം.470/14-15 പ്രകാരം മൂന്നു നില കെട്ടിടം നിർമ്മിക്കുന്നതിന് പെർമിറ്റ് നൽകിട്ടുണ്ട്. എം.സി. റോഡിന് അഭിമുഖമായി നിർമ്മിക്കുന്ന ഈ കെട്ടിടത്തിന്റെ സെല്ലാർ, ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കി കെട്ടിടത്തിന് ഭാഗിക ഒക്യുപ്പെൻസി നൽകിയിട്ടുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരം സെല്ലാർ ഭാഗം വാഹന പാർക്കിംഗിന് മാറ്റി വച്ചതാണെങ്കിലും ഷട്ടറിട്ട് കെട്ടിയടച്ച സെല്ലാർ ഭാഗത്തേയ്ക്ക് വാഹനങ്ങൾക്ക് റോഡിൽ നിന്നും ഇറങ്ങാൻ കഴിയാത്ത തരത്തിലാണ് നിർമ്മാണം. ഈ കെട്ടിടം വ്യാപാര ആവശ്യങ്ങൾക്ക് ഉപയോഗിച്ച് തുടങ്ങിയിട്ടില്ല. ഇത്തരത്തിലുള്ള നിരവധി കെട്ടിടങ്ങൾ നഗരസഭാ പ്രദേശത്തുണ്ട്. ഇങ്ങനെ പാർക്കിംഗിനായി അനുവദിച്ച സ്ഥലത്തിന്റെ ദുരുപയോഗത്തിനെതിരേ ഫലപ്രദമായ നടപടികൾ നഗരസഭ സ്വീകരിച്ചിട്ടില്ല.

2018-ലെ അനധികൃത കെട്ടിടങ്ങളുടെ ക്രമവൽക്കരണ ചട്ടങ്ങൾ പ്രകാരം ആവശ്യമായ പാർക്കിംഗ് ഏരിയ യഥാർത്ഥത്തിൽ ലഭ്യമാകാത്ത സന്ദർഭത്തിൽ കുറവുള്ള ഓരോ കാർ പാർക്കിംഗിനും പരമാവധി 4 ലക്ഷം രൂപ വരെ കോംപൗണ്ടിംഗ് ഫീസ് ഈടാക്കുവാൻ വ്യവസ്ഥയുണ്ട്. ഇതിനായി ജില്ലാ തലത്തിൽ സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതി നിശ്ചയിക്കുന്ന കോംപൗണ്ടിംഗ് ഫീസിന്റെ പകുതി നഗരസഭയ്ക്കും ബാക്കി സർക്കാരിനും ലഭിക്കുന്നതാണ്. ആയതിനാൽ പാർക്കിംഗ് സ്ഥലത്തിന്റെ ദുരുപയോഗം തടയുന്നതിന് സ്പെഷ്യൽ ഡ്രൈവ് നടത്തി അനധികൃത നിർമ്മാണങ്ങൾക്കെതിരെ ചട്ടപ്രകാരം നടപടികൾ സ്വീകരിക്കേണ്ടതും വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

# 2-13 നഗര ആസുത്രണ പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിയില്ല

അടൂർ നഗരസഭയുടെ നഗര ആസൂത്രണ പദ്ധതി (Master Plan) തയ്യാറാക്കണമെന്ന് 13.11.2008-ലെ ജി.ഒ.(ആർ.റ്റി.)നം.3982/2008/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിൽ സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇത് അനുസരിച്ച് കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും നഗരസഭാ കൗൺസിലിന്റെ 07.05.12-ലെ 8-ാം നമ്പർ തീരുമാനം അനുസരിച്ച് അംഗീകരിച്ച് ചീഫ് ടൗൺ പ്ലാനർക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. ടൗൺ പ്ലാനിംഗ് ആക്ട് സെക്ഷൻ 9 അനുസരിച്ച് തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ അംഗീകരിക്കുകയും പ്രസിദ്ധീകരണ അനുമതി നൽകികൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു (ജി.ഒ.(എം.എസ്.)263/12/ത.സ്വ.ഭ.വ., തീ.10.06.12). എന്നാൽ നഗരസഭ മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുന്നതിന് മുൻപായി സർക്കാർ ടൗൺ പ്ലാനിംഗ് ആക്ടിൽ ഭേദഗതി വരുത്തുകയുണ്ടായി. ഭേദഗതിയ്ക്ക് അനുനസരിച്ച് മാസ്റ്റർ പ്ലാൻ പുതുക്കി അംഗീകാരം വാങ്ങണമെന്ന് ആവശ്യപ്പെട്ട് ടൗൺ പ്ലാനിംഗ് വിഭാഗം നഗരസഭയ്ക്ക് നിരവധി കത്തുകൾ നൽകിയെങ്കിലും ടൗൺ പ്ലാനിംഗ് ആക്ടിലുണ്ടായ ഭേദഗതിക്കനുസൃതമായി മാസ്റ്റർ പ്ലാൻ പുതുക്കി അംഗീകാരം വാങ്ങിയിട്ടില്ല. നഗരസഭയുടെ സമഗ്രവും, ആസൂത്രിതവുമായ (സാമൂഹിക, സാമ്പത്തിക, സ്ഥലപര) വികസനത്തിന് ഒരു അംഗീകൃത മാസ്റ്റർ പ്ലാനിന്റെ അഭാവം വിഘാതമാകുന്നു.

സർക്കാർ നിർദ്ദേശ പ്രകാരം കൗൺസിൽ തീരുമാനത്തോടുകൂടി 2016-ലെ കേരള നഗര ഗ്രാമ ആസൂത്രണ ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി പുതുക്കിയ മാസ്റ്റർ പ്ലാൻ സമയബന്ധിതമായി തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്.

# 2-14 ഹോസ്പിറ്റൽ കിയോസ്ക് - രജിസ്ട്രേഷൻ ഫീസ് ഒടുക്ക് വരുത്തുന്നതിൽ വീഴ്ച

2017-18 വർഷം ഹോസ്പിറ്റൽ കിയോസ്ക് മുഖേനയുള്ള ജനന, മരണ രജിസ്ട്രേഷനുകൾക്ക് ആനുപാതികമായ ഫീസ് നഗരസഭാ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടില്ലെന്ന് പരിശോധനയിൽ വ്യക്തമായി. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹോസ്പിറ്റലിന്റെ പേര് | ജനന രജിസ്ട്രേഷന്റെ എണ്ണം | മരണ രജിസ്ട്രേഷന്റെ എണ്ണം | ആകെ രജിസ്ട്രേഷൻ | നഗരസഭയ്ക്ക് ലഭിക്കേണ്ട തുക @25 | നഗരസഭാ അക്കൗണ്ടിൽ ഒടുക്കിയ തുക | കുറവ് |
|---|---|---|---|---|---|---|
| ജനറൽ ഹോസ്പിറ്റൽ | 1130 | 135 | 1265 | 31625 | 21075 | 10550 |
| ഹോളി ക്രോസ് ഹോസ്പിറ്റൽ | 633 | 90 | 723 | 18075 | 16275 | 1800 |
| ആകെ | 1763 | 225 | 1988 | 49700 | 37350 | 12350 |

കുടുംബശ്രീ മുഖേന തെരഞ്ഞെടുത്ത ദിവസവേതന ജീവനക്കാരിക്കാണ് ഹോസ്പിറ്റൽ കിയോസ്കിന്റെ ചുമതല. 25 രൂപ ക്രമത്തിലാണ് ജനന മരണ രജിസ്ട്രേഷനുവേണ്ടി കിയോസ്കിൽ ഈടാക്കിവരുന്നത്. എന്നാൽ ഓരോ ദിവസത്തേയും കളക്ഷൻ തുക അന്നേ ദിവസം തന്നെ അക്കൗണ്ടിൽ ഒടുക്കുവരുത്തുന്നില്ല. ഒരു മാസം വരെ കാലതാമസം തുക ഒടുക്കുന്നതിൽ ഉണ്ടാകുന്നുണ്ട്. ഹോസ്പിറ്റൽ ഫീസിൽ നിന്നുള്ള വരുമാനം മറ്റു വരവുകൾ എന്ന ഹെഡിലാണ് അക്കൗണ്ട് ചെയ്തിരുന്നത് വാർഷിക കണക്ക് പ്രകാരം അക്കൗണ്ടിൽ വരവ് വന്ന തുക പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ജീവനക്കാരി സൂക്ഷിരുന്ന രജിസ്റ്റർ, തുക ഒടുക്കിയ ചെലാൻ എന്നിവയുടെ അടിസ്ഥാനത്തിലാണ് അക്കൗണ്ടിൽ ഒടുക്കിയ തുക കണക്കാക്കിയത്. ഹോസ്പിറ്റൽ കിയോസ്കിന്റെ നിയന്ത്രണ ചുമതലയുള്ള നഗരസഭാ ഹെൽത്ത് വിഭാഗം കിയോസ്കിന്റെ പ്രവർത്തനം പരിശോധിക്കുകയോ ജനന മരണ രജിസ്ട്രേഷന് അനുസരിച്ചുള്ള ഫീസ് അക്കൗണ്ടിൽ ഒടുക്ക് വരുത്തുന്നുണ്ടോയെന്ന് പരിശോധിക്കുകയോ ചെയ്യാത്തതിനാലാണ് ഈ അപാകത ഉണ്ടായത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ52/28.3.18 നമ്പർ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച അപാകതകൾ അടിയന്തിരമായി പരിഹരിച്ച് വിശദാംശം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ജനറൽ ഹോസ്പിറ്റലിൽ കിയോസ്ക് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സ്ഥിരം സംവിധാനം ഒരുക്കേണ്ടതാണ്. കിയോസ്ക് മുഖേനയുള്ള രജിസ്ട്രേഷന്റെ വിശദാംശം ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും വരുമാനം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

# 2-15 ലൈസൻസ് വിതരണത്തിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

<u>കെട്ടിട ഉടമയുടെ അനുമതി പത്രം ഹാജരാക്കാതെ ലൈസൻസ് അനുവദിക്കുന്നു</u>

നഗരസഭാ പരിധിയിൽ വാടകയ്ക്ക് കടമുറികൾ എടുത്ത് കച്ചവടം ചെയ്യുന്ന വ്യാപാരികൾ ലൈസൻസ് പുതുക്കുന്നതിനായി അപേക്ഷ നൽകുമ്പോൾ കെട്ടിട ഉടമയിൽനിന്നും എഗ്രിമെന്റ് വാങ്ങി അപേക്ഷയോടൊപ്പം സമർപ്പിക്കുന്നില്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ G.O.(Rt.)No.3361/2017, തീയതി 23.10.2017 നമ്പർ ഉത്തരവ് പ്രകാരം ലൈസൻസിനായി അപേക്ഷ സമർപ്പിക്കുമ്പോൾ ഹാജരാക്കേണ്ട രേഖകളുടെ എണ്ണം പരിമിതപ്പെടുത്തിയിട്ടുണ്ടെങ്കിലും അപേക്ഷകന്റെ ID Proof, കടയുടമയിൽ നിന്നും Lease Deed അഥവാ Legal Occuppancy Certificate എന്നിവ അപേക്ഷയോടൊപ്പം നിർബന്ധമായും ഹാജരാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പരിശോധനക്ക് ഹാജരാക്കിയ അപേക്ഷകൾ പരിശോധിച്ചതിൽ അപേക്ഷകന്റെ ID Proof മാത്രം ഹാജരാക്കിയിട്ടുള്ളവർക്കും ലൈസൻസ് പുതുക്കി നൽകിയതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | അപേക്ഷന്റെ പേര് | റവന്യൂ വാർഡ് നമ്പർ/ | വാടക/ | ഉടമയുടെ പേര് |
|---|---|---|---|---|

| നം | | കെട്ടിട നം | സ്വന്തം | |
|---|---|---|---|---|
| 1. | ശ്രീ. സത്യാനന്ദൻ | XII/307/308 | വാടക | ശ്രീ.രാജൻ മത്തായി |
| 2. | ശ്രീ. തോമസസ്.പി.കെ | XII/365 | " | രേഖപ്പെടുത്തിയിട്ടില്ല |
| 3. | ശ്രീ. എം.ജോർജ്ജ് | XII/366 | " | മാത്യൂ ഡാനിയേൽ |
| 4. | ശ്രീ. ബാബു.കെ.ജെ | XII/367 | " | രേഖപ്പെടുത്തിയിട്ടില്ല |
| 5. | ശ്രീ. സാദിക് റഹ്മാൻ | XII/130(1) | " | രേഖപ്പെടുത്തിയിട്ടില്ല |
| 6. | ശ്രീ. കെ. വരദരാജൻ | XVII/912 | " | ശ്രീ. വർഗ്ഗീസ് |
| 7. | ശ്രീമതി ബിന്ദു | XVII/921 | " | ശ്രീമതി മറിയാമ്മ ചെറിയാൻ |
| 8. | ശ്രീമതി റോയിക്കുട്ടി ഫിലിപ്പോസ് | XVII/923 | " | ശ്രീമതി സാറാ ചെറിയാൻ |
| 9. | ശ്രീ. പി.റ്റി.മുഹമ്മദ് റാഫി | XVII/929/ | " | ശ്രീ ജി.കോശി |
| 10. | ശ്രീമതി പ്രേമകുമാരി | XVII/929 A | " | ശ്രീ കോശി & ശ്രീമതി ലീലാമ്മ കോശി |

കടയുടമയുമായി നിയമാനുസൃതമായ കരാറിൽ ഏർപ്പെടാത്തവർക്ക് ലൈസൻസ് പുതുക്കി നൽകിയത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്. ഭൂരിഭാഗം അപേക്ഷകളിലും എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. ആരോഗ്യ വിഭാഗത്തിന്റെ പരിശോധന സാക്ഷ്യപത്രം ഇല്ലാത്ത അപേക്ഷകളും ലൈസൻസിനായി പരിഗണിച്ചിട്ടുണ്ട്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. ഉചിതമായ തുടർ നടപടി സ്വീകരിക്കുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്യുന്നു.

# 2-16 ലൈസൻസ് ചട്ടം പ്രാബല്യത്തിൽ വരുത്തുന്നതിന് നടപടി സ്വീകരിച്ചില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 25.01.2011ലെ സ.ഉ.(അ.)നം.24/11 നമ്പർ ഉത്തരവ് പ്രകാരം വിജ്ഞാപനം ചെയ്തിരുന്ന 2011-ലെ കേരള മുനിസിപ്പാലിറ്റി (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 01.05.2017-ന് പ്രാബല്യത്തിൽ വന്നു. പ്രസ്തുത ചട്ടങ്ങളെ അടിസ്ഥാനമാക്കി വിവിധ വ്യാപാരങ്ങൾക്ക് ഫീസ് നിശ്ചയിച്ച് കൊണ്ട് കൗൺസിൽ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതും വിജ്ഞാപനത്തിന് സർക്കാർ അംഗീകാരം നൽകുന്ന മുറക്ക് ചട്ടം പ്രാബല്യത്തിൽ വരുത്തേണ്ടതുമാണ്. ചട്ടം പ്രാബല്യത്തിൽ വരുത്തുന്നതിന് നഗരസഭ യാതൊരു നടപടിയും സ്വീകരിക്കാത്തതുമൂലം പുതുക്കിയ നിരക്കിൽ ഫീസ് ഈടാക്കുന്നതിന് നഗരസഭക്ക് സാധിക്കുന്നില്ല. മുനിസിപ്പൽ കൗൺസിലിന്റെ 25.09.1993-ലെ 12-ാം നമ്പർ വിജ്ഞാപന പ്രകാരം നിശ്ചയിച്ച നിരക്കാണ് 2017-18 സാമ്പത്തിക വർഷവും നഗരസഭ ലൈസൻസ് ഫീസായി ഈടാക്കി വരുന്നത്. 01.04.1999 മുതൽ ഇതേ നിരക്കിലാണ് ലൈസൻസ് ഫീസ് ഈടാക്കി വരുന്നത്. 2011-ലെ ചട്ടത്തിലെ ചട്ടം 7പ്രകാരം ഓരോ വ്യാപാരത്തേയും സ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പ്രാധാന്യം, വ്യാപാരത്തിന്റെ സ്വഭാവം,നടത്തുന്ന വ്യാപാരത്തിന്റെ തോത്, മുതൽ മുടക്ക് എന്നിവയെ അടിസ്ഥാനമാക്കി A, B, C എന്നീ വിഭാഗങ്ങളായി തിരിക്കേണ്ടതും ചട്ടങ്ങളിലെ I, II പട്ടികയിൽ അതാതിനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ നിരക്കിന് വിധേയമായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക ലൈസൻസ് ഫീസ് ഈടാക്കേണ്ടതുമാണ്. 2011-ലെ ചട്ടം പ്രാബല്യത്തിൽ വന്ന് രണ്ട് സാമ്പത്തിക വർഷം പിന്നിട്ടിട്ടും വിജ്ഞാപനം പുറപ്പെടുവിക്കാൻ നഗരസഭ നടപടി സ്വീകരിക്കാതിരുന്നത് മൂലം ഗണ്യമായ തുക ലൈസൻസ് ഫീസിനത്തിൽ കുറവുണ്ടാകുന്നു. 2017-18 വർഷം 1628 വ്യാപാര സ്ഥാപനങ്ങൾക്ക് നഗരസഭ

ലൈസൻസ് നൽകിയിട്ടുള്ള സാഹചര്യത്തിൽ ഈ ഇനത്തിലുള്ള നഷ്ടം വളരെ വലുതാണ്. അപാകത ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പുതുക്കിയ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കി വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

# 2-17 വാടക പിരിവ് പൊതുവായ അപാകതകൾ

നഗരസഭയുടെ ഉടമസ്ഥതയിലുള്ള 5 ഷോപ്പിംഗ് കോംപ്ലക്സുകളിലായി ആകെ 215 കടമുറികൾ 204കടമുറികൾ വാടകയ്ക്ക് നൽകുന്നുണ്ട്. 2017-18 വർഷത്തെ വാടക രജിസ്റ്റർ, വാടകക്കാരുമായുള്ള എഗ്രിമെന്റ് എന്നിവ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

**എ) <u>വാടകപിരിവ് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയില്ല</u>**

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കടമുറികളിൽ നിന്നും വാടക ഈടാക്കുന്നതിന് നിയമാനുസൃതമായ ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. ഷോപ്പിംഗ് സെന്റർ ഉള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾ ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജി.ഒ.(എം.എസ്.)105/97-ലെ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിരുന്നു. സർക്കാർ ഉത്തരവ് നടപ്പാക്കുന്നതിന് നഗരസഭ യാതൊരു ശ്രുഷ്കാന്തിയും കാണിക്കുന്നില്ല. ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ്.

**ബി) <u>നഗരസഭാ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ കരാർ ചമയ്ക്കുന്നില്ല</u>**

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 215 ഉപവകുപ്പ് 2(എ) പ്രകാരം ഒരു മുനിസിപ്പാലിറ്റിക്ക് വ്യാപാരത്തിനോ അല്ലാതെയോ കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതും അവ പൊതുജനങ്ങൾക്ക് ലൈസൻസിന്മേൽ വാടകയ്ക്ക് കൊടുക്കാവുന്നതുമാണ്. നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ പ്രസ്തുത ഇടം ഉപയോഗിക്കുന്നതിനും കൈവശം വയ്ക്കുന്നതിനുമുള്ള വ്യവസ്ഥകളും, ഫീസിന്റെ നിരക്കും, അത് കൊടുക്കേണ്ട സമയവും ഉൾപ്പെടുത്തി ഉചിതമായ മൂല്യത്തിലുള്ള മുദ്രപത്രത്തിൽ കരാർ ചമയ്ക്കണമെന്ന് മേൽ വകുപ്പിന്റെ 3-ാം ഉപവകുപ്പിൽ സൂചിപ്പിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം നഗരസഭയുടെ 215 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും 80 വാടകക്കാരുമായി മാത്രമെ 200 രൂപ മുദ്രപത്രത്തിൽ കരാർ ചമച്ചിട്ടുള്ളൂ. നഗരസഭയും വാടകക്കാരുമായി വാടക സംബന്ധിച്ച് കരാർ ചമയ്ക്കാത്ത കടമുറികൾക്ക് ലൈസൻസ് പുതുക്കി നൽകുന്നത് ചട്ട വിരുദ്ധമാണ്. അപാകത ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. കരാർ ചമക്കാത്തതുമൂലം സർക്കാർ ഫണ്ടിനുണ്ടാകുന്ന നഷ്ടം ഒഴിവാക്കാനും, ഉചിതമായ തുടർ നടപടി സ്വീകരിക്കുവാനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

**സി) <u>ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല</u>**

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ വാടകക്കാരിൽ നിന്നും ഈടാക്കിയ ഡെപ്പോസിറ്റ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് എത്രയെന്ന് സൂചിപ്പിക്കുന്ന വാടകകരാറോ, ഈടാക്കിയ ഡെപ്പോസിറ്റ് എത്രയെന്നോ, കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് യാതൊരു രേഖയും നഗരസഭയിൽ ലഭ്യമല്ല. വാടകകുടിശ്ശികയിലേക്ക് ഡെപ്പോസിറ്റ് തുക അഡ്ജസ്റ്റ് ചെയ്തത് സംബന്ധിച്ചും യാതൊരു വിവരവും ലഭ്യമല്ല. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡി) <u>അനധികൃത കൈയ്യേറ്റങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ല</u>**

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളുടെ സമീപത്തും, നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും അനധികൃതമായി കച്ചവടം നടത്തുന്ന വ്യാപാരികൾക്കെതിരെ നഗരസഭ നടപടി സ്വീകരിക്കുന്നില്ല. അനധികൃത വ്യാപാരങ്ങൾക്കെതിരെ നടപടി സ്വീകരിക്കാത്തത് നഗരസഭയുടെ വരുമാനത്തെയും ബാധിക്കുന്നു. അടൂർ, പറക്കോട് മാർക്കറ്റുകളിലെ മാട്ടിറച്ചി വ്യാപാരം ഫലവൃക്ഷങ്ങളിൽ നിന്നുള്ള ആദായം, കടമുറികളുടെ വാടക

എന്നിവയിൽ ക്രമാനുഗതമായ വർദ്ധനവ് ഉണ്ടാകുന്നില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ ഇടപെടൽ ഉണ്ടാകേണ്ടതും, തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 2-18 ടെണ്ടർ ഫീസ് വരവ് തനത് ഫണ്ടിൽ മുതൽകൂട്ടിയില്ല

ഇ-ടെണ്ടർ മുഖേന ലഭിക്കുന്ന വരവുകൾ ഒടുക്കുന്നതിനായി മുനിസിപ്പൽ എഞ്ചിനീയറുടെ പേരിൽ 21.07.2015 ൽ എസ്.ബി.ഐ-യിൽ ഒരു അക്കൗണ്ട് ആരംഭിച്ചിരുന്നു. 31.03.18 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ഈ അക്കൗണ്ടിൽ 566422 രൂപ നീക്കിയിരുപ്പ് ഉണ്ട് (01.04.17 മുതൽ 31.03.18 വരെയുള്ള ബാങ്ക് സ്റ്റേറ്റമെന്റ് ആണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്). എന്നാൽ ടി തുക നഗരസഭയുടെ തനതുവരുമാനത്തിൽ കൂട്ടുകയോ വാർഷിക കണക്കുകളിൽ മേൽ തുകയുടെ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്യാത്തതു കൊണ്ട് ടി അക്കൗണ്ടിലെ കണക്കുകൾ ഓഡിറ്റു ചെയ്യപ്പെടുന്നില്ല. ആയതിനാൽ നിശ്ചിത ഇടവേളകളിൽ ടി അക്കൗണ്ടിലെ തുക നഗരസഭയുടെ തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

# 2-19 അഭിഭാഷകർ, ആധാരം എഴുത്തുകാർ മുതലായവരിൽനിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

2005-ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടം 3 (2)-ൽ ഉൾപ്പെടുന്ന അഭിഭാഷകർ, ആധാരം എഴുത്തുകാർ ചട്ടം 3 (9-ൽ) ഉൾപ്പെടുന്ന ടാക്സി വാഹന ഉടമകൾ (ഒന്നിലധികം കാർ, വാൻ, ജീപ്പ്, ലോറി, ട്രക്ക്, ബസ്, മൂന്നിലധികം ഓട്ടോറിക്ഷ), ചട്ടം 3 (10)-ൽ ഉൾപ്പെടുന്ന കരാറുകാർ തുടങ്ങിയവരിൽ നിന്ന് 2017-18 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. നഗരസഭാ പരിധിയിൽ കോടതികളും സബ് രജിസ്ട്രാർ ഓഫീസും പ്രവർത്തിക്കുന്നുണ്ടെങ്കിലും മുഴുവൻ അഭിഭാഷകർക്കും ആധാരം എഴുത്തുകാർക്കും നഗരസഭ നികുതി ചുമത്തിയിട്ടില്ല. അഭിഭാഷകരെ സംബന്ധിച്ച വിവരങ്ങൾ ബാർ അസോസിയേഷനിൽനിന്നും ലൈസൻസുള്ള ആധാരം എഴുത്തുകാരെ സംബന്ധിച്ച വിവരങ്ങൾ സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും രജിസ്റ്റേർഡ് കരാറുകാരുടെ വിവരങ്ങൾ മുനിസിപ്പാലിറ്റി രേഖകളിൽ നിന്നും ലഭ്യമാക്കി മുഴുവൻ അഭിഭാഷകർക്കും ആധാരം എഴുത്തുകാർക്കും കരാറുകാർക്കും നികുതി ചുമത്തേണ്ടതാണ്. ടാക്സി കാർ, വാൻ, ജീപ്പ്, ലോറി, ട്രക്ക്, ബസ് ഇവ രണ്ടോ അതിൽ കൂടുതലോ ഉള്ളവർ, യാത്രക്കാരെ കയറ്റുന്നതിനോ, ചരക്കിറക്കുന്നതിനോ ഉള്ള ഓട്ടോറിക്ഷ മൂന്നെണ്ണമോ കൂടുതലോ ഉള്ളവർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കേണ്ടതുണ്ട്. എന്നാൽ അടൂർ നഗരസഭയിൽ ഈ വിഭാഗത്തിൽപ്പെട്ട ആരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.15 തീയതി 20.03.2019) ലഭ്യമാക്കിയ മറുപടി പ്രകാരം കരാറുകാരിൽ നിന്നും നിലവിൽ തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്നും അഭിഭാഷകർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും മോട്ടോർ വാഹന ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നോട്ടീസ് നൽകുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

# 2-20 തൊഴിൽ നികുതി പിരിവ് - അപാകതകൾ

തൻവർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപനങ്ങളുടെ തൊഴിൽ നികുതിയും രേഖപ്പെടുത്താൻ വെവ്വേറെ രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെങ്കിലും രണ്ടിലെയും വിവരങ്ങൾ അപൂർണ്ണമാണ്. ഒരു രജിസ്റ്ററിലും സെക്രട്ടറിയുടെ

സാക്ഷ്യപ്പെടുത്തൽ ഇല്ല. അർദ്ധവാർഷിക വരുമാനത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഡി.സി.ബി. പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. ഓഡിറ്റിന് സമർപ്പിച്ച 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പ്രകാരം തൊഴിൽ നികുതി ഇനത്തിലുള്ള തൻവർഷ കുടിശ്ശിക 5183471 രൂപയും മുൻവർഷ കുടിശ്ശിക 7701272 രൂപയുമാണ്. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കുടിശ്ശിക പിരിവിന്റെ പുരോഗതി നിരീക്ഷിക്കുന്നതിനോ, നികുതി കാലഹരണം ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിച്ച് നിശ്ചയം വരുത്തുന്നതിനോ സാധിച്ചിട്ടില്ല. ഭീമമായ തുക പിരിഞ്ഞുകിട്ടാൻ അവശേഷിക്കുന്ന സാഹചര്യത്തിൽ ആയതിന്റെ കണക്ക് സൂക്ഷിക്കാതിരിക്കുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള കൃത്യവിലോപമാണ്.

3. 2017-18 രണ്ട് അർദ്ധ വർഷങ്ങളിലും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അടവാക്കാൻ അവശേഷിക്കുന്ന അർദ്ധവർഷം |
|---|---|---|
| 1. | ഫാമിലി വെൽഫെയർ സെന്റർ, പന്നിവിഴ | II |
| 2. | ത്രിവേണി സൂപ്പർ മാർക്കറ്റ് | I, II |
| 3. | സബ് പോസ്റ്റോഫീസ്, പറക്കോട് | I, II |
| 4. | കേരള ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് | I, II |
| 5. | ഭാരത് ഹിന്ദി പ്രചാര സഭ | I, II |
| 6. | അമലഗിരി എസ്റ്റേറ്റ് | I, II |
| 7. | സെന്റ് ജൂഡ് ഇംഗ്ലീഷ് മീഡിയം സ്കൂൾ | I, II |
| 8. | ബേബി ഗ്യാസ് സർവ്വീസ് | I, II |
| 9. | ശ്രീറാം ലൈഫ് ഇൻഷ്വറൻസ് | I, II |
| 10. | വിശ്വഭാരതി പ്രീപ്രൈമറി സ്കൂൾ | I, II |
| 11. | യമുന ഫ്യുവൽ സ്റ്റേഷൻ | I, II |
| 12. | ഇന്റർനാഷണൽ ടെക് ഇൻസ്റ്റിറ്റ്യൂട്ട് | I, II |
| 13. | വൈറ്റ് പോർട്ടിക്കോ ഹോട്ടൽ | I, II |
| 14. | ശക്തി തീയേറ്റർ | II |
| 15. | ഗ്രീൻവാലീ മൾട്ടി തീം പാർക്ക് | I, II |
| 16. | ആക്സിസ് ബാങ്ക് | I, II |

ഇപ്രകാരം തൊഴിൽ നികുതി അടയ്ക്കുവാൻ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങളിൽ നിന്നും കേരള മുനിസിപ്പാലിറ്റി ആക്ട് 252, 253, 254, 256 വകുപ്പുകൾ പ്രകാരമുള്ള നടപടിക്രമങ്ങളനുസരിച്ച് ഓഫീസ് മേധാവി അല്ലെങ്കിൽ തൊഴിലുടമ മുഖേന തൊഴിൽ നികുതി ഈടാക്കേണ്ടതും ആയതിന് വീഴ്ച വരുത്തുന്ന പക്ഷം 259-ാം അനുശാസിക്കുന്ന തരത്തിലുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# 2-21 സ്ഥാപന തൊഴിൽ നികുതി ഈടാക്കുവാൻ അവശേഷിക്കുന്നു

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും 2017-18 സാമ്പത്തിക വർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഈടാക്കാൻ അവശേഷിക്കുന്ന അർദ്ധവർഷം |
|---|---|---|
| 1 | ധനലക്ഷ്മി ബാങ്ക് | I, II |
| 2 | കേരള ചിട്ടി ഫണ്ട് | I, II |
| 3 | പി.കെ.ജി. മോട്ടോഴ്സ്, യമുന ഷോറൂം | I, II |
| 4 | എൽ.ഐ.സി. ഓഫ് ഇന്ത്യ | I, II |
| 5 | യു.എ.ഇ. എക്സ്ചേഞ്ച് | I, II |
| 6 | കടമ്പാട്ട് തെക്കേതിൽ | I, II |
| 7 | ജെ.ജെ. സൂപ്പർ മാർക്കറ്റ് | II |
| 8 | കാനറ ബാങ്ക് | I, II |
| 9 | എച്ച്.ഡി.എഫ്.സി. | I, II |
| 10 | പോപ്പുലാർ ഫിനാൻസ് | I, II |
| 11 | ആക്സിസ് ബാങ്ക് | I, II |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽനിന്നും തൊഴിൽ നികുതി പിഴപലിശ സഹിതം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കിയില്ല – നഗരസഭയ്ക്ക് നഷ്ടമായത് 8.87 കോടി രൂപ

നഗരസഭയിൽ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല. ഇക്കാരണത്താൽ ക്ഷേമ വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ അനുവദിക്കുന്ന കോടികണക്കിന് രൂപയാണ് ചെലവഴിക്കപ്പെടാതെ ലാപ്സാകുന്നത്. 2015-16 മുതൽ 2017-18 വരെ കാലയളവിലെ നഗരസഭയുടെ പദ്ധതി ചെലവ് കണക്കുകൾ പരിശോധിച്ചതിൽ സമയബന്ധിതമായി പദ്ധതികൾ നിർവ്വഹിക്കാത്തതിനാൽ 8.87കോടി രൂപ നഗരസഭയ്ക്ക് നഷ്ടമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | വർഷം | ലഭിച്ച തുക | ചെലവ് | ലാപ്സാക്കിയ തുക |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2015-16 | 61322416 | 39622154 | 21700262 |
| | 2016-17 | 64573776 | 37235070 | 27338706 |
| | 2017-18 | 74218934 | 66634804 | 7584130 |
| വികസന ഫണ്ട് (എസ്.സി.പി.) | 2015-16 | 14988397 | 11044451 | 3943946 |
| | 2016-17 | 10788978 | 6004224 | 4784754 |
| | 2017-18 | 12172000 | 7454297 | 4717703 |
| റോഡിതര മെയിന്റനൻസ് ഗ്രാന്റ് | 2015-16 | 7771487 | 5061461 | 2710026 |
| | 2016-17 | 6425430 | 2659121 | 3766309 |
| | 2017-18 | 6489014 | 5371788 | 1117226 |
| റോഡ് മെയിന്റനൻസ് ഗ്രാന്റ് | 2015-16 | 13443963 | 12153351 | 1290612 |
| | 2016-17 | 12955467 | 3212018 | 9743449 |
| | 2017-18 | 11548038 | 11548038 | 0 |
| ആകെ ലാപ്സായ തുക | | | | 88697123 |

അതത് വർഷങ്ങളിൽ നടപ്പിലാക്കാതെ സ്പിൽ ഓവറാകുന്ന പ്രോജക്ടുകൾക്കുള്ള ക്യാരിഓവർ വിഹിതം അടുത്ത വർഷം സർക്കാർ പ്രത്യേകമായി അനുവദിക്കുമെന്ന് പറഞ്ഞിരുന്നെങ്കിലും ടി വർഷങ്ങളിൽ നഗരസഭയ്ക്ക് ക്യാരിഓവർ വിഹിതമായി തുകയൊന്നും ലഭിച്ചില്ല. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകൾ അതത് സാമ്പത്തിക വർഷം മാർച്ച് 31-നകം പൂർത്തിയാക്കി ഫണ്ട് ചെലവഴിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിച്ചിരിക്കുന്നത്. അംഗീകരിച്ച പ്രോജക്ടുകളിലെ നിർവ്വഹണ കലണ്ടർ അനുസരിച്ച് നിർവ്വഹണം പൂർത്തിയാക്കാത്തത് പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിലൂടെ നഗരസഭ ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കുന്നതിനൊപ്പം തൻവർഷം ചെലവഴിക്കേണ്ട വൻതുക ചെലവഴിക്കാതെ നഷ്ടമാകുന്നതിനും കാരണമായി. ഈ വിഷയം തുടർനടപടിയ്ക്കായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-2 ആസ്തി സംരക്ഷണത്തിൽ വീഴ്ച

നഗരസഭയുടെ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് വർഷം ആസ്തി രജിസ്റ്റർ പുതുക്കുന്നതിന് സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിൽ വികസന ഫണ്ടിൽനിന്നും 1 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചെങ്കിലും പദ്ധതി നടപ്പായിട്ടില്ല. നഗരസഭയുടെ ആസ്തി പരിപാലനം അവലോകനം നടത്തിയതിൽ നഗരസഭയുടെ ആസ്തികൾ ഫലപ്രദമായി കൈകാര്യം ചെയ്യപ്പെടുന്നില്ലെന്ന് വ്യക്തമായി.

വികസനത്തിന് പല തദ്ദേശസ്ഥാപനങ്ങളിലും സ്ഥലം കിട്ടാത്തതാണ് പ്രശ്നമെങ്കിൽ അടൂർ നഗരസഭയിൽ സ്ഥലം എവിടെയൊക്കെ ഉണ്ടെന്ന് നഗരസഭാ ഭരണാധികാരികൾക്കു പോലും അറിയാത്ത അവസ്ഥയാണ്. കോടികണക്കിന് രൂപ വിലമതിക്കുന്ന സ്ഥലങ്ങൾ പോലും ഉപയോഗപ്പെടുത്താതെ കിടക്കുകയാണ്. വികസന പ്രവർത്തനങ്ങൾക്കായി കോടികണക്കിന് രൂപ മുടക്കി നഗരസഭ വാങ്ങിക്കൂട്ടിയത് ഏക്കർ കണക്കിന് സ്ഥലങ്ങളാണ്. വർഷങ്ങൾക്കുമുമ്പ് വാങ്ങിക്കൂട്ടിയ ഈ സ്ഥലങ്ങളെല്ലാം ഇപ്പോൾ കാടുകയറി ഉപേക്ഷിക്കപ്പെട്ട നിലയിലാണ്.

**എ) മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് അന്യാധീനപ്പെട്ടു**

നഗരസഭയിലെ വാർഡ്-19-ലുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ 87.31 സെന്റ് സ്ഥലം (35.35ആർ) നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഇത് നഗരസഭയുടെ ആസ്തിയായി പരിഗണിക്കപ്പെട്ടിരുന്നില്ല. വ്യവസായ വകുപ്പിന്റേ അധീനതിയിലുള്ള ഈ സ്ഥലം റവന്യൂ രേഖകൾ പ്രകാരം നഗരസഭയുടേതാണ്. വില്ലേജ് റിക്കാർഡുകൾ പ്രകാരം (തണ്ടപ്പേർ നം.5384) ഈ ഭൂമി അടൂർ പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. കെ.നടരാജന്റെ പേരിലാണ്. ഇതിൽ നിന്നും അടൂർ നഗരസഭയാകുന്നതിനു മുമ്പ് വാങ്ങിയ ഭൂമിയാണിതെന്ന് വ്യക്തമാണ്. അടിയന്തിരമായി ഈ ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്.

**ബി) പോസ്റ്റ് മെട്രിക് ഹോസ്റ്റലിനുവേണ്ടി വാങ്ങിയ സ്ഥലം അനാഥമായി കിടക്കുന്നു**

നഗരസഭയിലെ ഒന്നാം വാർഡിൽ കരുവാറ്റ വടക്ക് പ്രദേശത്ത് 1.17 ഏക്കർ സ്ഥലം പട്ടികജാതി വകുപ്പിന്റെ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിനായി വാങ്ങിയതാണ്. പ്ലസ് ടു മുതൽ ഉയർന്ന പഠനം നടത്തുന്ന കുട്ടികൾക്ക് താമസിച്ച് പഠിക്കുന്നതിന് സൗകര്യം ഉണ്ടാക്കുന്നതിനായി വലിയ പദ്ധതി തയ്യാറാക്കിയാണ് സ്ഥലം വാങ്ങിയത്. ഇതിനുശേഷം സ്ഥലത്ത് മണ്ണ് പരിശോധന ഉൾപ്പടെ നടത്തിയിരുന്നെങ്കിലും തുടർനടപടികൾ നടക്കാത്തതിനാൽ സ്ഥലം കാടുകയറി ഉപേക്ഷിക്കപ്പെട്ട നിലയിലാണ്.

**സി) ശ്മശാന ഭൂമി സാങ്കേതിക കുരുക്കിൽ**

പട്ടികജാതിക്കാർക്ക് ശ്മശാനം സ്ഥാപിക്കുന്നതിനായി മിത്രപുരത്ത് 1.19 ഏക്കർ സ്ഥലമാണ് വാങ്ങിയത്. വൻ വില വ്യത്യാസത്തിൽ വസ്തു വാങ്ങിയതുമായി ബന്ധപ്പെട്ട് കേസുകൾ ഉണ്ടാകുകയും, ഓഡിറ്റ് പരാമർശത്തിന് ഇടയാക്കുകയും ചെയ്തിരുന്നു. ഓഡിറ്റ് റിപ്പോർട്ടിലും, വിജിലൻസ് അന്വേഷണ റിപ്പോർട്ടിലും ക്രമക്കേടുകൾ വ്യക്തമായി പറഞ്ഞിരുന്നു. ഒരു നടവഴി മാത്രമുള്ള സ്ഥലം ക്രമവിരുദ്ധമായിട്ടാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാണ്. നിയമ പ്രശ്നങ്ങൾ നിലനിൽക്കുന്നതിനാലും, തദ്ദേശവാസികളുടെ എതിർപ്പുമൂലവും, ഇത്രയും ഭൂമിയിൽ ഒന്നും ചെയ്യാതെ കാടുകയറി കിടക്കുകയാണ്.

**ഡി) വിലയേറിയ ഭൂമി സ്വകാര്യവ്യക്തിയുടെ കൈവശം**

അടൂരിൽ ഇപ്പോൾ ഏറ്റവും വിലയേറിയ ഭൂമി ബൈപാസിലാണുള്ളത്. അവിടെ റോഡരികിൽ മുനിസിപ്പൽ ബസ് സ്റ്റാൻഡിന് മുൻപിലായി നഗരസഭയ്ക്ക് ഏഴ് സെന്റ് വസ്തുവുള്ളതായി രേഖകളിലുണ്ട്. പക്ഷേ ഈ സ്ഥലം ഇപ്പോൾ ഒരു സ്വകാര്യ വ്യക്തിയുടെ വഴിയാണ്. ഭരണസമിതി ഈ വസ്തു ഉപയോഗിക്കാൻ ശ്രമം നടത്തിയെങ്കിലും പകുതിവച്ച് നടപടികൾ നിർത്തിവയ്ക്കുകയായിരുന്നു. ഇത് സംബന്ധിച്ച് 2013-14 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നിരീക്ഷണം ഉൾപ്പെടുത്തിയിരുന്നെങ്കിലും (ഖ.3-15) നഗരസഭയുടെ ഭാഗത്തുനിന്നും തുടർനടപടി ഉണ്ടായിട്ടില്ല.

**ഇ) റവന്യൂ വകുപ്പിൽനിന്നും വിട്ടുകിട്ടിയ ടൗൺഹാളിന്റെ സ്ഥലം പാർക്കിംഗ് ഗ്രൗണ്ടായി**

അടൂർ നഗരത്തിന്റെ ഏറ്റവും വിലയേറിയ ഭാഗത്തായിട്ടാണ് റവന്യൂ വകുപ്പിൽനിന്നും 32 സെന്റ് സ്ഥലം നഗരസഭയ്ക്ക് വിട്ടുകിട്ടിയത്. ഈ വസ്തുവിന്റെ ഇപ്പോഴത്തെ വിപണിവില കണക്കാക്കിയാൽ കോടികൾ മതിക്കും. വർഷങ്ങൾ നീണ്ട ശ്രമഫലമായിട്ടാണ് റവന്യൂ വകുപ്പിൽനിന്നും നഗരസഭ കെട്ടിട സമുച്ചയം നിർമ്മിക്കാനെന്ന പേരിൽ സ്ഥലം വിട്ടുകിട്ടിയത്. സ്ഥലം വിട്ടുകിട്ടയപ്പോൾ നഗരസഭ ഭരണസമിതി നഗരസഭ കെട്ടിടം ബൈപാസിനരികിലായി വേണമെന്ന് തീരുമാനിക്കുകയായിരുന്നു. അതോടെ ഈ സ്ഥലം ഉപേക്ഷിക്കപ്പെട്ട നിലയിലായി. ഇപ്പോൾ സ്വകാര്യ വാഹനങ്ങളുടെ പാർക്കിംഗ് ഗ്രൗണ്ടായി സ്ഥലം മാറി. ഭൂമിക്ക് നഗരസഭയുടെ പേരിൽ പട്ടയം കിട്ടിയിട്ടുണ്ടെങ്കിലും, പോക്കുവരവ് നടത്തി കരം തീർത്തിട്ടില്ല.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വസ്തുവഹകൾ യഥാവിധി ഉപയോഗപ്പെടുത്തുന്നതിനും, ആസ്തി രജിസ്റ്ററിലെ അപാകതകൾ പരിഹരിച്ച് കാലികമാക്കി സൂക്ഷിക്കുന്നതിനും സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

# 3-3 നഗരസഭാ സ്റ്റേഡിയം യാഥാർത്ഥ്യമായില്ല;

# അനുവദിച്ച 9.69 കോടി രൂപ നഷ്ടമാകാൻ സാധ്യത

2005 വർഷമാണ് സ്റ്റേഡിയം നിർമ്മാണത്തിന് വസ്തു ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചത്. 2005 മുതൽ നാളിതുവരെ വിവിധ ഘട്ടങ്ങളിലായി ഉഭയകക്ഷി സമ്മതപ്രകാരവും, 1894-ലെ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരവും 3 ഏക്കർ 45 സെന്റ് സ്ഥലം നഗരസഭ ഏറ്റെടുത്തു. പതിറ്റാണ്ടുകളായി സ്റ്റേഡിയം നിർമ്മാണത്തിൽ ഒരു പുരോഗതിയും ഇല്ലാതെ സ്ഥലം കാടുകയറി കിടക്കുകയായിരുന്നു. 2016-17-ലെ സംസ്ഥാന ബജറ്റിൽ അടൂർ നഗരസഭ സ്റ്റേഡിയം നിർമ്മാണത്തിന് 13.32 കോടി വകയിരുത്തുകയും, കിഫ്ബിയിൽ (KIIFB) ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്റ്റേഡിയം നിർമ്മിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ കായിക വിഭാഗം കിറ്റ്കോയെ നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ളതും 9.69 കോടി രൂപ അടങ്കലുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുള്ളതുമാണ്. എന്നാൽ നിർമ്മാണത്തിന് ഇപ്പോൾ ലഭ്യമായ സ്ഥലം മതിയാകാതെ വന്നതിനാൽ ടെണ്ടർ ക്യാൻസൽ ചെയ്യുകയും, സ്റ്റേഡിയം നിർമ്മാണത്തിനായി ആവശ്യമായ ബാക്കി സ്ഥലം ഏറ്റെടുത്ത് നൽകുന്നതിന് നഗരസഭയോട് നിർദ്ദേശിച്ചിട്ടുള്ളതുമാണ്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നഗരസഭ ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടുള്ളതായി കാണുന്നില്ല. 2016 വർഷം സർക്കാർ സ്റ്റേഡിയത്തിന് ഫണ്ട് അനുവദിച്ചതിനുശേഷം പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ നഗരസഭയുടെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടുണ്ട്. ഇതിനോടൊപ്പം സംസ്ഥാന ബജറ്റിൽ ഇടംപിടിച്ച കൊടുമൺ പഞ്ചായത്ത് സ്റ്റേഡിയത്തിന്റെ നിർമ്മാണം ഇതിനകം ആരംഭിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുത്ത് കൈമാറൽ വൈകുന്നത് പദ്ധതി തന്നെ നഗരസഭയ്ക്ക് നഷ്ടമാകുന്നതിന് ഇടയാക്കും. സ്ഥലം ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ഭരണസമിതി സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

# 3-4 ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചത് 1.37 കോടി രൂപ

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ [ജി.ഒ.(എം.എസ്.)നം.72/2017/തസ്വഭവ, തീ.29.03.17] ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ഉപയോഗം കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്. ആയത് പ്രകാരം അടിസ്ഥാന സേവനങ്ങളുടെ സമ്പൂർണ്ണത ഉറപ്പുവരുത്തുന്നതിനാണ് ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗപ്പെടുത്തേണ്ടത്. ഒരു വാർഷിക പദ്ധതിയിൽ ഒരു സേവന ഘടകത്തിന് മാത്രം ഊന്നൽ നൽകി പ്രോജക്ട് ഏറ്റെടുത്ത് അത് പൂർണ്ണതയിൽ എത്തിക്കണം. ഈ വിഭാഗത്തിൽ ശുചിത്വം, ഖര മാലിന്യ പരിപാലനം, ശ്മശാനങ്ങൾ സ്ഥാപിക്കൽ, കുടിവെള്ള വിതരണം, നടപ്പാതകളുടെ നിർമ്മാണം, തെരുവ് വിളക്കുകൾ സ്ഥാപിക്കൽ, തദ്ദേശ സ്ഥാപനങ്ങളുടെ ഒഴികെയുള്ള സാമൂഹിക ആസ്തികളുടെ പരിപാലനം, റോഡ് പരിപാലനം എന്നിവയാണ് ഏറ്റെടുക്കേണ്ടത്. റോഡ് സംരക്ഷണത്തിന്റെയും പരിപാലനത്തിന്റെയും ഭാഗമായല്ലാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് പുതിയ റോഡിന്റെ കോൺക്രീറ്റിംഗ് നടത്താവുന്നതല്ല (18.09.2017-ലെ ഡി.എ.1/672/2017/ത.സ്വ.ഭ.വ നമ്പർ സർക്കുലർ). നിലവിലെ റോഡിന്റെ പരിപാലനത്തിന്റെയും സംരക്ഷണത്തിന്റെയും ഭാഗമായി കോൺക്രീറ്റിംഗ് ആവശ്യമാണെന്ന് ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്തണം. എന്നാൽ എഞ്ചിനീയറുടെ സാക്ഷ്യപ്പെടുത്തൽ ഇല്ലാതെയാണ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്.

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗ മാർഗരേഖയ്ക്ക് വിരുദ്ധമായി ഓഡിറ്റ് വർഷം 20083017 രൂപയുടെ 45 പ്രോജക്ടുകളാണ് നഗരസഭയുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. 13747272 രൂപ ഈ പദ്ധതികൾക്കായി ചെലവഴിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവഴിച്ച തുക |
|---|---|---|---|---|
| 1. | 1/17-18 | ആയുർവേദ ആശുപത്രിയിൽ മരുന്ന് വാങ്ങൽ | 700000 | 700000 |
| 2. | 2/17-18 | ഹോമിയോ ഹോസ്പിറ്റൽ മരുന്ന് വാങ്ങൽ | 200000 | 200000 |

| | | | | |
|---|---|---|---|---|
| 3. | 113/17-18 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 250000 | 250000 |
| 4. | 214/17-18 | പഴയ ലൈബ്രറി കെട്ടിടം പുനരുദ്ധാരണം | 150000 | 150000 |
| 5. | 6/18 | പ്രോപ്പർട്ടി ടാക്സ് ഡാറ്റാ എൻട്രി | 63659 | 0 |
| 6. | 115/18 | ആസ്തി രജിസ്റ്റർ പുതുക്കൽ | 100000 | 0 |
| 7. | 218/17-18 | ഭവന പുനരുദ്ധാരണം | 1104150 | 0 |
| 8. | 126/18 | പി.എം.എ.വൈ. വിഹിതം | 5000000 | 5000000 |
| 9. | 137/18 | ഭവന പുനരുദ്ധാരണം | 1400000 | 1325000 |
| 10. | 203/18 | കിണർ റീചാർജ്ജ് | 880000 | 60000 |
| 11. | 211/18 | ഭവന നിർമ്മാണം | 620000 | 380000 |
| 12. | 22/18 | ശ്രീമൂലം മാർക്കറ്റ് നവീകരണം | 100000 | 89230 |
| 13. | 23/18 | മുനിസിപ്പൽ ഓഫീസ് സെക്കന്റ് ഫ്ലോർ മെയിന്റനൻസ് | 400000 | 0 |
| 14. | 145/18 | പറക്കോട് മാർക്കറ്റ് നവീകരണം | 2500000 | 0 |
| 15. | | കോൺക്രീറ്റ് റോഡുകൾ 31 എണ്ണം (ആകെ അടങ്കലും, ചെലവും ചേർത്തിരിക്കുന്നു) | 6615208 | 5593042 |
| | | ആകെ | 20083017 | 13747272 |

സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചത് ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഈ വിഷയത്തിൽ ഉചിതമായ നടപടികൾ ഭരണവകുപ്പ് സ്വീകരിക്കാൻ ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നു.

# 3-5 കണക്ടഡ് ലോഡ് ക്രമീകരിച്ചില്ല - വൈദ്യുതി ചാർജ്ജിനത്തിൽ അധികം ചെലവഴിച്ചത് 3.09 ലക്ഷം രൂപ

അടൂർ നഗരസഭയിൽ ഓഫീസ് ആവശ്യത്തിനായി 6B താരിഫിൽ നൽകിയിട്ടുള്ള ത്രീഫേസ് കണക്ഷന്റെ അംഗീകൃത കണക്ടഡ് ലോഡ് 2900 watts ആണ്. 2016 സെപ്തംബർ മാസം 20ാം തീയതി അടൂർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ നിന്നും നഗരസഭയിൽ നടത്തിയ പരിശോധനയിൽ അംഗീകൃത കണക്ടഡ് ലോഡിലും 13450 watts അധികമായി ഉപയോഗിച്ചു വരുന്നതായി കണ്ടെത്തിയിട്ടുണ്ട്. പരിശോധനയുടെ അടിസ്ഥാനത്തിൽ അനധികൃതമായി വൈദ്യുതി ഉപയോഗിച്ചതിന് 141674രൂപ പിഴ ഒടുക്കുന്നതിന് നഗരസഭക്ക് കത്ത് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നഗരസഭ അപ്പീൽ നൽകിയെങ്കിലും അധിക ലോഡുകൾ കൂട്ടിച്ചേർക്കുകയോ അല്ലെങ്കിൽ പൂർണ്ണമായും ഇളക്കിമാറ്റുകയോ ചെയ്യണമെന്ന് 16.02.2018ലെ 17-18/8/BB-ാം നമ്പർ കത്തിൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ നിന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയും തുടർനടപടി സ്വീകരിക്കാത്തതിനാൽ വൈദ്യുത ചാർജ്ജിനത്തിലും, പീനൽ ചാർജ്ജിനത്തിലും ഗണ്യമായ തുക നഗരസഭക്ക് ചെലവാകുന്നുണ്ട്. 2017 ജനവരി മാസം മുതൽ 2019ജനവരി വരെ പീനൽ ചാർജ്ജായി ഈടാക്കിയത് 309178.6രൂപയാണ്. യഥാസമയം നടപടി സ്വീകരിക്കുന്നതിൽ നഗരസഭ വിമുഖത പുലർത്തിയത് മൂലം ഈ ഇനത്തിൽ ഗണ്യമായ തുക അധികം ചെലവഴിക്കേണ്ടി വരുന്നു. കണക്ടഡ് ലോഡ് ക്രമവൽക്കരിക്കുന്നതിന് സത്വര നടപടി സ്വീകരിച്ച് പീനൽ ചാർജ്ജ് ഒടുക്കുന്നത് ഒഴിവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഈ ഇനത്തിൽ നഗരസഭാ ഫണ്ടിനുണ്ടാകുന്ന നഷ്ടം

സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി ഓഡിറ്റിൽ കണക്കാക്കി ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ട പ്രകാരമുള്ള നടപടികൾക്ക് ശുപാർശ ചെയ്യുന്നതുമായിരിക്കും.

# 3-6 ഡെപ്പോസിറ്റ് പ്രവൃത്തികൾ - മുൻകൂറായി നൽകിയ 1.62 കോടി രൂപയുടെ വിനിയോഗ രേഖകളില്ല

നഗരസഭ 2017-18 വർഷം വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി തുടങ്ങിയ നിർവ്വഹണ ഏജൻസികളിൽ വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി 16199810 രൂപ നിക്ഷേപിച്ചിട്ടുണ്ട്. ഈ തുക നിർവ്വഹണ ഏജൻസികൾ കൈപ്പറ്റിയത് സംബന്ധിച്ച രേഖകളും ഫയലിലില്ല. തുക ബന്ധപ്പെട്ട ഏജൻസികളുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത ശേഷം യൂ.റ്റി.ആർ. നമ്പർ നിർവ്വഹണ ഏജൻസികളെ അറിയിക്കാത്തതിനാൽ എത് സ്ഥാപനത്തിന്റെ അക്കൗണ്ടിൽ നിന്നാണ് തുക ട്രാൻസ്ഫർ ചെയ്തത് എന്നത് വ്യക്തമാകില്ല. ഈ പ്രവൃത്തികൾ നിലവിൽ ഏതവസ്ഥയിലാണ് എന്നത് സംബന്ധിച്ച രേഖകളൊന്നും തന്നെ നഗരസഭയിലില്ല. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടവാക്കിയ തുക | നിർവ്വഹണ സ്ഥാപനം |
|---|---|---|---|---|
| 1 | 117/18 | പൊതുജല വിതരണത്തിനായി പൈപ്പ് ലൈൻ സ്ഥാപിക്കൽ | വികസന ഫണ്ട്- 1000000<br>ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- 14200000 | വാട്ടർ അതോറിറ്റി |
| 2 | 135/18 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- 999810 | കെ.എസ്.ഇ.ബി |

പ്രോജക്ടുകൾ പ്രകാരം വകയിരുത്തിയ തുക ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്ക് ലഭിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ടതും പ്രോജക്ടുകൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും, നീക്കിയിരിപ്പ് തുക തിരികെ ഈടാക്കേണ്ടതുമാണ്.

മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു

**1. കരാർ ഉടമ്പടി വയ്ക്കാതെ നിർവ്വഹണ സ്ഥാപനത്തിന് തുക കൈമാറി**

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക കൈമാറുന്നതിന് മുന്നോടിയായി പദ്ധതിയുടെ വിശദാംശങ്ങളും പൂർത്തീകരണ കാലയളവും അനുബന്ധ രേഖകളും ഉൾപ്പെടുത്തി ഒരു കരാർ ഉടമ്പടി ചമക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. ഇതു മൂലം പ്രവൃത്തികളുടെ പൂർത്തീകരണത്തിന് തടസ്സം നേരിട്ടാൽ നിർവ്വഹണ സ്ഥാപനങ്ങൾക്കെതിരേ യാതൊരു നിയമ നടപടിയും നഗരസഭയ്ക്ക് സ്വീകരിക്കുവാൻ കഴിയില്ല.

**2. ചെലവ് ശതമാനം ഉയർത്തുന്നതിനായി ഡെപ്പോസിറ്റ് പ്രവത്തികൾക്കായി തുക വകമാറ്റുന്നു**

പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ച 117/18 നമ്പർ പ്രോജക്ടിന് വികസന ഫണ്ടിൽ നിന്നും 10 ലക്ഷം രൂപയായിരുന്നു വകയിരുത്തിയിരുന്നത്. പദ്ധതി ചെലവ് ഉയർത്തുന്നതിനായാണ് പ്രോജക്ട് റിവൈസ് ചെയ്ത് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും സാമ്പത്തിക വർഷത്തിന്റെ അവസാന മാസം 14200000 രൂപ കൂടി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചത്. വാട്ടർ അതോറിറ്റിയുടെ ചിരണിക്കൽ പ്രോജക്ടിൽ നിന്നാണ് നഗരസഭാ പ്രദേശത്ത് കുടിവെള്ളം നൽകുന്നത്. പ്രോജക്ട് പ്രകാരമുള്ള സ്ഥലങ്ങളിൽക്കൂടി കുടിവെള്ളം നൽകുന്നതിനുള്ള ശേഷി ഈ പ്രോജക്ടിനുണ്ടോ എന്നുറപ്പാക്കാതെയാണ് എഗ്രിമെന്റ് പോലും വയ്ക്കാതെ തുക വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയത്.

**3. സെന്റേജ് ചാർജ് ഇനത്തിൽ അധികം തുക ഈടാക്കി**

കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടത്തുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റിന്റെ 10% സൂപ്പർവിഷൻ ചാർജ്ജും 2.5% എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കുന്നതിനുള്ള ചാർജ്ജും ചേർത്ത് 12.5% സെന്റേജ് ചാർജ്ജ് ഈടാക്കുന്നുണ്ട്. 2012-ലെ പരിഷ്കരിച്ച പി.ഡബ്ല്യു.ഡി. മാനുവൽ അനുസരിച്ച് ഡെപ്പോസിറ്റ് വർക്കുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാൻ എൽ.എസ്.ജികൾ 2.5% സെന്റേജ് ചാർജ് പി.ഡബ്ല്യു.ഡിയിൽ അടയ്ക്കേണ്ടതില്ല. പി.ഡബ്ല്യു.ഡി. മാനുവൽ കേരള വാട്ടർ അതോറിറ്റിയ്ക്കും ബാധകമായതിനാൽ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് 2.5% സെന്റേജ് ചാർജ്ജ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കുവാൻ പാടില്ലായെന്ന് 16.04.2018-ലെ സ.ഉ.(സാധാ) നം.1069/18 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റിന്റെ 10% മാത്രം സൂപ്പർ വിഷൻ ചാർജ് ഇനത്തിൽ ഈടാക്കിയാൽ മതിയാകും. വാട്ടർ അതോറിറ്റി നൽകിയ എസ്റ്റിമേറ്റിൽ 12.5%-ൽ അധികം തുക സെന്റേജ് ചാർജ് ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്. ഇതുമൂലം അധിക തുക വാട്ടർ അതോറിറ്റിയിൽ ഒടുക്കാനിടയായിട്ടുണ്ട്.

**4. റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയത്**

കേരള വാട്ടർ അതോറിറ്റി ലഭ്യമാക്കിയ എസ്റ്റിമേറ്റിൽ റോഡ് റീസ്റ്റോറേഷൻ ചാർജ് ഇനത്തിൽ 410602 രൂപയും റോഡ് റീ-കോൺക്രീറ്റ് ഇനത്തിൽ 1464765 രൂപയും ഈടാക്കിയിട്ടുണ്ട്. ഇവ രണ്ടും റോഡ് റീസ്റ്റൊറേഷൻ വിഭാഗത്തിൽ ഉൾപ്പെടുന്നതിനാൽ ആയത് പരിശോധിച്ച് അധികം തുക ഒടുക്കാനിടയായിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതാണ്.

**5. വാർഡ് അടിസ്ഥാനത്തിൽ പ്രവൃത്തികൾ വിഭജിക്കുന്നു**

വാട്ടർ അതോറിറ്റി ലഭ്യമാക്കിയ എസ്റ്റിമേറ്റിൽ വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വകയിരുത്തി തയ്യാറാക്കിയതാണ്. ഓരോ വാർഡിലേയും ലൈൻ എക്സ്റ്റൻഷൻ ആവശ്യമുള്ളതും ജലദൗർലഭ്യമുള്ളതുമായ പ്രദേശങ്ങൾ കണക്കിലെടുത്തല്ല എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. ജലദൗർലഭ്യത്തിന്റെ തീവ്രതയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് പൈപ്പ് ലൈൻ നീട്ടുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനു പകരം വാർഡ് അടിസ്ഥാനത്തിൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നത് ശരിയായ പ്രവണതയല്ല. അപാകത നഗരസഭാ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-7 ക്രമീകരിക്കാൻ അവശേഷിക്കുന്ന ഡെപ്പോസിറ്റ് 86.99 ലക്ഷം രൂപ

നഗരസഭയുടെ പദ്ധതി ചെലവ് കണക്കുകൾ പരിശോധിച്ചതിൽ 2012-13 മുതൽ 2016-17 വരെ കാലയളവിൽ കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി എന്നീ ഏജൻസികളിൽ ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ നിർവ്വഹണത്തിനായി 2.49 കോടി രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതായി കണ്ടു. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മുൻകൂർ നല്കിയ തുകകളുടെ വിശദവിവരങ്ങൾ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നിർവ്വഹണ ഏജൻസികളുമായി സർക്കാർ നിഷ്കർഷിച്ച മാതൃകയിൽ മുദ്രപത്രത്തിൽ എഗ്രിമെന്റ് വെച്ചതിനുശേഷമല്ല തുക കൈമാറിയിട്ടുള്ളത്. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക ഒടുക്കിയിട്ടുള്ളതല്ലാതെ സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കി പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്നതിന് നഗരസഭ നടപടി സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 9/19.03.19) അധികൃതർ മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമീകരിക്കാൻ അവശേഷിക്കുന്ന ഡെപ്പോസിറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ഏജൻസി | ഡെപ്പോസിറ്റ് തുക |
|---|---|---|---|---|---|
| 1 | 2012- | 133 | വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ | കെ.എസ്.ഇ.ബി. | 1145162 |

| | | | | | |
|---|---|---|---|---|---|
| | 13 | | | | |
| 2 | " | 134 | കേടായ പൊതു ടാപ്പുകൾ മാറ്റി പുതിയത് സ്ഥാപിക്കൽ | കെ.ഡബ്ല്യു.എ. | 430000 |
| 3 | " | 138 | ഇലക്ട്രിക്കൽ ലൈൻ എക്സ്റ്റൻഷൻ (സ്ട്രീറ്റ് മെയിൻ) | കെ.എസ്.ഇ.ബി. | 1000000 |
| 4 | 2013-14 | 72 | എനർജി മീറ്റർ സ്ഥാപിക്കൽ | കെ.എസ്.ഇ.ബി. | 694300 |
| 5 | " | 73 | വൈദ്യുതി ലൈൻ വലിക്കൽ | കെ.എസ്.ഇ.ബി. | 500000 |
| 6 | " | 74 | ഓരോ വാർഡിലും വൈദ്യുതി ലൈൻ വലിക്കൽ | കെ.എസ്.ഇ.ബി. | 370851 |
| 7 | " | 89 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | കെ.ഡബ്ല്യു.എ. | 618000 |
| 8 | 2014-15 | 15 | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | കെ.എസ്.ഇ.ബി. | 390385 |
| 9 | 2015-16 | 37 | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | കെ.എസ്.ഇ.ബി. | 250536 |
| 10 | " | 65 | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | കെ.എസ്.ഇ.ബി. | 54600 |
| 11 | 2016-17 | 72 | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | കെ.എസ്.ഇ.ബി. | 245400 |
| 12 | " | 206 | തെരുവ് വിളക്കുകൾക്കു വേണ്ടി വൈദ്യുതി ലൈൻ സ്ഥാപിക്കൽ | കെ.എസ്.ഇ.ബി. | 1500000 |
| 13 | " | 207 | പൊതു ജല വിതരണത്തിനായി പൈപ്പ് ലൈൻ സ്ഥാപിക്കൽ | കെ.ഡബ്ല്യു.എ. | 1500000 |
| | | | ആകെ | | 8699234 |

ടി പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി ഡെപ്പോസിറ്റുകൾ ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-8 പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിലെ കുടിശ്ശിക 1.72കോടി രൂപ

നഗരസഭയിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള 555 പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിവർഷം ചെലവഴിക്കുന്നത് 4375620 രൂപയാണ്. 2017 ഏപ്രിൽ, 2018 ഫെബ്രുവരി മാസങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ 31.03.2018ൽ വാട്ടർ അതോറിറ്റിയിൽ ഒടുക്ക് വരുത്താനുള്ളത് 17235283 രൂപയാണ്. 2017-18 വർഷം വരെ പിഴപലിശ ഇനത്തിൽ ഒടുക്കാനുള്ളത് 204440രൂപയാണ്. വെള്ളക്കരം ഒടുക്കാത്തത് മൂലം പിഴപലിശ ഒടുക്കേണ്ടി വന്നാൽ ആയത് സെക്രട്ടറിയുടെയോ,ചെയർപേഴ്സന്റെയോ വ്യക്തിപരമായ ബാധ്യതയായിരിക്കും.

നഗരസഭയുടെ തനത് വരുമാനത്തിന്റെ ഗണ്യമായ തുകയും ഈ ഇനത്തിൽ ചെലവഴിക്കുമ്പോഴും 28.09.2011-ലെ ജി.ഒ.(ആർ.ടി)2242/2011 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങളും, ഗാർഹിക കണക്ഷൻ പ്രോൽസാഹിപ്പിച്ച് പൊതു ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തേണ്ടതാണെന്ന സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളും നഗരസഭ പാലിക്കുന്നില്ല. നഗരസഭയും വാട്ടർ അതോറിറ്റിയുമായി ചേർന്ന് 2017 ഏപ്രിൽ, മെയ് മാസങ്ങളിലായി സംയുക്ത

പരിശോധന നടത്തിയെങ്കിലും നാളിതുവരെയും റിപ്പോർട്ട് ലഭിച്ചിട്ടില്ല. സംയുക്ത പരിശോധന നടത്തി 2 വർഷം പിന്നിട്ടിട്ടും റിപ്പോർട്ട് ലഭ്യമാക്കുന്നതിനോ തുടർനടപടി സ്വീകരിക്കുന്നതിനോ നഗരസഭ യാതൊരു നടപടിയും സ്വീകരിച്ചില്ല. വെള്ളക്കരം ഇനത്തിലുള്ള അധിക ചെലവ് നിയന്ത്രിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, ഭരണസമിതിയും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

# 3-9 പത്തുലക്ഷം രൂപ ഒടുക്കിയെങ്കിലും വെള്ളക്കര കുടിശ്ശിക കുറവ് ചെയ്തില്ല

2017-18 വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വെള്ളക്കര കുടിശ്ശിക ഒടുക്കുവാനായി റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 10 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിക്കുകയും തുക വാട്ടർ അതോറിറ്റിയുടെ പത്തനംതിട്ട ഡിവിഷനിലേയ്ക്ക് 18.07.17-ൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകുകയും ചെയ്തിരുന്നു. എന്നാൽ 10 ലക്ഷം രൂപ തുടർന്നുള്ള മാസങ്ങളിലെ ബില്ലുകളിലൊന്നും തന്നെ കുറവ് വരുത്തിയിട്ടില്ല. വെള്ളക്കര കുടിശ്ശിക ഒടുക്കുന്നതിനായി അക്കൗണ്ട് ട്രാൻസ്ഫർ നടത്തിയതിന്റെ യു.റ്റി.ആർ നമ്പർ സഹിതം വിശദാംശം നാളിതുവരെ വാട്ടർ അതോറിറ്റിയെ അറിയിച്ചിട്ടില്ല.

തുക ട്രാൻസ്ഫർ ചെയ്ത 2017 ജൂലൈ മാസത്തിലേയും ഓഡിറ്റ് നടന്ന 2019 മാർച്ച് മാസത്തിലേയും ബില്ലുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| മാസം | മാസാരംഭത്തിൽ അടക്കാനുള്ള കുടിശ്ശിക തുക | ഫൈൻ | ഫൈൻ ഉൾപ്പടെ ആകെ വെള്ളക്കര കുടിശ്ശിക |
|---|---|---|---|
| 7/17 | 14164662 | 364635 | 14529257 |
| 3/19 | 20897852 | 409916 | 21307768 |

നിലവിലെ(3/19-ലെ) വാട്ടർ ചാർജ് കുടിശ്ശിക 2.13 കോടി രൂപയാണ്. 4/2013 മുതലുള്ള കുടിശ്ശികയാണിത്. ഭീമമായ കുടിശ്ശിക നിലനിൽക്കുമ്പോഴും നഗരസഭ പരിപാലിക്കുന്ന 555 ടാപ്പുകളുടെ പ്രതിമാസ വെള്ളക്കരം മാത്രമാണ് നഗരസഭ ഒടുക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(46/26.3.17) കുടിശ്ശിക തുക ക്രമീകരിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമെന്ന് മറുപടി നൽകിയിട്ടുണ്ട്. 10 ലക്ഷം രൂപ ഒടുക്കിയിട്ടും ആയത് വെള്ളക്കര കുടിശ്ശികയിൽ നിന്നും കുറവ് ചെയ്യാൻ നാളിതുവരെ നടപടി സ്വീകരിക്കാതിരുന്നത് നഗരസഭയുടെ ആഭ്യന്തര നിയന്ത്രണത്തിലും ഏകോപനത്തിലുമുണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ 10 ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് പരാമർശത്തിൻമേൽ അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതും വിശദാംശം രേഖകൾ സഹിതം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതുമാണ്.

# 3-10 ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ (FFC) പ്രവർത്തിക്കുന്നില്ല - 2.5 ലക്ഷം രൂപയുടെ കാർഷിക ഉപകരണങ്ങൾ ഉപയോഗിക്കാതെ നശിക്കുന്നു

നഗരസഭയിൽ കാർഷിക സഹായ കേന്ദ്രം(Farmers Fecilitation Centre) ആരംഭിക്കുകയെന്ന കുടുംബശ്രീ മിഷന്റെ പ്രോജക്ടിന്റെ ഭാഗമായി കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായി 300000 രൂപ നഗരസഭ സി.ഡി.എസിന് ലഭിച്ചിരുന്നു. കുടുംബശ്രീ ജില്ലാ മിഷൻ ചുമതലപ്പെടുത്തിയ വിതരണക്കാർ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിൽ തുക കൈമാറണമെന്നാണ് നിർദ്ദേശിച്ചിരുന്നത്. 30.10.14-ന് കാർഷിക യന്ത്രോപകരണങ്ങൾ ലഭ്യമാക്കിയതനുസരിച്ച് 250000 രൂപ ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്.

ഇപ്രകാരം ലഭിച്ച ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്നതിനായി കാർഷിക സഹായകേന്ദ്രം ആരംഭിക്കുന്നതിനും കർഷകർക്ക് ന്യായമായ നിരക്കിൽ വാടകയ്ക്ക് നൽകി സി.ഡി.എസ്.ഫണ്ടിൽ മുതൽ കൂട്ടുന്നതിനുമായിരുന്നു കുടുംബശ്രീ മിഷൻ നിർദ്ദേശിച്ചിരുന്നത്. എന്നാൽ നാളിതുവരെ ഇപ്രകാരമൊരു കാർഷിക സഹായ കേന്ദ്രം ആരംഭിച്ചിട്ടില്ല. കാർഷിക സഹായ കേന്ദ്രം സജ്ജീകരിക്കുന്നതിനായി നൽകിയ 50000 രൂപ ബാങ്ക് ഓഫ് ബറോഡയിൽ ആരംഭിച്ച അക്കൗണ്ടിൽ നിഷ്ക്രീയമായി തുടരുന്നു. വാങ്ങിയ ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Invoice No.V-67A/14-15/30.10.14

| Sl. No. | Item | Qty. | Price |
|---|---|---|---|
| 1 | Rotary Tiller with gewar Model MTZ 215 4 stroke petrol engine 5.5 HP 2 forward & 1 reverse speeds weight 70 kg. | 1 | 106666.67 |
| 2 | Wheel barrow single | 1 | 3047.62 |
| 3 | Wheel barrow double | 1 | 4285.71 |
| 4 | Agrimate Honda Weed cutter | 2 | 44761.90 |
| 5 | Field Marshal 1.5 HP Portable petrol diesel engine with all accessories | 1 | 22380.95 |
| 6 | 1.5 HP Honda engine pumpset with 30 mtr. hose | 1 | 19504.76 |
| 7 | ASPEE Bolo motorised power sprayer | 1 | 6714.29 |
| 8 | 3 Ltr sprayer | 3 | 1740.00 |
| 9 | 5 Ltr sprayer | 3 | 2040.00 |
| 10 | 12 Ltr sprayer brass tank | 2 | 10760.00 |
| 11 | 9 Ltr brass tank sprayer | 1 | 4270.00 |
| 12 | Thoompa | 11 | 2750.00 |
| 13 | Koonthali | 10 | 5850.00 |
| 14 | Digging Fork Spade | 5 | 3760.00 |
| 15 | Pick Axe | 2 | 1100.00 |
| | Tax Amount | | 10368.10 |
| | Total | | 250000.00 |

ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് മുൻപ് ടില്ലർ ഉൾപ്പടെ 2.5 ലക്ഷം രൂപയുടെ കാർഷിക ഉപകരണങ്ങൾ വാങ്ങുകയാണുണ്ടായത്. ടില്ലർ കൃഷി ഭവനിലും മറ്റ് ഉപകരണങ്ങൾ സി.ഡി.എസ്. ഓഫീസിലും ഉപയോഗപ്പെടുത്താതെ സൂക്ഷിച്ചിരിക്കുകയാണ്. പൊതുപ്പണം ചെലവഴിച്ച് ആർജ്ജിച്ച ആസ്തികൾ പ്രവർത്തനക്ഷമമാക്കി സംരക്ഷിക്കാതിരിക്കുന്നത് ആ ആസ്തി സൃഷ്ടിക്കുന്നതിന് ചെലവഴിച്ച പണത്തിന്റെ ദുർവിനിയോഗത്തിന് തുല്യമാണ്.

ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ അടിയന്തിരമായി പ്രവർത്തനക്ഷമമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-11 മാർക്കറ്റിംഗ് ഫെസിലിറ്റേഷൻ സെന്റർ - 10 ലക്ഷം രൂപയുടെ നിഷ്ക്രീയ നിക്ഷേപം

കുടുംബശ്രീ ഉൽപ്പന്നങ്ങളും സേവനങ്ങളും കൂടുതൽ ആകർഷകമാക്കി പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് ഓരോ നഗരസഭാ പരിധിയിലും കമ്മ്യൂണിറ്റി ഡെവലപ്പമെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കുടുംബശ്രീ പ്രദർശന വിൽപ്പനകേന്ദ്രം ആരംഭിക്കുന്നതിന് സംസ്ഥാന കുടുംബശ്രീ മിഷന്റെ 15/3/14-ലെ കെ.എസ്/എഫ്/836/11 നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിരുന്നു. ഇതിനായി 10 ലക്ഷം രൂപ മുൻകൂറായി സംസ്ഥാന മിഷൻ അനുവദിക്കുമെന്നും ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് 10 ലക്ഷം രൂപ 28/3/15-ൽ നഗരസഭാ സി.ഡി.എസ്-ന് ലഭിച്ചിരുന്നു. എന്നാൽ തുക ലഭിച്ച് 4 വർഷങ്ങൾ കഴിഞ്ഞിട്ടും മാർക്കറ്റിംഗ് ഫെസിലിറ്റേഷൻ സെന്റർ യാഥാർത്ഥ്യമായില്ല. തുക ബാങ്ക് ഓഫ് ബറോഡയിൽ ആരംഭിച്ച അക്കൗണ്ടിൽ നിഷ്ക്രീയ നിക്ഷേപമായി തുടരുകയാണ്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടിയായി കെട്ടിടം നിർമ്മിക്കുന്നതിന് നഗരസഭാ കൗൺസിൽ പറക്കോട് മാർക്കറ്റിൽ സ്ഥലം അനുവദിച്ചിട്ടുണ്ടെന്നും കെട്ടിടം നിർമ്മാണം ഉടൻ ആരംഭിക്കുമെന്നും സി.ഡി.എസ് അറിയിച്ചു. പദ്ധതി യാഥാർത്ഥ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 3-12 ആശ്രയ പദ്ധതി - ചലഞ്ച് ഫണ്ട് യഥാസമയം കൈമാറുന്നതിൽ ഗുരുതര വീഴ്ച

നഗരസഭയുടെ രണ്ടാംഘട്ട ആശ്രയ പദ്ധതിയുടെ രണ്ടാം ഗഡു ചലഞ്ച് ഫണ്ട് 5,48,767 രൂപ കുടുംബശ്രീ പത്തനംതിട്ട ജില്ലാ മിഷനിൽ നിന്ന് ചെക്ക് നം. 2298074/30.03.2017 പ്രകാരം ലഭ്യമായത് നഗരസഭയുടെ തനത്ഫണ്ടിലേക്ക് 19.04.2017-ൽ ക്രെഡിറ്റ് ചെയ്തിരുന്നു. ടി തുക ആശ്രയ ഗുണഭോക്താക്കൾക്കായി ചെലവഴിക്കുന്നതിന് സി.ഡി.എസ്സിന്റെ പേരിലുള്ള ആശ്രയ അക്കൗണ്ടിലേക്ക് (നം.48012210006712, സിൻഡിക്കേറ്റ് ബാങ്ക്, അടൂർ ബ്രാഞ്ച്) മാറ്റുന്നതിന് 06.03.2017-ന് സി.ഡി.എസ്സ്. മെമ്പർ സെക്രട്ടറി നഗരസഭാ സെക്രട്ടറിയ്ക്ക് അപേക്ഷ നൽകിയിരുന്നു. ഇത് പ്രകാരം തുക കൈമാറുവാൻ 21.04.2017-ൽ നഗരസഭാ സെക്രട്ടറി നിർദ്ദേശം നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി തുക സി.ഡി.എസ്സിന്റെ അക്കൗണ്ടിലേക്ക് നൽകിയത് 28.03.2018-ൽ മാത്രമാണ് (അക്കൗണ്ടിൽ ക്രെഡിറ്റ് ആയത് 04.04.2018). ചലഞ്ച് ഫണ്ട് യഥാസമയം സി.ഡി.എസ്സിന് ലഭിക്കാതിരുന്നതിനാൽ ആശ്രയ ഗുണഭോക്താക്കൾക്കുള്ള അവശ്യസേവനങ്ങൾ യഥാസമയം നൽകുന്നതിന് സാധിക്കാതെ വന്നു.

2017-18 സാമ്പത്തിക വർഷം ഭക്ഷണക്കിറ്റ് വിതരണം മാത്രമാണ് ആശ്രയ പദ്ധതിയുടെ ഭാഗമായി നടത്തിയത്. വികസന ഫണ്ടിൽ നിന്നുള്ള 99,069 രൂപയാണ് (പ്രോജക്ട് നം.125/18) ഇതിനുവേണ്ടി വിനിയോഗിച്ചത്. ഭക്ഷണ വിതരണത്തിന് ചലഞ്ച് ഫണ്ടാണ് ഉപയോഗിക്കേണ്ടിയിരുന്നത്. എന്നാൽ ചലഞ്ച് ഫണ്ട് ലഭ്യമാകാതിരുന്ന സാഹചര്യത്തിലാണ് വികസനഫണ്ട് ടി ആവശ്യത്തിനായി ചെലവഴിക്കേണ്ടി വന്നത്. കുടുംബശ്രീ ജില്ലാ മിഷനിൽ നിന്ന് നഗരസഭയ്ക്ക് ലഭ്യമായ ചലഞ്ച് ഫണ്ട് സെക്രട്ടറിയുടെ നിർദ്ദേശം ഉണ്ടായിരുന്നിട്ടുപോലും യഥാസമയം സി.ഡി.എസ്സിന് കൈമാറാതിരുന്നതിന് ബന്ധപ്പെട്ട ജീവനക്കാരുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.55/29.03.19) മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കുന്ന മുറയ്ക്ക് പരാമർശത്തിന്മേൽ തുടർനടപടി സ്വീകരിക്കുന്നതായിരിക്കും.

# 3-13 സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് യഥാസമയം വിഹിതം ലഭിക്കുന്നില്ല - പെൻഷൻ ഇനത്തിൽ തനത് ഫണ്ട് ചെലവഴിക്കുന്നു

നഗരസഭാ ജീവനക്കാരുടെ പെൻഷൻ വിഹിതം അതാത് മാസത്തെ ശമ്പളത്തിൽ നിന്ന് പിൻവലിച്ച് ഡയറക്ടറുടെ പേരിലുള്ള സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുവരുത്തുന്നുണ്ട്. നഗരസഭയിൽ നിന്ന് ലഭ്യമാക്കിയ രേഖകൾ പ്രകാരം 2017-18 സാമ്പത്തിക വർഷം ഈയിനത്തിൽ ഒടുക്കുവരുത്തുവാൻ തുകകളൊന്നും അവശേഷിക്കുന്നില്ല.

എന്നാൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് യഥാസമയം അലോട്ട്മെന്റ് ലഭിക്കാത്തതിനാൽ ജീവനക്കാരുടെ പെൻഷൻ വിതരണം ചെയ്യുന്നതിനായി നഗരസഭയ്ക്ക് തനത്, ജനറൽ പർപ്പസ് ഫണ്ടുകളെ ആശ്രയിക്കേണ്ടി വരുന്നു. 2017-18 സാമ്പത്തിക വർഷം മുനിസിപ്പൽ പെൻഷൻ ഫണ്ടിൽ 37,967 രൂപ മാത്രമായിരുന്നു അവശേഷിച്ചിരുന്നത്. ഇക്കാരണത്താൽ തനത്ഫണ്ടിൽ നിന്ന് 38,12,268 രൂപയും ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് 20,13,493 രൂപയും അടക്കം 58,25,761 രൂപ പെൻഷൻ വിതരണം ചെയ്യുന്നതിനായി നഗരസഭയ്ക്ക് ചെലവഴിക്കേണ്ടി വന്നു. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് 08.03.2018-ൽ മാത്രമാണ് പെൻഷൻ അലോട്ട്മെന്റ് (₹45,27,145) ലഭ്യമായത്. ടി തുക മുനിസിപ്പൽ പെൻഷൻ ഫണ്ട് അക്കൗണ്ടിൽ (TPA 146) ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ടി തുക ഉപയോഗിച്ച്, നഗരസഭാ ഫണ്ടിൽ നിന്ന് പെൻഷൻ നൽകുവാനായി ചെലവഴിച്ച തുക ക്രമീകരിക്കേണ്ടതാണ്.

# 3-14 ഭവനപുനരുദ്ധാരണ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | | |
|---|---|---|
| പദ്ധതിയുടെ പേര് | ഭവന പുനരുദ്ധാരണം, S0 218/18 | |
| അടങ്കൽ തുക | 16,95,850 (SCP) | |
| ചെലവ് തുക | 1,00,000 | - Bill No.04/17-18/06.03.18 |
| | 50,000 | - Bill No.05/17-18/09.03.18 |
| | 1,50,000 | - Bill No.07/17-18/09.03.18 |
| | 1,50,000 | - Bill No.10/17-18/16.03.18 |
| | 1,42,500 | - Bill No.12/17-18/17.03.18 |
| | 75,000 | - Bill No.15/17-18/24.03.18 |
| | 3,47,500 | - Bill No.18/17-18/31.03.18 |
| | 1,73,500 | - Bill No.21/17-18/31.03.18 |
| ആകെ ചെലവ് | 11,88,500 | |

നഗരസഭയിലെ ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി, പട്ടികജാതി കുടുംബങ്ങൾക്ക് ഭവനപുനരുദ്ധാരണത്തിന് ആനുകൂല്യം നൽകിയതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

(എ) പദ്ധതിയുടെ ഭാഗമായി ആനുകൂല്യം ലഭിച്ചിട്ടുള്ള താഴെപ്പറയുന്നവർ നഗരസഭയുടെ അംഗീകൃത ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരല്ല.

1. രാധാമണി, കുമ്പിളുംവിള മേലേതിൽ, പന്നിവിഴ (42,500 രൂപ)

2. രാധ, കാവുങ്കോട്ട്, പറക്കോട് (50,000 രൂപ)

3. രാധാകൃഷ്ണൻ, പറങ്കിമാംവിള താഴേതിൽ, പന്നിവിഴ (50,000 രൂപ)

(ബി) വത്സല, പാലശ്ശേരിൽ, പോത്രാട് എന്ന ഗുണഭോക്താവ് ആദ്യഗഡുവായി 25,000 രൂപ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിലും മെയിന്റനൻസ് പ്രവൃത്തി പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. അനുവദിച്ച തുക ഉപയോഗിച്ച് മെയിന്റനൻസ് പ്രവൃത്തി പൂർത്തീകരിച്ചതായുള്ള റിപ്പോർട്ടും ലഭ്യമല്ല.

(സി) ഗിരിജ അനിൽകുമാർ, അനുമന്ദിരം, അടൂർ എന്ന ഗുണഭോക്താവിന് 50,000 രൂപ ആനുകൂല്യം നൽകിയിട്ടുണ്ട്. എന്നാൽ ടിയാൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടയാളാണെന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.37/26.03.18) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ടിയാളുകൾക്ക് സബ്സിഡിയിനത്തിൽ നൽകിയ 2,17,500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് മതിയായ വിശദീകരണം ലഭ്യമാക്കുന്ന മുറയ്ക്ക് പരാമർശത്തിന്മേൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

# 3-15 ലാപ് ടോപ്പ് വിതരണം ചെയ്യാതെ അവശേഷിക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്,<br>S0 173/18 |
| അടങ്കൽ തുക | 10,20,000 (SCP) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |
| ചെലവ് തുക | 10,14,900 - Bill No.17/17-18/26.03.18 |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനായി ഗവൺമെന്റ് ഇ-മാർക്കറ്റിംഗ് സംവിധാനം വഴി CITSA ടെക്നോളജീസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്ന് 34 ലാപ് ടോപ്പുകൾ വാങ്ങിയിരുന്നു. എന്നാൽ ഇവയുടെ വിതരണം സംബന്ധിച്ച് സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ, 33 ലാപ് ടോപ്പുകൾ മാത്രമാണ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. വിതരണം ചെയ്യുവാൻ അവശേഷിക്കുന്ന ലാപ് ടോപ്പ് നഗരസഭാ സെക്രട്ടറിയുടെ ഓഫീസിനുള്ളിൽ സൂക്ഷിച്ചിരിക്കുന്നതായി ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു. വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുവാൻ ആവശ്യമായതിലും അധികം ലാപ് ടോപ്പുകൾ വാങ്ങിയതിന്റെ കാരണം നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെൽത്ത് ഓഫീസർ വ്യക്തമാക്കിയിട്ടില്ല. ഇതുസംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.37/26.03.18) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ വിതരണം ചെയ്യുവാൻ അവശേഷിക്കുന്ന ലാപ് ടോപ്പിന്റെ വിലയായി ചെലവ് ചെയ്ത 29,850 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

താഴെപ്പറയുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്തത് മതിയായ രേഖകളുടെ അഭാവത്തിലാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അപാകത |
|---|---|---|
| 1 | ആര്യ, പുളിവിളയിൽ വീട്, ആനന്ദപ്പള്ളി | കോഴ്സ് സർട്ടിഫിക്കേറ്റ്, ജാതി തെളിയിക്കുന്ന സർട്ടിഫിക്കേറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 2 | മായ ബി., വാഴോട്ട് വീട്, പറക്കോട് | കോഴ്സ് സർട്ടിഫിക്കേറ്റ് ഹാജരാക്കിയിട്ടില്ല. |
| 3 | അഞ്ജലി അനിൽകുമാർ<br>അനുമന്ദിരം, അടൂർ | 2016-17 കാലയളവിലെ കോഴ്സ് സർട്ടിഫിക്കേറ്റാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. |
| 4 | നീലിമ എം., നീലിമ ഭവൻ, പന്നിവിഴ | 2016-17 കാലയളവിലെ കോഴ്സ് സർട്ടിഫിക്കേറ്റാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. |

ലാപ് ടോപ്പ് ലഭിച്ച ടി വിദ്യാർത്ഥികൾക്ക് ആയതിനുള്ള പൂർണ്ണമായ അർഹത ഉണ്ടോയെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ശരിയായ രീതിയിൽ ഉറപ്പുവരുത്തിയിട്ടില്ലായെന്ന് വ്യക്തമാകുന്നു. അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്ന മുറയ്ക്ക് പരാമർശം തീർപ്പാക്കുന്നതാണ്.

# 3-16 പഠനമുറി നിർമ്മാണം - നിബന്ധനകൾ പാലിക്കാത്തവർക്കും ആനുകൂല്യം നൽകി

| | | |
|---|---|---|
| പദ്ധതിയുടെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി,<br>S0 174/18 | |
| അടങ്കൽ തുക | 21,00,000 (SCP) | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ | |
| ചെലവ് തുക | 80000<br>40000<br>40000<br>160000<br>40000<br>200000<br>200000<br>20000 | - Bill No.03/17-18/06.03.18<br>- Bill No.06/17-18/09.03.18<br>- Bill No.09/17-18/16.03.18<br>- Bill No.11/17-18/17.03.18<br>- Bill No.13/17-18/17.03.18<br>- Bill No.16/17-18/24.03.18<br>- Bill No.19/17-18/31.03.18<br>- Bill No.20/17-18/31.03.18 |
| ആകെ ചെലവ് | 780000 | |

(എ) 2017-18 സാമ്പത്തിക വർഷത്തേക്കുള്ള സബ്സിഡി മാർഗ്ഗരേഖ പ്രകാരം, നിലവിലുള്ള വീടിനോട് ചേർന്ന് നിർമ്മിക്കുന്ന പഠനമുറിയുടെ തറ വിസ്തീർണ്ണം 100 ചതുരശ്ര അടിയിൽ കൂടരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 15.10.2018-ലെ G.O.(Rt.)2636/2018 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം, പഠനമുറിയുടെ തറ വിസ്തീർണ്ണം 120 ചതുരശ്ര അടി വരെ ആകാമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി, പഠനമുറിയുടെ തറവിസ്തീർണ്ണം പരിഗണിക്കാതെ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പഠനമുറിയുടെ തറവിസ്തീർണ്ണം | അനുവദിച്ച തുക |
|---|---|---|---|
| 1 | നിഖിൽ, പുത്തൻവിള വടക്കേതിൽ, പുതുമല | 254 ചതുരശ്ര അടി | 1,00,000 രൂപ |
| 2 | ദേവു, ദേവുഭവൻ, പന്നിവിഴ | 221ചതുരശ്ര അടി | 1,00,000 രൂപ |
| 3 | ആരോമൽ വിജയ്, ചരുവിള വീട്, അടൂർ | 179 ചതുരശ്ര അടി | 1,00,000 രൂപ |

(ബി) ശ്രീഹരി, വിഷ്ണുഭവനം, അടൂർ എന്ന ഗുണഭോക്താവ് ഓഡിറ്റ് വർഷം നൽകിയ 40,000 രൂപയടക്കം ആകെ 1,00,000 രൂപ കൈപ്പറ്റി പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ടിയാൻ വിദ്യാർത്ഥിയാണെന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമല്ല.

(സി) ജോഷ്മ ജ്യോതിഷ്, ആല്യംവിളയിൽ അടൂർ എന്ന ഗുണഭോക്താവ് ഓഡിറ്റ് വർഷം നൽകിയ 80,000 രൂപയടക്കം ആകെ 1,00,000 രൂപ കൈപ്പറ്റി പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയുടെ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.37/26.03.18) നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെൽത്ത് ഓഫീസർ മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകൾ നിലനിൽക്കുന്നതിനാൽ ചെലവ് തുക 4,20,000 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് മതിയായ വിശദീകരണം ലഭ്യമാക്കുന്ന മുറയ്ക്ക് പരാമർശത്തിന്മേൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

# 3-17 പ്രൊഫഷണൽ ഡിഗ്രി കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം

പ്രൊഫഷണൽ ഡിഗ്രി കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് (നം.171/18) പ്രത്യേക ഘടകപദ്ധതി ഫണ്ട് വിനിയോഗിച്ച് പട്ടികജാതി വിഭാഗത്തിൽപ്പെട്ട 7 വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. എന്നാൽ സാമ്പത്തിക സഹായം ലഭിച്ച അർജ്ജുൻ ചന്ദ്ര, കുറ്റിയിൽ വീട്, പറക്കോട്; ആര്യ എസ്. രവി, അരുൺ ഭവൻ, കരുവാറ്റ എന്നീ വിദ്യാർത്ഥികൾ (15,000 രൂപ വീതം) ബി.എസ്സ്.സി. കെമിസ്ട്രി കോഴ്സിന് പഠിക്കുന്നവരാണെന്ന് ടിയാളുകൾ സമർപ്പിച്ച കോഴ്സ് സർട്ടിഫിക്കേറ്റിൽ നിന്ന് വ്യക്തമാകുന്നു. പ്രൊഫഷണൽ ഡിഗ്രി കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രൊഫഷണൽ കോഴ്സ് അല്ലാത്ത ഡിഗ്രി കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.47/23.03.19) നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെൽത്ത് ഓഫീസർ മറുപടി ലഭ്യമാക്കിയില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കുന്ന മുറയ്ക്ക് പരാമർശത്തിന്മേൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

# 3-18 പി.എം.എ.വൈ.-ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

| | | |
|---|---|---|
| പദ്ധതിയുടെ പേര് | പി.എം.എ.വൈ., S0 126/18 | |
| അടങ്കൽ തുക | 50,00,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | |
| ചെലവ് തുക | 12,07,000<br>14,63,000<br>23,30,000 | - Bill No.04/17-18/24.08.17<br>- Bill No.07/17-18/06.11.17<br>- Bill No.09/17-18/22.02.18 |
| ആകെ ചെലവ് | 50,00,000 | |

2017-18 സാമ്പത്തിക വർഷം പി.എം.എ.വൈ പദ്ധതി പ്രകാരം ഭവനനിർമ്മാണം നടത്തുവാൻ നഗരസഭയുമായി കരാറിൽ ഏർപ്പെട്ട 40 ഗുണഭോക്താക്കളിൽ താഴെപ്പറയുന്ന 11 പേർ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നാളിതുവരെ കൈപ്പറ്റിയ തുക | കൈപ്പറ്റിയ ഗഡുക്കളുടെ എണ്ണം |
|---|---|---|---|
| 1 | എലിസബത്ത് ജോണി, കണ്ണോട്ടുകുഴി, കരുവാറ്റ | 365000 | 3 ഗഡു |
| 2 | ലിസ്സിയമ്മ, റഹബോത്ത്, അടൂർ | 200000 | 2 ഗഡു |
| 3 | റബേക്ക, 21, പന്നിവിഴ | 360000 | 3 ഗഡു |
| 4 | സ്വപ്ന ജോർജ്ജ്, മേച്ചിറ തെക്കേക്കര, പന്നിവിഴ | 200000 | 2 ഗഡു |

| | | | |
|---|---|---|---|
| 5 | വൽസല കുമാരി, വാഴപ്പള്ളിൽ, പന്നിവിഴ | 405000 | 4 ഗഡു |
| 6 | ഓമന, വിളയിൽ മേലേതിൽ, ആനന്ദപ്പള്ളി | 360000 | 3 ഗഡു |
| 7 | സരസമ്മ, പ്രണവം, പറക്കോട് | 30000 | 1ഗഡു |
| 8 | ഗീതാ സുഭാഷ്, ഗീതാലയം, പറക്കോട് | 360000 | 3 ഗഡു |
| 9 | ലീലാമ്മ രാജു, പള്ളിത്താഴേതിൽ, കരുവാറ്റ | 200000 | 2 ഗഡു |
| 10 | ഓമന ജോസഫ്, കാക്കോട്ടുചരുവിൽ, കരുവാറ്റ | 405000 | 4 ഗഡു |
| 11 | രാജി കെ., ചെങ്ങാലിപ്പള്ളിൽ, അടൂർ | 400000 | 4 ഗഡു |

ഭവനനിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കൾ അടിയന്തിരമായി നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം അനുവദിച്ച തുക പിഴ പലിശ സഹിതം തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

# 3-19 വെറ്ററിനറി പോളി ക്ലിനിക്ക് നിർമ്മാണം അനന്തമായി നീളുന്നു

അടൂർ നഗരസഭയിൽ വെറ്ററിനറി പോളി ക്ലിനിക്കിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് 2009-ൽ 30 ലക്ഷം രൂപയുടെ ഫണ്ടും ഭരണാനുമതിയും ലഭിച്ചിരുന്നു. എന്നാൽ കെട്ടിടനിർമ്മാണത്തിന് സ്ഥലം കണ്ടെത്തുവാൻ നഗരസഭയ്ക്ക് സാധിക്കാതിരുന്നതിനാൽ നിർമ്മാണം ആരംഭിക്കുവാൻ സാധിച്ചില്ല. പിന്നീട് നഗരസഭ കണ്ടെത്തിയ സ്ഥലത്ത് വെറ്ററിനറി പോളി ക്ലിനിക്ക് നിർമ്മിക്കുന്നതിന് 2017-ൽ 60 ലക്ഷം രൂപയുടെ ഫണ്ടും ഭരണാനുമതിയും അനുവദിക്കുകയും ചെയ്തു. നിലവിൽ 90 ലക്ഷം രൂപയുടെ ഫണ്ടും ഭരണാനുമതിയും വെറ്ററിനറി പോളി ക്ലിനിക്ക് നിർമ്മാണത്തിന് ലഭിച്ചിട്ടുണ്ട്. എന്നാൽ നിർമ്മാണപ്രവർത്തനങ്ങൾ നാളിതുവരെ ആരംഭിച്ചിട്ടില്ല. നിർമ്മാണ പ്രവർത്തനങ്ങൾ നീണ്ടുപോകുന്നത് കാരണം ക്ലിനിക്ക് നിർമ്മാണത്തിന് അധിക തുക ചെലവഴിക്കേണ്ട സാഹചര്യം ഉണ്ടാകും. നഗരസഭയിലെ 25-ാം വാർഡിലുള്ള മൂന്നാളം കമ്മ്യൂണിറ്റി ഹാളിൽ പരിമിതമായ സ്ഥല സൗകര്യത്തിലാണ് നിലവിൽ വെറ്ററിനറി പോളിക്ലിനിക്ക് പ്രവർത്തിയ്ക്കുന്നത്. നിർമ്മാണ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-20 പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി വാങ്ങിയ ഉപകരണങ്ങൾ പൂർണ്ണമായും വിതരണം ചെയ്തില്ല

2017-18 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രൈമറി പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി കാരുണ്യ കമ്മൂണിറ്റി ഫാർമസിയിൽ നിന്നും 347946രൂപയുടെ (ബിൽനം-04/17-18/21.03.2018) ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ വാങ്ങിയ ഉപകരണങ്ങൾ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ലെന്ന് പരിശോധനക്ക് ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ നിന്നും വ്യക്തമായി. വിശദാംശം ചുവടെ ചേർക്കുന്നു.

***(കാരുണ്യ കമ്മൂണിറ്റി ഫാർമസി)***

***(invoice no-58085/15.03.18)***

| ക്രമ നം | ഉപകരണങ്ങൾ | എണ്ണം | ചെലവഴിച്ച തുക (ജി.എസ്.ടി ഉൾപ്പെടെ) | 27.03.2019 വരെ വിതരണം ചെയ്യാൻ അവശേഷിക്കുന്നവ (എണ്ണം) | വില |
|---|---|---|---|---|---|
| 1. | Wheel chair (life care) | 23 | 94849 | 5 | 20619.35 |
| 2. | Walking stick (tripod) | 15 | 4321 | 11 | 3168.73 |
| 3. | Walker fixed medium | 10 | 4817 | 6 | 2890.20 |
| | ആകെ | | | | 26678.28 |

ആവശ്യകത നിർണ്ണയിക്കാതെ വാങ്ങിയത് കാരണമാണ് ഉപകരണങ്ങൾ പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയാതെ പോയത്. വിതരണം ചെയ്യാൻ അവശേഷിക്കുന്ന ഉപകരണങ്ങൾക്ക് വേണ്ടി ചെലവഴിച്ച 26678 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിതരണ വിവരം ലഭ്യമാക്കുന്ന മുറയ്ക്ക് തടസ്സം തീർപ്പാക്കുന്നതാണ്.

# 3-21 ODF പദ്ധതി - കണക്കുകളിൽ അവ്യക്തത – ചെലവ് രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല

പ്രോജക്റ്റ് ഓഫീസർ (ദാരിദ്ര്യ ലഘൂകരണം) നിർവ്വഹണം നടത്തിയ വെളിയിട വിസർജ്ജന വിമുക്ത പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ പരിശോധിച്ചതിൽ കണക്കുകളിൽ പൊരുത്തക്കേട് ശ്രദ്ധയിൽപ്പെട്ടു. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകളും, രജിസ്റ്ററുകളും പ്രകാരം പദ്ധതിയ്ക്കായി ചുവടെ ചേർക്കും പ്രകാരം 4333787 രൂപയാണ് ലഭ്യമായിട്ടുള്ളത്.

| വർഷം | ശുചിത്വ മിഷൻ ഫണ്ട് | വികസന ഫണ്ട് | ആകെ |
|---|---|---|---|
| 2015-16 | 485303 | | 485303 |
| 2016-17 | 1007937 | 2814547 | 3822484 |
| 2017-18 | | 26000 | 26000 |
| ആകെ | 1493240 | 2840547 | 4333787 |

പദ്ധതിയുടെ ഫയലും, ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ 2829328 രൂപ ODF അക്കൗണ്ടിൽനിന്നും പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ ചെലവിനാധാരമായ രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. 279 ഗുണഭോക്താക്കൾക്ക് 15400 രൂപ വീതം 3 ഗഡുക്കളായി വിതരണം ചെയ്തിട്ടുള്ളതായി ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, രജിസ്റ്റർ അധികൃതരാരും സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഗുണഭോക്താക്കളുടെ അപേക്ഷകൾ, അർഹത തെളിയിക്കുന്നതിനുള്ള രേഖകൾ, എഞ്ചിനീയറുടെ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റുകൾ മുതലായവയൊന്നും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

ശുചിത്വമിഷൻ വിഹിതമായി ലഭിച്ച 1493240 രൂപ പദ്ധതിയ്ക്കായി ICICI ബാങ്കിന്റെ അടൂർ ശാഖയിൽ തുറന്ന കറന്റ് അക്കൗണ്ടിൽ (075105000473) ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ വികസന ഫണ്ടിൽനിന്നും വകമാറ്റിയ 2840547 രൂപയിൽ 1337424 രൂപ മാത്രമാണ് അക്കൗണ്ടിൽ വരവ് ചേർത്തിട്ടുള്ളത്. 31.03.2018-ൽ 529436 രൂപ അക്കൗണ്ടിൽ ബാലൻസുണ്ട്. ബാലൻസ് തുകയിൽ 477767 രൂപ IEC & Public Awareness പ്രോഗ്രാമിനായും, 35000 രൂപ കപ്പാസിറ്റി ബിൽഡിംഗ് & ഓഫീസ് എക്സ്പെൻസ് എന്ന ഇനത്തിലും നീക്കിയിരിപ്പുള്ളതാണ്. ODF ഇനത്തിലുള്ള അക്കൗണ്ടിലെ നീക്കിയിരിപ്പ് 16669 രൂപ മാത്രമാണ്.

വികസന ഫണ്ടും, ശുചിത്വ മിഷൻ ഫണ്ടും ഉൾപ്പെടെ ആകെ 4333787 രൂപ അക്കൗണ്ടിൽ ക്രഡിറ്റ് വരേണ്ടതായിരുന്നു. എന്നാൽ 2830664 രൂപ (1493240+1337424) മാത്രമാണ് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുള്ളത്. 279 ഗുണഭോക്താക്കൾക്ക് 15400 രൂപ വീതം വിതരണം ചെയ്യുന്നതിന് 4296600 രൂപ ആവശ്യമാണ്. എന്നാൽ 2829328 രൂപ മാത്രമാണ് അക്കൗണ്ട് വഴി വിതരണം ചെയ്തിട്ടുള്ളത്. ബാക്കി 1467272 രൂപ ഗുണോഭോക്താക്കൾക്ക് എപ്രകാരമാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമായിട്ടില്ല.

പദ്ധതിയ്ക്കായി വകമാറ്റിയതും, അക്കൗണ്ടിൽ ക്രഡിറ്റ് വന്നതും, ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതുമായ തുകകൾ പൊരുത്തപ്പെടുന്നില്ല. കൂടാതെ ചെലവിനാധാരമായ രേഖകളും, രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുകയോ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടുമില്ല. ഈ വിഷയത്തിൽ വകുപ്പ് തലത്തിൽ വിശദമായ അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

# 3-22 ഔഷധി നൽകിയത് ഉപയോഗ യോഗ്യമല്ലാത്ത മരുന്നുകൾ

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന എൻ.ആർ.എം ആയുർവേദ ഡിസ്പെൻസറിയിലേയ്ക്ക് നഗരസഭാ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച പ്രോജക്ട് പ്രകാരം (1/17-18) 7 ലക്ഷം രൂപയുടെ ആയുർവേദ മരുന്നുകൾ വാങ്ങി നൽകിയിരുന്നു. മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ട്. 2018-19 വാർഷിക പദ്ധതിയുടെ ഭാഗമായി 6 ലക്ഷം രൂപയുടെ മരുന്നുകൾ വാങ്ങിയത് 8/18-ൽ സ്റ്റോക്കിലെടുത്തിട്ടുണ്ട്. ഇതിൽ പല മരുന്നുകളും നാളിതുവരെ വിതരണം ചെയ്തിട്ടില്ലെന്ന് സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽനിന്നും ബോദ്ധ്യപ്പെട്ടു. മരുന്നുകൾ ലഭിച്ച് ഒരു മാസത്തിനകം തന്നെ ഗുളികകളിൽ പൂപ്പൽ ബാധിക്കുകയും ചൂർണ്ണങ്ങൾ ഉപയോഗക്കുവാൻ കഴിയാത്തവണ്ണമായി തീരുകയും ചെയ്തതായി ഫാർമസിസ്റ്റ് അറിയിച്ചു. മരുന്നുകൾക്ക് 2021 വരെ കാലാവധി രേഖപ്പെടുത്തിയിട്ടുമുണ്ട്. ഇപ്രകാരം ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| മരുന്നിന്റെ പേര് | വിതരണം ചെയ്യാൻ കഴിയാതെ സ്റ്റോക്കിൽ ശേഷിക്കുന്നത് | വില |
|---|---|---|
| Sapthasaram K.C | 32.5Kg | 134/Kg |
| Nisakatha Kadi K.C | 182.5Kg | 143/Kg |
| Dasamoola Kudathrayam | 192.5Kg | 160/Kg |
| Sudharsanam Gulika | 830 Strips | 87/strips |

ഈ വിഷയം മെഡിക്കൽ ഓഫീസർ നഗരസഭാ കൗൺസിലിനേയോ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയേയോ രേഖാമൂലം അറിയിച്ചിട്ടില്ല. വിഷയം ഔഷധിയുടെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് നഗരസഭാ കൗൺസിലിനോട് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. ഇക്കാര്യം തുടർ നടപടികൾക്കായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-23 പ്രവൃത്തികളുടെ ബില്ലിൽനിന്നും VAT ഈടാക്കിയില്ല

30.06.2017-ന് മുമ്പ് പ്രവൃത്തി പൂർത്തിയാക്കി മെഷർമെന്റ് ബുക്കിൽ അളവ് രേഖപ്പെടുത്തിയ മരാമത്ത് പ്രവൃത്തികളുടെ സംഗതിയിൽ മൂല്യവർദ്ധിത നികുതിയാണ് (VAT) ഈടാക്കേണ്ടത് [സ.ഉ.(അച്ചടി) നം.87/2017/തസ്വഭവ., തീ. 01.11.17]. എന്നാൽ 2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട ചുവടെ ചേർക്കുന്ന പ്രവൃത്തികൾ 30.06.17-ന് മുമ്പായി പൂർത്തിയാക്കി എം.ബുക്കിൽ അളവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫൈനൽ ബില്ലിൽനിന്നും VAT കിഴിവ് ചെയ്തിട്ടില്ല. ഇക്കാരണത്താൽ ബന്ധപ്പെട്ട കരാറുകാരന്/കൺവീനർക്ക് അധികം പ്രതിഫലം നൽകുന്നതിന് ഇടയായിട്ടുണ്ട്. ഇത് സർക്കാർ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടമാണ്.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പ്രവൃത്തി പൂർത്തിയാക്കിയ തീയതി | പ്രവൃത്തി മൂല്യം | VAT നിരക്ക് | VAT ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|---|---|---|
| 1 | അങ്കണവാടി മെയിന്റനൻസ് വാർഡ് - 4 (59/18)<br>കരാറുകാരൻ - ശ്രീ ശരവൺ ആർ. നാഥ്<br>അടങ്കൽ - ₹250000 (MG-NR)<br>ചെലവ് - ₹182148<br>കരാറുകാരന് നൽകിയത് - ₹178506<br>എം.ബുക്ക് നം. 82/17 | 28.06.17 | 182148 | 4% | 7286 |
| 2 | കണ്ടനല്ലൂർ - പുതുപറമ്പിൽ ജം.റോഡ് കോൺക്രീറ്റിംഗ് (102/18)<br>കൺവീനർ - ശ്രീ ബേബി വർഗ്ഗീസ്<br>അടങ്കൽ - ₹200000 (CFC Grant)<br>ചെലവ് - ₹199869<br>കൺവീനർക്ക് നൽകിയത് - ₹195871<br>എം.ബുക്ക് നം. 101/17 | 21.06.17 | 199869 | 5% | 9993 |
| 3 | ഇടംകെട്ടംവിളപ്പടി മരുന്തയിൽപടി റോഡ് റീടാറിംഗ് - വാർഡ് 16 – (42/18)<br>കരാറുകാരൻ - ശ്രീ അജീഷ് എസ്.<br>അടങ്കൽ - ₹481000 (MG-R)<br>ചെലവ് - ₹445658<br>കരാറുകാരന് നൽകിയത് - ₹436744<br>എം.ബുക്ക് നം. 109/16-17 | 14.06.17 | 445658 | 4% | 17826 |
| | ആകെ | | | | 35105 |

നിയമപ്രകാരമുള്ള മൂല്യവർദ്ധിത നികുതി ഈടാക്കാതിരുന്നതുമൂലം കരാറുകാരന്/കൺവീനർക്ക് അധികം നൽകിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.31/23.03.19) ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട കരാറുകാരിൽനിന്നും വാറ്റ് ഈടാക്കുന്നതിന് നടപടി

സ്വീകരിക്കുന്നതാണെന്ന് അസി.എഞ്ചിനീയർ അറിയിച്ചു. തുക ഈടാക്കി ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

# 3-24 കൺവീനർമാർക്ക് അധിക പ്രതിഫലം നൽകിയ ഇനത്തിൽ 76865 രൂപയുടെ നഷ്ടം

2017-18 വർഷം ഗുണഭോക്തൃസമിതി മുഖാന്തിരം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഡേറ്റാ പരിശോധിച്ചതിൽ 7.5% ഓവർഹെഡ് ചാർജ്ജ് കൂടി ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. മരാമത്ത് പ്രവൃത്തികളിൽ നികുതിവിഹിതം നൽകുമ്പോഴുണ്ടാകുന്ന നഷ്ടം പരിഹരിക്കാനാണ് ഓവർഹെഡ് ചാർജ്ജ് കൂടി ഉൾപ്പെടുത്തി റേറ്റ് തയ്യാറാക്കിവരുന്നത്. 01.07.2017-ൽ ജി.എസ്.ടി.നിലവിൽ വരികയും 31.03.18 വരെ കരാറുകാരുടെ ബില്ലിൽ നിന്നും ജി.എസ്.ടി. കുറവ് ചെയ്യേണ്ടതില്ല എന്ന് 01.11.2017-ലെ സ.ഉ.(അച്ചടി)നം.87/2017/തസ്വഭവ നമ്പർ ഉത്തരവിൽ നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളതിനാൽ 1% ആദായനികുതിയും 1% KCWWF-ഉം മാത്രമാണ് ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ ബില്ലിൽ കുറവ് വരുത്തിയിരിക്കുന്നത്. ഓവർ ഹെഡ് ചാർജ്ജ് 7.5% ഉൾപ്പെട്ട തുക പിൻവലിക്കുകയും 2% നികുതി കിഴിച്ചുള്ള തുക കൺവീനർക്ക് നല്കുകയും ചെയ്തപ്പോൾ ഓവർഹെഡ് ചാർജിനത്തിൽ 5.5% തുക അനർഹമായി നല്കി.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | | നൽകാവുന്നത് | നല്കിയത് |
|---|---|---|---|---|
| 1 | താവളത്തിൽപടി - കനാൽപടി റോഡ് കോൺക്രീറ്റിംഗ് - വാർഡ് 23 (82/18)<br>അടങ്കൽ- 200000<br>ചെലവ്- 199869<br>ബിൽ നം.23/24.07.17<br>കൺവീനർ- ശ്രീ. വിജയൻ<br>എം ബുക്ക്-139/17<br>ബിൽ നം., തീ. 23/17-18/24.07.17 | ആകെ പ്രവൃത്തി മൂല്യം | 199869 | 199869 |
| | | കുറയ്ക്കുക - ഐ.ടി (2%) | 3997 | 1999 |
| | | നിർമ്മാണക്ഷേമനിധി വിഹിതം(1%) | 1999 | 1999 |
| | | ആകെ | 193873 | 195872 |
| | | ഓവർ ഹെഡ് ചാർജ്ജ് (5.5%) | 10993 | |
| | | നെറ്റ് തുക | 182880 | 195872 |
| | | **അധികം നൽകിയ തുക** | | **10993** |
| 2 | രാമവിലാസംപടി ജവഹർ കോളനി കൺക്രീറ്റിംഗ് (96/18)<br>അടങ്കൽ - 200000<br>ചെലവ്- 199869<br>കൺവീനർ- ശ്രീമതി സുധാമണി<br>എം ബുക്ക് - 164/17<br>ബിൽ നം., തീ. 25/17-18/31.07.17 | ആകെ പ്രവൃത്തി മൂല്യം | 199869 | 199869 |
| | | കുറയ്ക്കുക - ഐ.ടി (2%) | 3997 | 1999 |
| | | നിർമ്മാണക്ഷേമനിധി വിഹിതം(1%) | 1999 | 1999 |
| | | ആകെ | 193873 | 195872 |
| | | ഓവർ ഹെഡ് ചാർജ്ജ് (5.5%) | 10993 | |
| | | നെറ്റ് തുക | 182880 | 195872 |
| | | **അധികം നൽകിയ തുക** | | **10993** |
| 3 | കൊട്ടുത്തുർപടി കളീയ്ക്കൽപടി റോഡ് കോൺക്രീറ്റിംഗ് (100/18)<br>അടങ്കൽ - 200000<br>ചെലവ്- 199619<br>കൺവീനർ- ശ്രീമതി ബിജു ജോർജ്ജ്<br>എം ബുക്ക് - 116/16-17 | ആകെ പ്രവൃത്തി മൂല്യം | 199619 | 199619 |
| | | കുറയ്ക്കുക - ഐ.ടി (2%) | 3992 | 1996 |
| | | നിർമ്മാണക്ഷേമനിധി വിഹിതം(1%) | 1996 | 1996 |
| | | ആകെ | 193630 | 195627 |
| | | ഓവർ ഹെഡ് ചാർജ്ജ് (5.5%) | 10979 | |

| | | | | |
|---|---|---|---|---|
| | ബിൽ നം., തീ. 35/17-18/31.07.17 | നെറ്റ് തുക | 182651 | 195627 |
| | | **അധികം നൽകിയ തുക** | | **10979** |
| 4 | മാടംകുളഞ്ഞിപ്പടി ജോർസൻസ് പടി റോഡ് കോൺക്രീറ്റിംഗ് (91/18)<br>അടങ്കൽ - 200000<br>ചെലവ്- 198948<br>കൺവീനർ- ശ്രീ പി.ജി. വർഗ്ഗീസ്<br>എം ബുക്ക് - 161/16-17<br>ബിൽ നം., തീ. 115/17-18/24.03.18 | ആകെ പ്രവ്യത്തി മൂല്യം | 198948 | 198948 |
| | | കുറയ്ക്കുക - ഐ.ടി (2%) | 3979 | 1989 |
| | | നിർമ്മാണക്ഷേമനിധി വിഹിതം(1%) | 1989 | 1989 |
| | | ആകെ | 192980 | 194969 |
| | | ഓവർ ഹെഡ് ചാർജ് (5.5%) | 10942 | |
| | | നെറ്റ് തുക | 182037 | 194969 |
| | | **അധികം നൽകിയ തുക** | | **10942** |
| 5 | മുഴങ്ങോടിയിൽപുത്തൻവീട് - ബാബുസദനം റോഡ് കോൺക്രീറ്റിംഗ് (97/18)<br>അടങ്കൽ - 200000<br>ചെലവ്- 199619<br>കൺവീനർ- ശ്രീ പി.ജി. വർഗ്ഗീസ്<br>എം ബുക്ക് - 161/16-17<br>ബിൽ നം., തീ. 80/17-18/02.08.18 | ആകെ പ്രവ്യത്തി മൂല്യം | 199619 | 199619 |
| | | കുറയ്ക്കുക - ഐ.ടി (2%) | 3992 | 1996 |
| | | നിർമ്മാണക്ഷേമനിധി വിഹിതം(1%) | 1996 | 1996 |
| | | ആകെ | 193630 | 195627 |
| | | ഓവർ ഹെഡ് ചാർജ് (5.5%) | 10979 | |
| | | നെറ്റ് തുക | 182651 | 195627 |
| | | **അധികം നൽകിയ തുക** | | **10979** |
| 6 | തടവിളപടി മുരുപ്പേൽ മുതൽ കട്ടടിപ്പടിവരെ റോഡ് കോൺക്രീറ്റിംഗ് (81/18)<br>അടങ്കൽ - 200000<br>ചെലവ്- 199619<br>കൺവീനർ- ശ്രീ സുധാകരക്കുറുപ്പ്<br>എം ബുക്ക് - 102/17<br>ബിൽ നം., തീ. 81/17-18/02.08.18 | ആകെ പ്രവ്യത്തി മൂല്യം | 199997 | 199997 |
| | | കുറയ്ക്കുക - ഐ.ടി (2%) | 4000 | 2000 |
| | | നിർമ്മാണക്ഷേമനിധി വിഹിതം(1%) | 2000 | 2000 |
| | | ആകെ | 193997 | 195997 |
| | | ഓവർ ഹെഡ് ചാർജ് (5.5%) | 11000 | |
| | | നെറ്റ് തുക | 182997 | 195997 |
| | | **അധികം നൽകിയ തുക** | | **11000** |
| 7 | അഭിലാഷ് പടി - മുരുക്കുവിളപ്പടി റോഡ് കോൺക്രീറ്റിംഗ് (99/18)<br>അടങ്കൽ - 200000<br>ചെലവ്- 199619<br>കൺവീനർ- ശ്രീമതി ഗീതാ ഗംഗാധരൻ<br>എം ബുക്ക് - 117/16-17<br>ബിൽ നം., തീ. 82/17-18/02.08.18 | ആകെ പ്രവ്യത്തി മൂല്യം | 199619 | 199619 |
| | | കുറയ്ക്കുക - ഐ.ടി (2%) | 3992 | 1996 |
| | | നിർമ്മാണക്ഷേമനിധി വിഹിതം(1%) | 1996 | 1996 |
| | | ആകെ | 193630 | 195627 |
| | | ഓവർ ഹെഡ് ചാർജ് (5.5%) | 10979 | |
| | | നെറ്റ് തുക | 182651 | 195627 |
| | | **അധികം നൽകിയ തുക** | | **10979** |
| | | **ആകെ മൊത്തം** | | **76865** |

മേൽ കാണിച്ചിരിക്കുന്ന പ്രവ്യത്തികൾക്ക് ആകെ 76865 രൂപയാണ് അധികം നൽകിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.48/23.03.19) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ ഇനത്തിൽ പൊതു ഖജനാവിനുണ്ടായിട്ടുള്ള നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ്.

# 3-25 മരാമത്ത് പ്രവ്യത്തികളുടെ നിർവ്വഹണം - അപാകതകൾ

മരാമത്ത് പ്രവ്യത്തികളുടെ ഫയലുകളും, രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

<u>1. പദ്ധതികൾ സമയബന്ധിതമായി നടപ്പാലാക്കുന്നില്ല</u>

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന മരാമത്ത് പ്രവർത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്ന കാര്യത്തിൽ നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗം വീഴ്ചവരുത്തി. ഓഡിറ്റ് വർഷം ആവിഷ്കരിച്ച 64 മരാമത്ത് പ്രവ്യത്തികളിൽ 37 എണ്ണം നടപ്പിലാക്കാതെ സ്പിൽഓവറായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | മരാമത്ത് പ്രവ്യത്തികളുടെ എണ്ണം | | ആകെ അടങ്കൽ | നടപ്പിലാക്കിയ പ്രവ്യത്തികളുടെ ണ്ണം | | ചെലവഴിച്ച തുക | നടപ്പിലാക്കിയ പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| | സ്പിൽ ഓവർ | പുതിയത് | | സ്പിൽ ഓവർ | പുതിയത് | | |
| 2017-18 | 94 | 91 | 85105685 | 74 | 27 | 45053817 | 64% |

കേരളത്തിലെ വികസന സങ്കല്പത്തിൽ മരാമത്ത് പണികൾക്ക് താരതമ്യേന ഉയർന്ന പരിഗണനയാണ് നൽകുന്നത്. എല്ലാ വികസന പ്രവർത്തനങ്ങൾക്കും കൂടി നാട്ടിൽ ചെലവഴിക്കുന്ന തുകയുടെ ഗണ്യമായ ഭാഗവും ചെലവഴിക്കുന്നത് നിർമ്മാണ മേഖലയിലാണ്. നഗരസഭയുടെ തൻവർഷത്തെ മൊത്തം പദ്ധതി അടങ്കലിന്റെ 57 ശതമാനവും വകയിരുത്തിയിരുന്നത് മരാമത്ത് പ്രവ്യത്തികളുടെ നിർവ്വഹണത്തിനുവേണ്ടിയായിരുന്നു. നഗരസഭയുടെ വികസന പ്രവർത്തനങ്ങളിൽ നിർമ്മാണ പ്രവ്യത്തികൾക്കുള്ള പ്രാധാന്യം ഉൾകൊണ്ട് ഏറ്റെടുത്ത മരാമത്ത് പ്രവ്യത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിനും എഞ്ചിനീയറിംഗ് വിഭാഗത്തിന് കഴിഞ്ഞിട്ടില്ല.

13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ പദ്ധതി നിർവ്വഹണം സമയബന്ധിതമാക്കുന്നതിന് സർക്കാർ കർശന നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി 31.05.17-ന മുമ്പായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതിയ്ക്ക് അംഗീകാരം വാങ്ങി പദ്ധതി നിർവ്വഹണം ആരംഭിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. സാമ്പത്തിക വർഷാന്ത്യത്തിൽ പദ്ധതി പണം തിരക്കിട്ട് ചെലവഴിക്കുന്ന മുൻകാല രീതിയിൽനിന്നും വ്യത്യസ്തമായി പദ്ധതി നിർവ്വഹണത്തിന് ഒരു കലണ്ടർ വർഷം മുഴുവൻ സമയം ലഭ്യമാക്കുന്നതിനായിരുന്നു സർക്കാർ ഇതിലൂടെ ഉദ്ദേശിച്ചിരുന്നത്. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഓരോ ത്രൈമാസത്തിലും 25% ബഡ്ജറ്റ് തുക ചെലവഴിക്കത്തക്ക രീതിയിൽ ക്രമപ്പെടുത്തണമെന്നും, 2018 മാർച്ച് മാസം പരമാവധി 15 ശതമാനം തുകയെ ചെലവഴിക്കാൻ സാധിക്കുകയുള്ളൂവെന്നും സർക്കാർ നിഷ്കർഷിച്ചിരുന്നു. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ഇത് കൃത്യമായി പാലിക്കണമെന്നും, ഇത് പാലിക്കുക എന്നത് നിർവ്വഹണ

ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ ബാദ്ധ്യതയായിരിക്കും എന്നും സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ നഗരസഭയിൽ 30% ചെലവുകൾക്കുള്ള മരാമത്ത് ബില്ലുകളും മാർച്ച് മാസമാണ് ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതെന്ന് കണ്ടു. മരാമത്ത് പ്രോജക്റ്റുകളുടെ നിർവ്വഹണം സാമ്പത്തിക വർഷാന്ത്യത്തിലേക്ക് വലിച്ചിഴക്കുന്നത് അഭികാമ്യമല്ല. സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തമായ വിശദീകരണം ലഭ്യമാക്കുന്നതാണ്.

### 2. <u>രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിൽ വീഴ്ച</u>

ടെണ്ടർ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. അധികം പ്രവൃത്തികളിലും ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി, ടെണ്ടർ തുറക്കുന്ന തീയതി, ടെണ്ടർ സ്വീകരിക്കുന്ന ആളിന്റെ കൈയ്യൊപ്പ്, വിജയിയായ കരാറുകാരന്റെ പേര്, കരാർ തുകയും കരാർ അംഗീകരിച്ചുകൊണ്ടുള്ള കമ്മിറ്റി തീരുമാനം, ടെണ്ടർ തുറക്കുമ്പോൾ ഹാജരായിരുന്ന കരാറുകാരുടെ കൈയ്യൊപ്പ് എന്നിവയൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിലെ ബാക്കി രേഖപ്പെടുത്തലുകൾ ഒന്നും തന്നെ നിർവ്വഹണ ഉദ്യോഗസ്ഥൻ കൈയ്യൊപ്പ് ഇട്ട് ആധികാരികമാക്കിയിട്ടില്ല. എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ തീയതി എഗ്രിമെന്റിലും രേഖപ്പെടുത്തുന്നില്ല.

കരാറുകാരിൽ നിന്നും ജാമ്യനിക്ഷേപമായി ലഭിക്കുന്ന പലിശ കിട്ടുന്ന സെക്യൂരിറ്റികളുടെ കൈപ്പറ്റലും, തിരിച്ച നൽകലും നിരീക്ഷിക്കുവാനായി KPWD ഫാറം 81-ൽ പലിശകിട്ടുന്ന സെക്യൂരിറ്റികളുടെ രജിസ്റ്റർ സൂക്ഷിക്കുവാൻ കേരള പൊതുമരാമത്ത് അക്കൗണ്ട് കോഡിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മരാമത്ത് പ്രവൃത്തികളുടെ സെക്യൂരിറ്റി, പെർഫോർമൻസ് ഗ്യാരന്റി എന്നീ ഇനങ്ങളിൽ ലഭിക്കുന്ന സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് സെക്യൂരിറ്റി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

### 3. <u>ഫയൽ സൂക്ഷിപ്പിൽ അപാകത</u>

മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ ലഭ്യമാക്കിയിട്ടുള്ള കരാർ പത്രങ്ങൾ അപൂർണ്ണമാണ്. മരാമത്ത് പ്രവൃത്തികളുടെ കരാർ പത്രങ്ങളിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് അസി.എഞ്ചിനീയറും, സാക്ഷികളും കൈയ്യൊപ്പിട്ട് കരാർ ആധികാരികമാക്കിയിട്ടില്ല. കരാർ പത്രങ്ങളിൽ ഒന്നും തന്നെ കരാർ നമ്പർ ചേർത്തിട്ടില്ല. പല ഫയലുകളിലും പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല (ഉദാ: പ്രോജക്റ്റ് നം.87/18, 84/18, 96/18, 91/18). എല്ലാ ഫയലുകളിലും വർക്ക് ബില്ലുകളുടെ ട്രഷറി കോപ്പി സൂക്ഷിക്കുന്നില്ല. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഒരു ഫയലിലും ലഭ്യമാക്കിയിട്ടില്ല.

### 4. <u>ടെണ്ടർ നടപടികൾ സുതാര്യമല്ല</u>

ഓഡിറ്റ് വർഷത്തെ ടെണ്ടർ നടപടികൾ സുതാര്യമല്ല. മരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ചുകൊണ്ട് പത്രം പരസ്യം നൽകിയിട്ടുള്ളത് ജില്ലയിൽ മതിയായ സർക്കുലേഷൻ ഇല്ലാത്ത കേരള കൗമുദി, ജനയുഗം എന്നീ പത്രങ്ങളിലാണ്. കേരള മുനിസിപ്പാലിറ്റി പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ട പ്രകാരം മുനിസിപ്പൽ പ്രദേശത്ത് ഏറ്റവും പ്രചാരമുള്ള ദിനപത്രത്തിലാണ് പരസ്യം നൽകേണ്ടത് (സർക്കുലർ നം.15744/ആർ.ഡി.1/ ത.സ്വ.ഭ.വ., തീ. 08.12.2009). ടെണ്ടർ പരസ്യങ്ങൾ സംക്ഷിപ്തമായി പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതോടൊപ്പം തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ പരസ്യങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. ടെണ്ടർ പരസ്യം വെബ്സൈറ്റിൽ പ്രസിദ്ധീകരച്ചതിനുശേഷം ആയതിന്റെ വിൻഡോ നമ്പർ സൂചിപ്പിച്ചുകൊണ്ട് ദിനപത്രത്തിൽ വിൻഡോ പരസ്യം നൽകുകയാണ് വേണ്ടത്. ഓഡിറ്റിന് ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ ടെണ്ടർ പരസ്യങ്ങൾക്ക് മതിയായ പ്രചാരം നൽകിയിട്ടുള്ളതായി കാണുന്നില്ല. ഇക്കാരണത്താൽ ഓഡിറ്റ് വർഷം ടെണ്ടർ ചെയ്ത പ്രവൃത്തകൾക്ക് മത്സര സ്വഭാവമുള്ള മതിയായ എണ്ണം ടെണ്ടറുകൾ ലഭിച്ചിട്ടില്ല. ഭൂരിപക്ഷം പ്രവൃത്തികൾക്കും നഗരസഭയിലെ സ്ഥിരം കരാറുകാരിൽനിന്നും രണ്ട് വീതം ടെണ്ടറുകളാണ് ലഭിച്ചിട്ടുള്ളത്.

### 5. <u>വിവിധ റോഡുകൾ പ്രവൃത്തികൾ ഒറ്റ പ്രോജക്ടായി നടപ്പിലാക്കിയത്</u>

സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം വിവിധ സ്ഥലങ്ങളിൽ നടക്കുന്ന നിർമ്മാണ പ്രവൃത്തികൾ കൂട്ടി ചേർത്ത് ഒറ്റ പ്രോജക്ടായി നടപ്പിലാക്കാൻ പാടില്ല. 27.07.2018-ൽ കൂടിയ കോഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം സ്പഷ്ടീകരിച്ചിട്ടുമുണ്ട് (തീരുമാനം 2.16). എന്നാൽ ഓഡിറ്റ് വർഷം നടപ്പിലാക്കിയിട്ടുള്ള ഭൂരിപക്ഷം റോഡ് നിർമ്മാണ പ്രവൃത്തികളുടെ സംഗതിയിലും ഒന്നിലധികം റോഡുകളുടെ പുനരുദ്ധാരണം ഒറ്റ പ്രോജക്ടായി തയ്യാറാക്കി നടപ്പിലാക്കുകയാണുണ്ടായത്. ഇപ്രകാരം വിവിധ റോഡുകളുടെ പ്രവൃത്തികൾ ഒറ്റ പ്രോജക്ടായി നടപ്പിലാക്കിയത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്.

മേൽ വിവരിച്ച അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിലേക്ക് ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-26 ബാരൽ വില ഈടാക്കിയില്ല; നഗരസഭ ഫണ്ടിന് നഷ്ടം

2017-18 വർഷം പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ തുക നൽകിയിട്ടുള്ള വിവിധ ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ കരാറുകാർക്കുള്ള ബില്ലിൽനിന്നും കാലി ബാരലുകളുടെ വില കുറവ് ചെയ്തിട്ടില്ല. ബാരൽ ഒന്നിന് 238 രൂപയും, 12% GST-യും ഉൾപ്പടെ ആകെ 267 രൂപ ക്രമത്തിൽ കരാറുകാരിൽനിന്നും വില ഈടാക്കേണ്ടതായിരുന്നു. ബാരൽ വില ഈടാക്കാതിരുന്നതു മൂലം നഗരസഭാ ഫണ്ടിന് ഗണ്യമായ നഷ്ടം ഉണ്ടായിട്ടുണ്ട്. ടാറിംഗ് പ്രവൃത്തികളുടെ കരാറുകാരിൽനിന്നും ബാരൽ വില ഈടാക്കി നഗരസഭ ഫണ്ടിൽ വരവ് ചേർത്ത് വിവരം അറിയിക്കേണ്ടതാണ്.

# 3-27 കെട്ടിട ഭാഗങ്ങൾ പൊളിച്ചുമാറ്റിയപ്പോൾ ലഭിച്ച സ്റ്റീൽ ബാറുകൾ (Reinforcement) ലേലം ചെയ്ത് മുതൽ കൂട്ടിയില്ല

2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പറക്കോട് മാർക്കറ്റിലെ നിലവിലുള്ള കെട്ടിടത്തിന്റെ നാശോന്മുഖമായ കോൺക്രീറ്റ് മേൽക്കൂര പൊളിച്ചുമാറ്റി ഷീറ്റ് റൂഫിംഗ് നടത്തുന്നതിനും അനുബന്ധ പണികൾക്കുമായി 10 ലക്ഷം രൂപ അടങ്കൽ വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ ഭാഗമായി കെട്ടിട ഭാഗങ്ങൾ പൊളിച്ചുമാറ്റിയപ്പോൾ ലഭിച്ച സ്റ്റീൽ ബാറുകളുടെ അളവ് എം.ബുക്കിൽ രേഖപ്പെടുത്തുകയോ സർവ്വേ റിപ്പോർട്ട് തയ്യാറാക്കി ലേലം ചെയ്ത് കൈയ്യൊഴിക്കുകയോ, അഥവ കരാറുകാരനുള്ള ഫൈനൽ ബിൽ തുകയിൽനിന്നും ആയതിന്റെ വില ഈടാക്കി നഗരസഭാ ഫണ്ടിൽ മുതൽ കൂട്ടുകയോ ചെയ്തിട്ടില്ല. പ്രവൃത്തിയുടെ എം.ബുക്ക് പ്രകാരം 46.64$m^3$ അളവിൽ കോൺക്രീറ്റ് പൊളിച്ചതിന് 83952 രൂപയാണ് കരാറുകാരന് പ്രതിഫലം നൽകിയിട്ടുള്ളത്. പ്രവൃത്തിക്ക് നൽകുന്ന നിരക്കിൽ കോൺക്രീറ്റ് പൊളിക്കുമ്പോൾ ലഭിക്കുന്ന സ്റ്റീൽ ബാറുകൾ അട്ടിവയ്ക്കുന്നതിനുള്ള നിരക്കും ഉൾപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര്, കരാറുകാരൻ | ഇനം നം. | പ്രവൃത്തിയുടെ വിവരം | അളവ്, തുക |
|---|---|---|---|---|
| 75/18 | പറക്കോട് മാർക്കറ്റ് നവീകരണം<br>(കരാറുകാരൻ - ശ്രീ കുര്യൻ കോശി)<br>എം.ബുക്ക് നം. 112/17 | 2 | 15.3<br>Demolishing RCC work manually/by mechanical means *including stacking of steel bars* and disposal of unserviceable material...... | 46.64$m^3$<br>@1800/$m^3$<br>=83952 |

പ്രവൃത്തിയുടെ ഭാഗമായി ലഭിച്ച സ്റ്റീൽ ബാറുകളുടെ സർവ്വേ റിപ്പോർട്ട് തയ്യാറാക്കി എം.ബുക്കിൽ രേഖപ്പെടുത്തി കൈയ്യൊഴിക്കാതിരുന്നതിനാൽ നഗരസഭാ ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.28/23.03.19) അസി.എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്നും വിശദീകരണം തേടുന്നതാണെന്ന് അറിയിച്ചു. ഈ ഇനത്തിൽ ഉണ്ടായിട്ടുള്ള നഷ്ടം നിജപ്പെടുത്തി ഉത്തരവാദിയായവരിൽനിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 3-28 മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി നിർമ്മാണം - കരാറുകാരന് 15641 രൂപ അധിക പ്രതിഫലം നൽകി

2017-18-ലെ വാർഷിക പദ്ധതിയിൽ പ്രോജക്ട് നം.20/18 പ്രകാരം ഉൾപ്പെടുത്തിയ കെട്ടിട നിർമ്മാണ പദ്ധതിയുടെ കരാറുകാരന് 15641രൂപ അധിക പ്രതിഫലം നൽകിയിട്ടുള്ളതായി പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ വ്യക്തമായി.

പൊതു വിഭാഗം പദ്ധതി വിഹിതത്തിൽനിന്നും 300000 രൂപ വകയിരുത്തി അടൂർ നഗരസഭയിലെ 24-ാം വാർഡിലുള്ള സെൻട്രൽ ടോൾ മാർക്കറ്റിൽ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റിയ്ക്ക് കെട്ടിടം പണിയുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയത്. പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്കിൽ (1.5% കുറവ്) ടെണ്ടർ സമർപ്പിച്ച ശ്രീ ഭാസുരൻ കെ.എൻ. എന്ന കരാറുകാരനാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ എം.ബുക്ക് പ്രകാരം (നം.169/17) കരാറുകാരൻ 280074 രൂപയുടെ പ്രവൃത്തിയാണ് നടത്തിയിട്ടുള്ളത്. ഫൈനൽ ബിൽ തുകയിൽനിന്നും ടെണ്ടർ കുറവും, നികുതികളും കുറവ് ചെയ്തതിനുശേഷം കരാറുകാരന് അർഹമായ പ്രതിഫലം 270355 രൂപയായിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തി മൂല്യം | 280074.00 |
| കുറയ്ക്കുക:- | |
| ടെണ്ടർ കുറവ് 1.5% | 4201.11 |
| IT @1% | 2759.00 |
| KCWWF @1% | 2759.00 |
| ആകെ | 9719.11 |
| കരാറുകാരന് അർഹമായ തുക | **270354.89** |

മേൽ പറഞ്ഞ പ്രകാരം കരാറുകാരന് 270355 രൂപ പ്രതിഫലം നൽകേണ്ടതിന് പകരം തെറ്റായി പ്രവൃത്തിമൂല്യം കണക്കാക്കി 285996 രൂപയാണ് നൽകിയിട്ടുള്ളത് (ബിൽ നം.119/26.03.18). ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.29/23.03.19) ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക ബന്ധപ്പെട്ട കരാറുകാരനിൽനിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അസി.എഞ്ചിനീയർ അറിയിച്ചു. അധികം നൽകിയ 15641 രൂപ ബന്ധപ്പെട്ട കരാറുകാരനിൽനിന്നോ, അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 3-29 കരാറുകാരന് 8488 രൂപ അധികം പ്രതിഫലം നൽകി

പ്രോജക്ട് നം.33/18 പ്രകാരം നഗരസഭയിലെ 9-ാം വാർഡിലുള്ള ടി റോഡിന്റെ 810 മീറ്റർ ഭാഗം റീ ടാർ ചെയ്യുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 568000 രൂപയും, റോഡ്

മെയിന്റനൻസ് ഗ്രാന്റിൽനിന്നും 460000 രൂപയും ഉൾപ്പടെ ആകെ 1028000 രൂപയായിരുന്നു പ്രവൃത്തിയുടെ അടങ്കൽ. പ്രവൃത്തിയ്ക്ക് ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്കിൽ ടെണ്ടർ സമർപ്പിച്ച ശ്രീ അജീഷ് എന്ന കരാറുകാരനാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ എം.ബുക്ക് പ്രകാരം (നം.72/17) കരാറുകാരൻ 943570 രൂപയുടെ പ്രവൃത്തി നടത്തി. പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽനിന്നും നിയമപ്രകാരമുള്ള കിഴിവുകൾ നടത്തിയതിനുശേഷം കരാറുകാരന് അർഹമായ തുക 868084 രൂപയായിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവൃത്തി മൂല്യം | 943570.00 |
| കുറയ്ക്കുക:- | |
| VAT 4% | 37743.00 |
| IT @1% | 9436.00 |
| KCWWF @1% | 9436.00 |
| Fine 2% | 18871.00 |
| ആകെ | 75486 |
| കരാറുകാരന് അർഹമായ തുക | **868084** |

മേൽ കാണിച്ചിരിക്കുന്ന പ്രകാരം കരാറുകാരന് 868084 രൂപ പ്രതിഫലത്തിന് അർഹതയുള്ള സ്ഥാനത്ത് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 416572 രൂപയും (ബൽ നം.109/22.03.18), റോഡ് മെയിന്റനൻസ് ഗ്രാന്റിൽനിന്നും 460000 രൂപയും (ബിൽ നം.110/22.03.18) ഉൾപ്പടെ ആകെ 876572 രൂപ കരാറുകാരന് പ്രതിഫലം നൽകിയിട്ടുണ്ട്. കരാറുകാരന് അർഹമായതിനേക്കാൾ 8488 രൂപ അധികം പ്രതിഫലം നൽകി. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.30/23.03.19) ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക ബന്ധപ്പെട്ട കരാറുകാരനിൽനിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അസി.എഞ്ചിനീയർ അറിയിച്ചു. അധികം നൽകിയ 8488 രൂപ ബന്ധപ്പെട്ട കരാറുകാരനിൽനിന്നോ, അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 3-30 ആവശ്യമായതിലധികം കനത്തിൽ റീകോൺക്രീറ്റിംഗ് നടത്തി

2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 2 ലക്ഷം രൂപ അടങ്കൽ വകയിരുത്തി നടപ്പിലാക്കിയ പ്രവൃത്തിയാണ് വിശ്വഭാരതി റോഡ് കോൺക്രീറ്റിംഗ് (പ്രോ.നം.85/18). ഗുണഭോക്തൃസമിതി മുഖാന്തിരമാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം കൺവീനർ ശ്രീ പി.കെ.അച്ചൻകുഞ്ഞ് 199743 രൂപയുടെ പ്രവൃത്തി നടത്തിയിട്ടുണ്ട്. നിയമപരമായ കിഴിവുകൾ നടത്തിയതിനുശേഷം (VAT 5% - 9987, IT 1@ - 1997, KCWWF @1% - 1997) 185761 രൂപ കൺവീനർക്ക് പ്രതിഫലം നൽകിയിട്ടുണ്ട് (ട്രഷറി ബിൽ നം.33/17-18/31.07.17). പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ അംഗീകരിച്ച എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, ലൊക്കേഷൻ സ്കെച്ച് എന്നിവ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. അളവ് പുസ്തകം (92/17) പരിശോധിച്ചതിൽ റോഡിന്റെ 95.6 മീറ്റർ നീളം റീകോൺക്രീറ്റ് നടത്തുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമായി. എം.ബുക്കിൽ രണ്ട് ഇനം പ്രവൃത്തികളുടെ അളവുകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇനം 1 പ്രകാരം 1:4:8 അനുപാതത്തിലുള്ള കോൺക്രീറ്റ് ഉപയോഗിച്ച് 7.175 ഘ.മീ. അളവിൽ കോൺക്രീറ്റ് റോഡിലെ കുഴികൾ അടയ്ക്കുകയും, ഇനം. 2 പ്രകാരം 95.6 മീറ്റർ നീളത്തിൽ 7 cm കനത്തിൽ റീകോൺക്രീറ്റിംഗ് നടത്തുകയുമാണ് ചെയ്തിട്ടുള്ളത്. റോഡുകൾ റീ കോൺക്രീറ്റിംഗ് നടത്തുന്ന സംഗതിയിൽ 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റിംഗിന് 5 cm കനം മതിയാകുന്നതാണ്. എന്നാൽ ഈ പ്രവൃത്തിയുടെ കാര്യത്തിൽ 7 cm കനത്തിൽ പ്രവൃത്തി നടത്തിയതുമൂലം നഗരസഭാ ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ട്. അധിക കനത്തിൽ കോൺക്രീറ്റിംഗ് നടത്തേണ്ടതിന്റെ അനിവാര്യത എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല. ഈ ഇനത്തിൽ അധികം ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം നം. | പ്രവൃത്തിയുടെ വിവരം | എം.ബുക്ക് പ്രകാരമുള്ള അളവ്, നിരക്ക്, തുക | | അർഹമായ അളവ്, നിരക്ക്, തുക | |
|---|---|---|---|---|---|
| 2 | Providing & laying in position cement concrete of specified grade 1:2:4 etc. complete | 7.90x3.50+3.30/2x0.07 | 1.88 | 7.90x3.50+3.30/2x0.05 | 1.34 |
| | | 20.00x3.30+3.20/2x0.07 | 4.55 | 20.00x3.30+3.20/2x0.05 | 3.25 |
| | | 23.70x3.20+3.70/2x0.07 | 5.72 | 23.70x3.20+3.70/2x0.05 | 4.09 |
| | | 30.00x3.70+3.35/2x0.07 | 7.403 | 30.00x3.70+3.35/2x0.05 | 5.29 |
| | | 14.00x3.35+3.15/2x0.07 | 3.185 | 14.00x3.35+3.15/2x0.05 | 2.27 |
| | | Total | 22.74 | Total | 16.24 |
| | | Limited to - 22.26m3<br>22.26 @7445.49/m3 = 165736.61 | | 16.24 @7445.49/m3 = 120942.68 | |

മേൽ കാണിച്ചിരിക്കുന്ന പ്രകാരം 5cm കനത്തിൽ റീകോൺക്രീറ്റിംഗ് നടത്തിയിരുന്നുവെങ്കിൽ 16.24$m^3$ അളവിൽ പ്രവൃത്തി നടത്തേണ്ട സ്ഥാനത്താണ് 22.26$m^3$ അളവിൽ പ്രവൃത്തി നടത്തിയിട്ടുള്ളത്. അപാതകയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32/23.03.19) ലഭ്യമാക്കിയ മറുപടിയിൽ 5cm-ന് പകരം 7cm കനത്തിൽ കോൺക്രീറ്റ് ചെയ്തത് സംബന്ധിച്ച് ബന്ധപ്പെട്ട എഞ്ചിനീയർക്ക് അറിയിപ്പ് നൽകുന്നതാണെന്ന് അറിയിച്ചു. അപാകത കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഉചിതമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-31 കരാറുകാരൻ പ്രവൃത്തി പാതിവഴിയിൽ ഉപേക്ഷിച്ചു

2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 268572 രൂപയും, മെയിന്റനൻസ് ഗ്രാന്റിൽനിന്നും 731428 രൂപയും ഉൾപ്പടെ ആകെ 10 ലക്ഷം രൂപ അടങ്കൽ വകയിരുത്തി നടപ്പിലാക്കിയ പ്രവൃത്തിയാണ് തറയിൽപ്പടി - പ്ലാവിളപ്പടി - മുല്ലന്താനത്ത്പടി - സെമിത്തേരി റോഡ് പുനരുദ്ധാരണം (പ്രോ.നം.167/18). ഈ പ്രവൃത്തിയ്ക്ക് ടെണ്ടർ ക്ഷണിച്ചതിൽ 22.29% കുറഞ്ഞ നിരക്ക് (777070.75) ക്വോട്ട് ചെയ്ത ശ്രീ കൃഷ്ണകുമാർ എന്നയാളാണ് കരാറെടുത്തിട്ടുള്ളത്. ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകത ചുവടെ ചേർക്കുന്നു.

27.11.17-ലാണ് ഈ പ്രവൃത്തിക്ക് എഗ്രിമെന്റ് വെച്ചിട്ടുള്ളത്. എഗ്രിമെന്റ് പ്രകാരം 3 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ 08.03.18-ൽ 379215 രൂപയുടെ പാർട്ട് ബിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ നികുതികളും, റീടെൻഷൻ തുകയും കിഴിച്ച് 333709 രൂപ കൈപ്പറ്റിയതിനുശേഷം കരാറുകാരൻ തുടർന്ന് പണി നടത്തിയിട്ടില്ല. പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ രണ്ട് ഭാഗങ്ങളായിരുന്നു ഉണ്ടായിരുന്നത്. ഒന്നാം ഭാഗം 150 മീറ്റർ നീളത്തിൽ റോഡ് കോൺക്രീറ്റിംഗ് നടത്തുന്നതിനും, രണ്ടാംഭാഗം 137 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുമുള്ളതായിരുന്നു. ഇതിൽ ഒന്നാംഭാഗമായ റോഡ് കോൺക്രീറ്റിംഗ് മാത്രമാണ് കരാറുകാരൻ പൂർത്തിയാക്കിയിട്ടുള്ളത്. 22.03.18-ൽ കരാറുകാരന് പാർട്ട് ബിൽ നൽകിയതിനുശേഷം പ്രവൃത്തി പൂർത്തിയാക്കുന്നതിനാവശ്യമായ യാതൊരു തുടർ നടപടികളും നിർവ്വഹണ ഉദ്യോഗസ്ഥനായ മുനിസിപ്പൽ എഞ്ചിനീയറുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. മാത്രവുമല്ല ഈ പ്രവൃത്തി നഗരസഭയുടെ 2018-19 വാർഷിക പദ്ധതിയിൽ സ്പിൽഓവറായി ഉൾപ്പെടുത്തിയിട്ടുമില്ല.

താരതമ്യേന ലാഭകരമായ റോഡ് കോൺക്രീറ്റിംഗ് മാത്രം നടത്തി പ്രവൃത്തി പാതി വഴിയിൽ ഉപേക്ഷിക്കുന്നതിന് സഹായകരമായ നടപടിയാണ് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. പ്രവൃത്തി നടത്തുന്നതിന് വീഴ്ചവരുത്തിയ കരാറുകാരനെതിരെ തുടർനടപടി സ്വീകരിക്കാതിരിക്കുകയും, പ്രവൃത്തി 2018-19 വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്താതിരിക്കുകയും ചെയ്തത് മുനിസിപ്പൽ എഞ്ചിനീയറുടെ ഭാഗത്തുനിന്നുള്ള ഗൗരവതരമായ വീഴ്ചയാണ്. കരാർ ലംഘനം നടത്തിയ കരാറുകാരന്റെ സെക്യൂരിറ്റി, പെർഫോർമൻസ് ഗ്യാരന്റി, റീടെൻഷൻ തുകകൾ (എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം ടിയാൻ 30200 രൂപ സെക്യൂരിറ്റി തുകയും, 95490 രൂപ പെർഫോർമൻസ് ഗ്യാരന്റിയും നഗരസഭയിൽ കെട്ടിവെച്ചിട്ടുണ്ട്) കണ്ടുകെട്ടുന്നതിന് നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ശേഷിക്കുന്ന പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണം നടത്തുമ്പോൾ അധികം ചെലവു വരുന്ന തുക ടി കരാറുകാരിൽനിന്നും ഈടാക്കേണ്ടതാണ്.

പ്രവൃത്തിയുടെ നിർവ്വഹണത്തിലുണ്ടായിട്ടുള്ള വീഴ്ച മുൻനിർത്തി പ്രവൃത്തിക്ക് ചെലവഴിച്ച 379215 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-32 പന്നിവിഴ ഈസ്റ്റ് ഗവ.എൽ.പി.എസ്.മെയിന്റൻസ് – അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രവൃത്തി നടത്തി

പന്നിവിഴ ഈസ്റ്റ് എൽ.പി.എസ്. സ്കൂളിന്റെ അറ്റകുറ്റപ്പണികൾക്കായി 2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.61/18 പ്രകാരം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും 400000 രൂപ വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയിട്ടുണ്ട്. 4.5% കുറഞ്ഞ നിരക്കിൽ ടെണ്ടർ സമർപ്പിച്ച ശ്രീ പി.ജോൺസൺ എന്ന കരാറുകാരനാണ് പ്രവൃത്തിയുടെ കരാർ നൽകിയിരുന്നത്. പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം കരാറുകാരൻ 342989 രൂപയുടെ പ്രവൃത്തി നടത്തി. നിയമപരമായ കിഴിവുകൾ നടത്തിയതിനുശേഷം കരാറുകാരന് 327554 രൂപ പ്രതിഫലം നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകത ചുവടെ ചേർക്കുന്നു.

അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. ഒറിജിനൽ എസ്റ്റിമേറ്റിൽ വിഭാവനം ചെയ്ത ഏതെങ്കിലും പ്രവൃത്തികൾ ഒഴിവാക്കുകയോ, കൂട്ടിചേർക്കുകയോ, മാറ്റംവരുത്തുകയോ ചെയ്യേണ്ടിവരുന്ന സാഹചര്യത്തിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഭേദഗതി ചെയ്യുന്നതിന് ഭരണാനുമതിയും, റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതിയും തേടേണ്ടതാണ്. എന്നാൽ നഗരസഭയിൽനിന്നും ഭരണാനുമതിയും, അസി.എക്സി.എഞ്ചിനീയറിൽനിന്നും സാങ്കേതികാനുമതിയും തേടാതെയാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം അധിക അളവിൽ പ്രവൃത്തി നടത്തിയിട്ടുള്ളത്. ആയത് ക്രമപ്രകാരമല്ല. എസ്റ്റിമേറ്റ് അളവിൽ അധികരിച്ച് നടത്തിയിട്ടുള്ള പ്രവൃത്തിക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |
|---|---|---|---|---|---|

| Item No. | Description of work | Unit | As per Original Estimate | | | Executed | | | Excess |
|---|---|---|---|---|---|---|---|---|---|
| | | | Qty | Rate | Amt. | Qty | Rate | Amt. | |
| 1.03 | 50.6.1.8: Solid block masonry using pre-cast solid blocks | m3 | 6.327 | 5789.75 | 36631.75 | 8.075 | 5789.75 | 46752.23 | 10120.48 |
| 1.04 | 13.1.1: 12 mm cement plaster of mix 1:4 | m2 | 78.165 | 238.02 | 18604.83 | 95.601 | 238.02 | 22754.95 | 4150.12 |
| 1.05 | 5.9.5: Centeing and shuttering including strutting, etc. and removal of form.... | m2 | 5.420 | 483.98 | 2623.17 | 6.600 | 483.98 | 3194.27 | 571.1 |
| 1.06 | 5.1.2: Providing and laying in position specified grade of reinforced cement concrete..... | m3 | 0.420 | 9078.02 | 3812.77 | 0.660 | 9078.02 | 5991.49 | 2178.72 |
| 1.07 | 5.22.6: Steel reinforcement for RCC work ...... | Kg | 31.50 | 99.23 | 3125.75 | 46.180 | 99.23 | 4582.44 | 1456.7 |
| 1.10 | 10.2: Structural steel work riveted, bolted or welded in builtup sections..... | Kg | 77.443 | 107.75 | 8344.48 | 263.680 | 107.75 | 28411.52 | 20067.04 |
| 1.12 | 11.37: Providing and laying ceramic glazed floor tiles of size 300x300mm....... | m2 | 68.851 | 1144.41 | 78793.77 | 115.62 | 1144.41 | 132316.68 | 53522.91 |
| 1.14 | 18.54.1: Providing and fixing PTMT bib cock of approved quality | no. | 1.00 | 227.38 | 227.38 | 2.00 | 227.38 | 454.76 | 227.38 |
| 1.17 | OD: Providing & fixing on roof pressed clay deptl. Tile of 20 mm..... | m2 | 132.00 | 112.87 | 14898.84 | 208.51 | 112.87 | 23534.52 | 8635.68 |
| 1.19 | 12.49: Providing & laying on roof pressed clay tile ridge ..... | m2 | 1.200 | 197.66 | 237.19 | 2.075 | 197.66 | 410.14 | 172.95 |
| 1.20 | 50.9.14.1: Supplying and fixing Anjili wood reapers .. | m3 | 0.263 | 95036.71 | 24994.65 | 0.362 | 95036.71 | 34403.29 | 9408.63 |
| | Extra Item | | | | | | | | |
| 4.01 | Providing and laying in position cement concrete of specified grade ... 1:2:4 ... | m3 | | 7964.95 | | 2.010 | 7964.95 | 16009.55 | 16009.55 |
| 4.02 | Engaging Man coolie for cleaning inside and out side the class room... | E | | 556.81 | | 5 | 556.81 | 2784.05 | 2784.05 |
| 4.03 | Engaging carpenter for repairing the | E | | 705.74 | | 2 | 705.74 | 1411.48 | 1411.48 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | benches, doors, windows.... | | | | | | | | |
| | Total | | | | | | | | 130716.8 |
| | Tender Below 4.5% | | | | | | | (-) | 5882.26 |
| | | | | | | | | | 124834.54 |

മേൽ കാണിച്ചിരിക്കുന്ന പ്രകാരം അംഗീകരിച്ച എസ്റ്റിമേറ്റിലെ അളവിൽ അധികമായി പ്രവൃത്തി നടത്തിയ ഇനത്തിൽ കരാറുകാരന് നൽകിയ 124835 രൂപ നൽകിയിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (34/23.03.19) റിവൈസ്ഡ് റ്റി.എസ്. LSGD സബ്ഡിവിഷൻ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖാന്തിരം ലഭിച്ചിട്ടുണ്ടെന്നും, ടിയാൻ ബില്ല് ചെക്ക് മെഷർ ചെയ്ത് പാസാക്കിയിട്ടുള്ളതാണെന്നും എന്നാൽ റ്റി.എസ്. എൻടി എസ്റ്റിമേറ്റിൽ രേഖപ്പെടുത്തുന്നതിനു വിട്ടുപോയിട്ടുള്ളതാണെന്നും അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കി. മറുപടിയുടെ നിജസ്ഥിതി ഓഡിറ്റിന് ബോദ്ധ്യമായിട്ടില്ല. അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രവൃത്തി നടത്തിയ ഇനത്തിൽ അധികം ചെലവഴിച്ച 124835 രൂപ തടസ്സപ്പെടുത്തുന്നു. ഏകപക്ഷീയമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പ്രവൃത്തി നടത്തിയ മുനിസിപ്പൽ എഞ്ചിനീയറുടെ നടപടി നഗരസഭ കൗൺസിൽ പരിശോധിച്ച് ഉചിതമായ തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

# 3-33 സർക്കാർ ഉത്തരവിന് വിരുദ്ധമായി ഗുണഭോക്തൃസമിതികളെ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം ഏൽപ്പിച്ചു

പതിമൂന്നാം പഞ്ചവത്സര പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സർക്കാർ 29.03.17-ൽ പുറപ്പെടുവിച്ച പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം [ജി.ഒ.(എം.എസ്.)നം.72/2017/തസ്വഭവ – ഖ.14.1(1)] 50000 രൂപയിൽ അധികം അടങ്കലുള്ള എല്ലാ നിർമ്മാണ പ്രോജക്ടുകളും ടെണ്ടർ നടപടികൾ അവലംബിച്ചുവേണം നിർവ്വഹണം നടത്തേണ്ടത്. എന്നാൽ പ്രസ്തുത ഉത്തരവ് പ്രാബല്യത്തിൽ വന്നതിനുശേഷം നഗരസഭയിൽ 50000 രൂപയിൽ അധികം അടങ്കലുള്ള 24 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം ഗുണഭോക്തൃസമിതികളെ ഏൽപ്പിച്ചു നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | | കൺവീനർ | അടങ്കൽ | എഗ്രിമെന്റ് നം., തീ. |
|---|---|---|---|---|---|
| 1. | 79/18 | മുല്ലന്താനത്ത്പടി ഏലാ റോഡ് - മറിയകാവിൽപടി റോഡ് സൈഡ് കെട്ട് | ശ്രീ ജോയി തോമസ്സ് | 200000 | 97/31.03.17 |
| 2. | 81/18 | തടവിളപ്പടി മുരുപ്പേൽ മുതൽ കട്ടടിപ്പടി വരെ റോഡ് കോൺക്രീറ്റിംഗ് | ശ്രീ സുധാകരക്കുറുപ്പ് സ്മിതാഭവനം | 200000 | 98/31.03.17 |
| 3. | 78/18 | പതിവാൻപടി - നീതുഭവനം പടി റോഡ് കോൺക്രീറ്റിംഗ് | ശ്രീ ബേബിക്കുട്ടി | 200000 | 99/31.03.17 |
| 4. | 90/18 | പുത്തൻവീട്ടിൽപടി കട്ടവുങ്കൽപ്പടി റോഡ് കോൺക്രീറ്റിംഗ് | ശ്രീ കെ.എം.വർഗ്ഗീസ്, പാണമുട്ടത്ത് | 200000 | 100/31.03.17 |
| 5. | 93/18 | സായൂജ്യപടി റോഡ് കോൺക്രീറ്റിംഗ് | ശ്രീ ഷിബു ജി., ചിറക്കരോട്ട് | 200000 | 101/31.03.17 |
| 6. | 80/18 | സൊസൈറ്റിപ്പടി - വേങ്കത്തറപ്പടി റോഡ് കോൺക്രീറ്റിംഗ് | ശ്രീ സൈനുദ്ദീൻ, റഹമത്ത് മൻസിൽ | 400000 | 102/31.03.17 |

| | | | | | |
|---|---|---|---|---|---|
| 7. | 94/18 | PGMGHS – RSM സ്കൂൾ റോഡ് കോൺക്രീറ്റിംഗ് | ശ്രീമതി രമ്യ ജി. നായർ | 200000 | 103/31.03.17 |
| 8. | 96/18 | രാമവിലാസംപടി ജവഹർ കോളനി കോൺക്രീറ്റിംഗ് | ശ്രീമതി സുധാമണി, ശ്രീശൈലം | 200000 | 104/31.03.17 |
| 9. | 101/18 | പെരുമാണ്ടേത്ത്പറ – കടുവുങ്കൽപടി റോഡ് കോൺക്രീറ്റിംഗ് | ശ്രീ അമ്പിളിജ്ഞന, വടശ്ശേരിൽ | 200000 | 105/31.03.17 |
| 10. | 102/18 | കണ്ടനല്ലൂർ ജം. പുതുപറമ്പിൽ ജം. റോഡ് കോൺക്രീറ്റിംഗ് | ശ്രീ ബേബി വർഗ്ഗീസ് | 200000 | 106/31.03.17 |
| 11. | 99/18 | അഭിലാഷ്പടി - മൂരിക്കുവിളപ്പടി റോഡ് കോൺക്രീറ്റിംഗ് | ശ്രീ ഗീത ഗംഗാധരൻ, ശ്രീരാജ് ഭവൻ | 200000 | 107/31.03.17 |
| 12. | 23/18 | മുനി.ഓഫീസ് സെക്കന്റ് ഫ്ലോർമെയിന്റനൻസ് രണ്ടാംഘട്ടം & ഫ്രണ്ട് ഓഫീസ് നിർമ്മാണം | ശ്രീ അജി ഭാർഗ്ഗവൻ, തടവിളപുത്തൻവീട് | 490000 | 108/31.03.17 |
| 13. | 92/18 | കാർത്തികപ്പടി അശ്വതിഭവനം റോഡ് കോൺക്രീറ്റിംഗ് | ശ്രീ കെ.ജി.വാസുദേവൻ, കമുകിനാംകുഴിയിൽ | 200000 | 109/31.03.17 |
| 14. | 84/18 | കക്കോട്ട്റോഡ് ലക്ഷം വീട് റോഡ് കോൺക്രീറ്റിംഗ് | ശ്രീ എം.റ്റി.വിജയൻ. നെല്ലിമുകൾ തെക്കേതിൽ | 200000 | 110/31.03.17 |
| 15. | 85/18 | വിശ്വഭാരതി റോഡ് കോൺക്രീറ്റിംഗ് | ശ്രീ പി.കെ.അച്ചൻകുഞ്ഞ് | 200000 | 111/31.03.17 |
| 16. | 87/18 | രാഗംപടി - മടവിളപ്പടി റോഡ് കോൺക്രീറ്റിംഗ് | ശ്രീ മാത്യൂസ്, മുളവിളതെക്കേതിൽ | 200000 | 112/31.03.17 |
| 17. | 89/18 | ലാവണ്യപ്പടി - ചവറ അടൂർ റോഡ് വരെ കോൺക്രീറ്റിംഗ് | ശ്രീ എൻ.ഐ. അലക്സാണ്ടർ, ലാവണ്യ | 200000 | 113/31.03.17 |
| 18. | 82/18 | താവളത്തിൽപ്പടികനാൽപ്പടി റോഡ് കോൺക്രീറ്റിംഗ് | ശ്രീ വിജയൻ, വിജിൻഭവനം | 200000 | 114/31.03.17 |
| 19. | 100/18 | കൊട്ടുത്തുർപടി - കളിക്കൽപ്പടി റോഡ് കോൺക്രീറ്റിംഗ് | ശ്രീ ബിജു ജോർജ്ജ് | 200000 | 115/31.03.17 |
| 20. | 83/18 | പാറ്റർപടി ഫെയ്ത്ത് ലെയ്ൻ കണ്ണങ്കര മുകളിൽ പുത്തൻവീട് വരെ റോഡ് കോൺക്രീറ്റിംഗ് | ശ്രീ ഡനീസ് വർഗ്ഗീസ് | 200000 | 116/31.03.17 |
| 21. | 95/18 | വടോട്ടുപടി - മുകളുവിളപ്പടി റോഡ് കോൺക്രീറ്റിംഗ് | ശ്രീമതി രാധാമണി ടി. | 200000 | 117/31.03.17 |
| 22. | 97/18 | മുഴങ്ങോടിയിൽ പുത്തൻവീട് ബാബു സദനം റോഡ് കോൺക്രീറ്റിംഗ് | ശ്രീ ജോർജ്ജ് കാഞ്ഞിരവിളയിൽ | 200000 | 118/31.03.17 |
| 23. | 98/18 | വലിയവിളപ്പടി മുള്ളുമുരുപ്പേൽപ്പടി റോഡ് കോൺക്രീറ്റിംഗ് | ശ്രീ വി.കെ.രാജൻ | 200000 | 119/31.03.17 |
| 24. | 91/18 | മാടാംകുളഞ്ഞിപടി ജോർജ്ജ് സൺസ് പടി റോഡ് കോൺക്രീറ്റിംഗ് | ശ്രീ പി.ജി.വർഗ്ഗീസ് | 200000 | 121/31.03.17 |

മേൽ പറഞ്ഞ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം ഗുണഭോക്തൃസമിതികളെ ഏൽപ്പിച്ചത് ക്രമവിരുദ്ധമായ നടപടിയാണ്. ഈ വിഷയത്തിൽ ഉചിതമായ തുടർനടപടികൾക്കായി ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-34 കൺവീനർ പ്രവൃത്തികളുടെ നിർവ്വഹണം

# സുതാര്യമല്ല

ഓഡിറ്റ് വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ട 24 മരാമത്ത് പ്രവൃത്തികൾ ഗുണഭോക്തൃസമിതി മുഖാന്തിരമാണ് നടപ്പലാക്കിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതിയുടെ മുഴുവൻ ഗുണഭോക്താക്കൾക്കും രേഖാമൂലം അറിയിപ്പ് നൽകി ഗുണഭോക്താക്കളുടെ യോഗം വിളിച്ചു ചേർത്തിട്ടില്ല. ഗുണഭോക്തൃയോഗം സംബന്ധിച്ച നോട്ടീസ് മിക്ക ഫയലുകളിലും സൂക്ഷിച്ചിട്ടില്ല.
2. ഗുണഭോക്തൃസമിതിയുടെ കൺവീനറും, ചെയർമാനും സമിതി അംഗങ്ങളും ഗണഭോക്തൃ പ്രദേശത്തെ നിവാസികൾതന്നെയാണെന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ, സാക്ഷ്യപ്പെടുത്തിയ രേഖ നിർവ്വഹണ ഉദ്യോഗസ്ഥന് സമർപ്പിക്കുകയോ ചെയ്തിട്ടില്ല.
3. ഗുണഭോക്തൃസമിതി കൺവീനറേയും, ചെയർമാനേയും തെരഞ്ഞെടുത്തിട്ടുള്ളത് നഗരസഭാ കൗൺസിൽ അംഗീകരിച്ചിട്ടില്ല. കൗൺസിലിന്റെ അംഗീകാരം ഇല്ലാതെയാണ് ഗുണഭോക്തൃസമിതിയുമായി മുനിസിപ്പൽ എഞ്ചിനീയർ കരാറിലേർപ്പെട്ടിട്ടുള്ളത്.
4. കരാർ പത്രങ്ങളിൽ ആവശ്യമായ വിവരങ്ങൾ എഴുതി ചേർക്കുകയോ ബന്ധപ്പെട്ടവരും, സാക്ഷികളും കൈയ്യൊപ്പ് ചാർത്തി ആധികാരികമാക്കുകയോ ചെയ്തിട്ടില്ല.
5. വർക്ക് ഫയലുകളിൽ മിക്കവയിലും പ്രവൃത്തികളുടെ അംഗീകരിച്ച എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ് പ്ലാൻ എന്നിവ ഹാജരാക്കിയിട്ടില്ല ( ഉദാ:100/18, 80/18, 91/18, 96/18)
6. ഗുണഭോക്തൃസമിതികൾക്ക് പണി നടത്തുന്നതിന് മൊബലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.
7. ഗുണഭോക്തൃസമിതികൾക്ക് സൈറ്റ് ഹാൻഡ് ഓവർ ചെയ്യുകയോ, വർക്ക് ഓർഡർ നൽകുകയോ ചെയ്തിട്ടില്ല.
8. ഗുണഭോക്തൃസമിതി കൺവീനറുടെയും, ചെയർമാന്റെയും പേരിൽ ബാങ്ക് അക്കൗണ്ട് തുറന്ന് അതിലൂടെയാണ് പണമിടപാടുകൾ നടത്തിയിട്ടുള്ളതിന്റെ രേഖകൾ മിക്ക ഫയലിലും ഇല്ല.
9. ഗുണഭോക്തൃസമിതി കൺവീനർമാർ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും ക്യാഷ് ബിൽ അസി. എഞ്ചിനീയർ ക്വാളിറ്റി സർട്ടിഫൈ ചെയ്യുകയോ, അസി. എക്സി. എഞ്ചിനീയർ മേലൊപ്പിടുകയോ ചെയ്തിട്ടില്ല.
10. മസ്റ്റർ റോളുകൾ കൺവീനർ ഒപ്പിടുകയോ അസി.എഞ്ചിനീയറും, അസി.എക്സി. എഞ്ചിനീയറും മേലൊപ്പിടുകയോ ചെയ്തിട്ടില്ല.
11. ക്യാഷ് ബില്ലുകളിൽ കൺവീനർ 'Paid by me' എന്ന് എഴുതി ഒപ്പിട്ടിട്ടില്ല.
12. ഗുണഭോക്തൃസമിതികളുടെ എക്സിക്യൂട്ടീവ് കമ്മിറ്റി കൂടി വരവ് ചെലവുകൾ അംഗീകരിച്ചതിനുശേഷമല്ല കൺവീനർ കണക്കുകൾ നഗരസഭയിൽ സമർപ്പിച്ചിട്ടുള്ളത്.
13. പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഒരു ഫയലിലും ലഭ്യമാക്കിയിട്ടില്ല.

അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 3-35 ടെണ്ടർ ഉറപ്പിച്ച് നിശ്ചിത സമയപരിധിക്കകം എഗ്രിമെന്റ് വയ്ക്കാത്ത കരാറുകാരിൽനിന്നും പിഴ

# ഈടാക്കിയിട്ടില്ല

താഴെ പറയുന്ന പ്രവൃത്തികളുടെ ടെണ്ടർ ഉറപ്പിച്ച് നിശ്ചിത സമയപരിധിക്കകം കരാറുകാർ എഗ്രിമെന്റ് വെച്ചിട്ടില്ല. 01.02.2012-ലെ ജി.ഒ.(പി.)നം.13/2012/പി.ഡബ്ല്യു.ഡി. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പുതുക്കിയ KPWD മാന്വൽ അനുസരിച്ച് ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7 ദിവസത്തിനകമോ Firm period നകമോ (ഏതാണോ ആദ്യം അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് അയക്കണം. സെലക്ഷൻ നോട്ടീസ് നിയമാനുസൃതം അയച്ച തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കി (മിനിമം 1000/-, മാക്സിമം 25000/-) കരാറുടമ്പടി വെയ്ക്കാം. 14ദിവസവും പിഴയോടുകൂടിയ 10ദിവസവും കഴിഞ്ഞും കരാറുടമ്പടി വെയ്ക്കാത്തപക്ഷം കരാർ റദ്ദാക്കണം. EMDകണ്ട് കെട്ടി ടെണ്ടർ നിബന്ധനകളിലെ വ്യവസ്ഥകൾ പ്രകാരമുള്ള മറ്റു നടപടികളും സ്വീകരിക്കണം. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ കരാറുകാർക്ക് ഈ നടപടിക്രമങ്ങളൊന്നും പാലിക്കാതെ എഗ്രിമെന്റ് വെയ്ക്കാൻ അനുവദിക്കുകയാണുണ്ടായത്.

| ക്രമ നമ്പർ | പ്രൊജക്റ്റ്<br>കരാർ തുക | ടെണ്ടർ തീയതി | സെലക്ഷൻ<br>നോട്ടീസ് അയച്ച തീയതി | സെലക്ഷൻ നോട്ടിസ് പ്രകാരം എഗ്രിമെന്റ് വയ്ക്കേണ്ട തീയതി | എഗ്രിമെന്റ് വെച്ച തീയതി/ എഗ്രിമെന്റ് നം. | പിഴ ഈടാ ക്കേണ്ടത് |
|---|---|---|---|---|---|---|
| 1 | മുണ്ടിളം പ്ലാവിൽ പി.ഡി.എം.ബി.എച്ച്.എസ്. റോഡ് & അതിന്റെ ബൈ റോഡ് പുനരുദ്ധാരണം (34/18)<br>കരാറുകാരൻ – ശ്രീ അജീഷ്<br>കരാർ തുക – 1066778 | 22.12.17 | 13.01.17 | 31.01.17 | 14.02.17<br>(64/16-17) | 10668 |
| 2 | കമ്മ്യൂണിറ്റി ഹാൾ - അമ്പലത്തറ റോഡ് പുനരുദ്ധാരണം (184/180<br>കരാറുകാരൻ – ശ്രീ കൃഷ്ണകുമാർ<br>കരാർ തുക – 1196570 | 28.08.17 | 25.10.17 | 02.11.17 | 27.11.17<br>(17/17-18) | 11966 |
| 3 | നെയ്ത്തുശാലപ്പടി - ഇ.വി. വായനശാല റോഡ് (56/18)<br>കരാറുകാരൻ – കെ.ജെ.ബിജു<br>കരാർ തുക - 643193 | 22.12.17 | 13.01.17 | 20.01.17 | 03.02.17<br>(39/16-17) | 6432 |
| 4 | മെങ്കുന്നത്ത്പടി - TB റോഡ് സൈഡ് കെട്ടും മണ്ണ് ഫില്ലിംഗും (57/18)<br>കരാറുകാരൻ – ശ്രീ അജീഷ് എസ്.<br>കരാർ തുക – 849999.99 | 22.12.17 | 13.01.17 | 20.01.17 | 14.02.17<br>(58/16-17) | 8500 |

ടി പ്രവൃത്തികളുടെ കരാറുകാരിൽനിന്നും പിഴ ഈടാക്കി നഗരസഭ ഫണ്ടിൽ മുതൽക്കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

# 3-36 എഗ്രിമെന്റ് കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും പിഴ ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ എഗ്രിമെന്റ്

കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. എന്നാൽ നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ സമയം കൂടുതൽ ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരൻ കരാർ കാലാവധിയ്ക്കുള്ളിൽ അപേക്ഷ നൽകുകയോ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റൻറ് എഞ്ചിനീയർ പൂർത്തീകരണം ദീർഘിപ്പിച്ച് അനുവദിച്ച് സപ്ലിമെൻററി എഗ്രിമെൻറ് വെക്കുകയോ ചെയ്തിട്ടില്ല. ജി.ഒ.(പി.)നം.13/2012/പി.ഡബ്ല്യു.ഡി., തീ. 01.02.12 നമ്പർ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ കേരള പൊതു മരാമത്ത് മാന്വൽ ഖണ്ഡിക 2112 അനുസരിച്ച് നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചതി കാലാവധിയുടെ 25% സമയം അല്ലെങ്കിൽ 6 മാസം (ഏതാണ് കുറവെങ്കിൽ അത്) ഒരു ശതമാനം പിഴയോടു കൂടിയോ (മിനിമം 1000 രൂപ, മാക്സിമം 50000 രൂപ) അതിൽ കൂടുതൽ വരുന്ന 25% വരെ സമയം കരാർ തുകയുടെ 2% പിഴയോടുകൂടിയും (മിനിമം 2000 രൂപ, മാക്സിമം 100000 രൂപ) അനുവദിക്കാവുന്നതാണ്. പരമാവധി ദീർഘിപ്പിച്ചു നൽകാവുന്ന സമയം കരാർ കാലാവധിയുടെ 50%-ൽ അധികരിക്കാനും പാടില്ല.

1. ശ്രീമൂലം മാർക്കറ്റ് ജം. പാമ്പേറ്റുകുളം ഡീവിയേഷൻ റോഡ് നവീകരണം (202/17)

അടങ്കൽ - 1800000

കരാർ തുക - 1490799.99

കരാറുകാരൻ - ശ്രീ സോമരാജൻ ഡി.

എഗ്രിമെൻറ് നം. - 86/16-17/10.03.17

കരാർ കാലയളവ് - 3 മാസം

പ്രവൃത്തി പൂർത്തീകരിക്കേണ്ടത് - 10.06.17

പൂർത്തീകരിച്ച തീയതി - 13.09.17

അളവു പുസ്തകം - 75/16-17

ഫൈനൽ ബിൽ തുക - 1490283

പിഴ ഈടാക്കേണ്ട കാലയളവ് - 10.06.17 – 13.09.17

കരാർ കാലയളവിന്റെ 25% - 23 ദിവസം

**ഈടാക്കേണ്ട പിഴ**

| | |
|---|---|
| 10.06.17 – 02.07.17 @1% | 14907.99 |
| 03.07.17 – 13.09.17 @2% | 29815.98 |
| ആകെ | 44723.97 |

**പിഴയിനത്തിൽ 44724 രൂപ കരാറുകാരനിൽനിന്നും ഈടാക്കണം.**

**2. കുന്നുതറ ഏലാ റോഡ് ലാസ്റ്റ് വില്ല – KIP കനാൽ കോട്ടവിള റോഡ് കോൺക്രീറ്റിംഗ് (98/17)**

അടങ്കൽ - 540000

കരാർ തുക - 356400

കരാറുകാരൻ- ശ്രീ ജോൺസൺ പി.

എഗ്രിമെൻറ് നം. - 88/16-17/13.01.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി - 31.03.17

കരാർ കാലയളവ് - 2 മാസം 19 ദിവസം

പൂർത്തീകരിച്ച തീയതി - 28.10.17

അളവു പുസ്തകം - 119/17

ഫൈനൽ ബിൽ തുക - 355921

പിഴ ഈടാക്കേണ്ട കാലയളവ് - 01.04.17– 28.10.17

കരാർ കാലയളവിന്റെ 25% - 19 ദിവസം

**ഈടാക്കേണ്ട പിഴ**

| | |
|---|---|
| 01.04.17 – 19.04.17 @1% | 3564 |
| 20.04.17 – 28.10.17 @2% | 7128 |
| ആകെ | 10692 |

**പിഴയിനത്തിൽ 10692 രൂപ കരാറുകാരനിൽനിന്നും ഈടാക്കണം.**

3. അയ്യപ്പൻപാറ – അമ്പലപ്പടി മുതൽ തടത്തിൽപ്പടി വരെ റോഡ് കോൺക്രീറ്റിംഗ് (116/17)

അടിങ്കൽ - 499500

കരാർ തുക - 278596

കരാറുകാരൻ - ശ്രീ ജോൺസൺ പി.

എഗ്രിമെൻറ് നം. - 90/16-17/15.03.17

പ്രവൃത്തി പൂർത്തീകരിക്കേണ്ടത് - 15.06.17

കരാർ കാലയളവ് - 3 മാസം

പൂർത്തീകരിച്ച തീയതി - 26.02.18

കരാർ കാലയളവിന്റെ 25% - 23 ദിവസം

അളവു പുസ്തകം - 155/17

ഫൈനൽ ബിൽ തുക - 273303

പിഴ ഈടാക്കേണ്ട കാലയളവ് - 16.06.17– 26.02.18

**ഈടാക്കേണ്ട പിഴ**

| | |
|---|---|
| 16.06.17 – 07.07.17 @1% | 2786 |
| 08.07.17 – 26.02.18 @2% | 5572 |
| ആകെ | 8358 |

**പിഴയിനത്തിൽ 8358 രൂപ കരാറുകാരനിൽനിന്നും ഈടാക്കണം.**

യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും പിഴ ഈടാക്കാതിരുന്നത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.53/23.03.19) അസി.എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട കരാറുകാർ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതാണെന്നും ആയതിന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് റീലീസ് ചെയ്തിട്ടില്ലെന്നും ആയതിനാൽ കരാറുകാരിൽനിന്നും ഓഡിറ്റിൽ ചൂണ്ടികാട്ടിയ പിഴ തുകകൾ ഈടാക്കുന്നതാണെന്നും അറിയിച്ചു. ടി കരാറുകാരിൽനിന്നും നിയമപ്രകാരം പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 3-37 സമയബന്ധിതമായി ബിൽ തുക നൽകിയില്ല

2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മെയിന്റനൻസ് ഗ്രാന്റിൽനിന്നും 2000000 രൂപയും, തനത് ഫണ്ട് 400000 രൂപയും ഉൾപ്പടെ ആകെ 24,00,000 രൂപ വകയിരുത്തി ടി റോഡ് പുനരുദ്ധരിക്കുന്നതിന് പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രവൃത്തി ടെണ്ടർ ചെയ്തതിൽ കുറഞ്ഞ നിരക്കിൽ

ടെണ്ടർ സമർപ്പിച്ച ശ്രീ കെ.ജെ.ബിജു എന്ന കരാറുകാരനാണ് പ്രവൃത്തിയുടെ ടെണ്ടർ എടുത്തത്. 03.02.2017-ലെ 38/AE/LSGD/ADR/16-17 നമ്പർ പ്രകാരം എഗ്രിമന്റ് വെച്ചിട്ടുള്ള ഈ പ്രവൃത്തി പൂർത്തീകരണ കാലാവധി 31.03.2017 ആയിരുന്നു. 25.04.17-ൽ കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിൽ 27.04.17-ൽ എം.ബുക്കിൽ അസി.എഞ്ചിനീയർ ഫൈനൽ ബിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടം 15(7) പ്രകാരം ഒരു മരാമത്ത് പണി പൂർത്തിയായികഴിഞ്ഞാൽ ഒരാഴ്ചയ്ക്കകം പണികളുടെ അളവെടുക്കൽ ചെക്ക് മെഷർമെന്റ് നടത്തൽ എന്നിവ പൂർത്തിയാക്കേണ്ടതും, അതിനുശേഷം രണ്ടാഴ്ചയ്ക്കകം പണിയുടെ അവസാന പേയ്മെന്റ് നടത്തേണ്ടതുമാണ്. എന്നാൽ ഈ പ്രവൃത്തിയുടെ സംഗതിയിൽ ഈ പ്രവൃത്തിയുടെ ഫൈനൽ പേയ്മെന്റ് നൽകിയിരിക്കുന്നത് 21.03.2018-ലാണ്. കരാറുകാരന് ഫൈനൽ ബിൽ തുക നൽകുന്നതിൽ അസാധാരണമായ കാലതാമസമാണ് ഉണ്ടായിട്ടുള്ളത്. അപാകതയക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 3-38 അങ്കണവാടികൾക്ക് എൽ.പി.ജി. സിലിണ്ടർ - സബ്സിഡി ഈടാക്കുന്നതിന് നടപടിയില്ല

നഗരസഭാ പരിധിയിലെ 24അങ്കണവാടികൾക്ക് എൽ.പി.ജി സിലിണ്ടർ അനുവദിക്കുന്നത് Non Domestic Exempted Category എന്ന വിഭാഗത്തിലാണ്. ശ്രീകൃഷ്ണ ഭാരത് ഗ്യാസ്, പൂർണ്ണിമ ഇൻഡെയിൻ സർവ്വീസ് എന്നീ ഏജൻസികളിൽ നിന്നാണ് നഗരസഭയിലെ വിവിധ അങ്കണവാടികൾക്ക് ഗ്യാസ് സിലിണ്ടർ വിതരണം ചെയ്യുന്നത്. ഗാർഹിക ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന 14.2 kg. സിലിണ്ടറാണ് വിതരണം ചെയ്യുന്നത്. NDEC വിഭാഗത്തിൽപ്പെട്ടവരെയും ഗാർഹിക ഉപഭോക്താക്കളായി കണക്കാക്കാവുന്നതാണെന്നും ഗാർഹിക ഉപഭോക്താക്കളുടെ നിരക്കിൽ സബ്സിഡിക്ക് അർഹതയുണ്ടെന്നും പെട്രോളിയം&പ്രകൃതി വാതക മന്ത്രാലയത്തിന്റെ 05.02.2013-ലെ P-17018/7/2012-LPG സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. സബ്സിഡി ലഭ്യമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ യാതൊരു തുടർനടപടിയും സ്വീകരിച്ചിട്ടില്ല. ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതിനായി ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-39 മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I അനുച്ഛേദം 99 പ്രകാരം മുൻകൂർ കൈപ്പറ്റി 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ നഗരസഭയിൽ 2017-18 വർഷം വിവിധ ആവശ്യങ്ങൾക്ക് നൽകിയ മുൻകൂറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തുക കൈപ്പറ്റിയ കക്ഷിയുടെ പേര് | അഡ്വാൻസിന്റെ സ്വഭാവം | തുക | വൗച്ചർ നമ്പർ |
|---|---|---|---|---|
| 1. | ശ്രീ.അരുൺകുമാർ.എസ്, ക്ലർക്ക് | ലൈബ്രറി പുസ്തകം വാങ്ങുന്നതിന് | 31400 | 57/4-17 |
| 2. | ശ്രീ.ശിവപ്രസാദ്, അസ്സി.എഞ്ചിനീയർ | പള്ളിക്കലാറിന്റെ നവീകരണം | 15000 | 77/5-17 |
| 3. | ശ്രീ.ജയചന്ദ്രൻ, ഓവർസിയർ III | അനന്തരാമപുരം മാർക്കറ്റ് കൈയേറ്റം ഒഴിപ്പിക്കുന്നതിന്റെ ചെലവുകൾ | 30000 | 100/4-17 |
| 4. | ശ്രീ.നിയാസ് അലി,ഓവർസിയർ | നഗരസഭാ ഓഫീസ് ശിലാസ്ഥാപനം | 100000 | 87/8-17 |
| 5. | ശ്രീ.സി.എസ്.ശിവപ്രസാദ്, അസ്സി.എഞ്ചിനീയർ | പ്രീ മെട്രിക് ഹോസ്റ്റൽ പൈപ്പ് ലൈൻ നന്നാക്കുന്നതിന് | 35655 | 46/9-17 |
| 6. | ശ്രീ.നിയാസ് അലി,ഓവർസിയർ | റോഡ് ക്വാറി മക്ക് ഉപയോഗിച്ച് ഗതാഗത യോഗ്യമാക്കുന്നതിന് | 20000 | 32/11-17 |

| | | | | |
|---|---|---|---|---|
| 7. | ശ്രീ.മനോജ്, പി1 സെക്ഷൻ | 2018-19 വാർഷിക പദ്ധതി<br>വർക്കിംഗ് ഗ്രൂപ്പ് നടത്തിപ്പ് | 11000 | 61/1-18 |
| 8. | ശ്രീ.ബി.വേണുകുമാർ, സീനി.ക്ലർക്ക് | 2018-19 ബജറ്റ് പ്രാരംഭ ചെലവുകൾ | 40000 | 79/3-18 |
| **ആകെ** | | | **283055** | |

മുൻകൂർ കൈപ്പറ്റി നാളിതുവരെയും ക്രമീകരിക്കാത്ത തുകകൾ ക്രമീകരിക്കുകയോ പലിശ സഹിതം ഈടാക്കുകയോ ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം മുൻകൂർ കൈപ്പറ്റിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കേണ്ടതും ജി.ഒ.(പി.)419/11/ഫിൻ., തീയതി 04.10.2011 പ്രകാരമുള്ള തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

# 3-40 പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചില്ല

മുനിസിപ്പൽ നിയമത്തിലെ 563A വകുപ്പ് പ്രകാരം ഓരോ നഗരസഭയും പൗരൻമാർക്ക് നഗരസഭയും ലഭ്യമാക്കുന്ന വിവിധ ഇനം സേവനങ്ങളേയും അവയുടെ വ്യവസ്ഥകളെയും അവ ലഭ്യമാക്കുന്ന സമയപരിധിയേയും സംബന്ധിച്ച് ഒരു രൂപ രേഖ തയ്യാറാക്കി 'പൗരാവകാശ രേഖ' എന്ന പേരിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. പൗരവാകാശ രേഖ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് 2000-ൽ സർക്കാർ പൗരാവകാശ രേഖ തയ്യാറാക്കൽ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പൊതു തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു നഗരസഭ രൂപീകരിക്കപ്പെട്ടതിനുശേഷം, കഴിയുന്നതും നേരത്തെ എന്നാൽ ആറുമാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ നഗരസഭ യോഗം ചേർന്ന്, നഗരസഭയ്ക്ക്, നഗരസഭാ പ്രദേശത്ത് താമസിക്കുന്ന പൗരന്മാർക്ക് എന്തെല്ലാം സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ കഴിയുമെന്നും, അത്തരം ഒരു സേവനം ലഭമ്യാകുന്നതിന് ഒരു പൗരൻ എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്നും, പ്രസ്തുത സേവനം ലഭ്യമാക്കുന്നതിനുള്ള സമയപരിധി എത്രയായിരിക്കണമെന്നും ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്. ചട്ടം 4 പ്രകാരം നഗരസഭ തയ്യാറാക്കുന്ന പൗരാവകാശ രേഖ പൊതുജനങ്ങളുടെ അറിവിലേക്കായി നഗരസഭ ഓഫീസ് നോട്ടീസ് ബോർഡിലും നഗരസഭാ പ്രദേശത്തെ പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മറ്റ് നോട്ടീസ് ബോർഡുകളിലും പതിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതും അത് അച്ചടിച്ച് പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതുമാണ്.

എന്നാൽ നിലവിലെ ഭരണ സമിതി അധികാരമേറ്റിട്ട് ഓഡിറ്റ് തീയതിയിൽ 4 വർഷം പൂർത്തിയാക്കിയെങ്കിലും പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. നിയമത്തിന്റെയും, ചട്ടത്തിന്റെയും ലംഘനം ശ്രദ്ധയിൽപ്പെടുത്തുന്നു. പൗരാവകാശ രേഖ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ ഗ്രാമനഗരസഭ കൈകൊള്ളേണ്ടതാണ്.

# 3-41 നഗരസഭയിലെ പ്ലാനിംഗ് കമ്മിറ്റിയെ നോക്കുകുത്തിയാക്കി

13-ാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി മുനിസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുന്നതിന് 09.1.17-ൽ സർക്കാർ ഉത്തരവുണ്ടായി (ജി.ഒ.(എം.എസ്.)നം.11/20176/തസ്വഭവ.). പ്രസ്തുത ഉത്തരവു പ്രകാരം അടൂർ നഗരസഭയിൽ 03.07.2017-ലെ 1-ാം നമ്പർ തീരുമാന പ്രകാരം ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിച്ചു. നഗരസഭാ അദ്ധ്യക്ഷ ചെയർപേഴ്സണും, സെക്രട്ടറി കൺവീനറുമാണ്. ആസൂത്രണ പ്രക്രീയയിൽ നഗരസഭയെ സഹായിക്കാൻ കഴിയുന്ന വിദഗ്ധൻ ഉപാദ്ധ്യക്ഷനായും (ശ്രീ പി.എസ്.സതീഷ് കുമാർ, റിട്ട.പഞ്ചായത്ത് സെക്രട്ടറി, കരുവാറ്റ, അടൂർ, വാർഡ് 27) 6 സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരും, സന്നദ്ധ പ്രവർത്തകരായ 7 അംഗങ്ങളും ഉൾപ്പടെ ആകെ 16 പേർ അടങ്ങിയതാണ് സ്ഥാപന തല ആസൂത്രണ സമിതി. ആസൂത്രണ സമിതി ആദ്യകാലങ്ങളിൽ പ്രതിമാസം യോഗം ചേർന്നിരുന്നിരുന്നു. എന്നാൽ ഇപ്പോൾ നിശ്ചിത ഇടവേളകളിൽ സമിതി യോഗം ചേരുന്നില്ല. ആസൂത്രണ സമിതിയുടെ അവസാന യോഗം 25.01.2018-ലാണ് കൂടിയിട്ടുള്ളത്. നിലവിൽ സമിതി നിർജ്ജീവാവസ്ഥയിലാണ്.

നഗരസഭ മുൻകാലത്ത് തയ്യാറാക്കിയിട്ടുള്ള മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പദ്ധതികളും, തരിശു കിടക്കുന്ന പാടശേഖരങ്ങളിൽ നെൽകൃഷി, വ്യവസായ പാർക്ക് സ്ഥാപിക്കൽ, ശ്മശാനം, അറവുശാല നിർമ്മാണം, കമ്മ്യൂണിറ്റി കുടിവെള്ള പദ്ധതി, സാമൂഹ്യ പുരോഗതിക്കുള്ള നൂതന പദ്ധതികൾ എന്നിവ നടപ്പിലാക്കണമെന്ന് വിവിധ യോഗങ്ങളിൽ ആസൂത്രണ സമിതി ശുപാർശ ചെയ്തിരുന്നു. കൂടാതെ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കണമെന്ന ശുപാർശയും മുന്നോട്ട് വെച്ചിരുന്നു. എന്നാൽ ഇവയൊന്നും നഗരസഭയുടെ വാർഷിക പദ്ധതികളിൽ ഇടംപിടിച്ചതായി കാണുന്നില്ല. ആസൂത്രണ സമിതി അംഗങ്ങൾക്ക് സിറ്റിംഗ് ഫീ, യാത്രാപ്പടി, ഓണറേറിയം ഇവയൊന്നും നൽകിയതായി കാണുന്നില്ല. സമിതിയുടെ പ്രവർത്തനങ്ങളിൽ തുടക്കത്തിൽ കണ്ടിരുന്ന ജാഗ്രത പിന്നീട് ഉണ്ടായിട്ടില്ല.

സ്ഥാപന തലത്തിലുള്ള ആസൂത്രണം വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു പ്രക്രിയയാണ്. സ്ഥാപനത്തിന്റെ പദ്ധതി ആസൂത്രണത്തിൽ നിർണ്ണായകമായ പങ്ക് വഹിക്കാൻ ആസൂത്രണ സമിതിയ്ക്ക് സാധിക്കുന്നതാണ്. സ്ഥാപന തല ആസൂത്രണ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ തലത്തിൽ കൂടുതൽ നിർദ്ദേശങ്ങളും, ഇടപെടലുകളും ഉണ്ടായാൽ പ്രദേശിക സർക്കാരുകളുടെ ഭരണ നിർവ്വഹണത്തിന് അത് വളരെ സഹായകരമായിരിക്കുമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. നഗരസഭയിലെ ആസൂത്രണ സമിതിയെ സജീവമാക്കി നിലനിർത്തുന്നതിനും, സമിതിയുടെ ഉപദേശ നിർദ്ദേശങ്ങൾക്ക് അർഹിക്കുന്ന പരിഗണന നൽകുന്നതിനും നഗരസഭാ കൗൺസിൽ തയ്യാറാകേണ്ടതുണ്ട്.

# 3-42 മാലിന്യ സംസ്കരണം - അവലോകനം

പത്തനംതിട്ട ജില്ലയിലെ ഒരു പ്രധാനപ്പെട്ട മുനിസിപ്പൽ ടൗൺ ആണ് അടൂർ. ഇത് ജില്ലയിലെ രണ്ടു റവന്യൂ ഡിവിഷനുകളിൽ ഒന്നാണ് അടൂർ. 2017-18-ലെ ബജറ്റ് രേഖകൾ പ്രകാരം അടൂരിലെ ജനസംഖ്യ 30921 ആണ്. അതിൽ 14614 പേർ പുരുഷന്മാരും, 16307 പേർ സ്ത്രീകളുമാണ്. സംസ്ഥാന ഹൈവേകളായ എം.സി. റോഡും, കായകുളം പുനലൂർ റോഡും സന്ധിക്കുന്ന സ്ഥലമാണ് അടൂർ. അടൂർ നഗര പ്രദേശത്ത് ഉദ്ദേശ്യം 7911 ഭവനങ്ങളും നിരവധിയായ വ്യാപാര/വ്യവസായ സ്ഥാപനങ്ങളും, സർക്കാർ ഓഫീസുകളും, വിദ്യാലയങ്ങളും പ്രവർത്തിക്കുന്നു. മദ്ധ്യതിരുവതാംകൂറിലെ പ്രധാന വാണിജ്യ കേന്ദ്രമായ പറക്കോട് അനന്തരാമപുരം മാർക്കറ്റ്, ആടൂർ ശ്രീമൂലം മാർക്കറ്റ് എന്നിവ അടൂർ നഗരസഭാ പരിധിയിലാണ് സ്ഥിതി ചെയ്യുന്നത്.

**1. നഗരസഭയും മാലിന്യ സംസ്കരണവും**

ആരോഗ്യകരമായ ജീവിതത്തിന് ഒഴിച്ചുകൂടാനാവാത്ത ഘടകമാണ് ശുചിത്വം. കേരളത്തിൽ അനുഭവപ്പെടുന്ന പല പകർച്ച വ്യാധികളുടെയും കാരണം ശുചിത്വമില്ലായ്മയാണ്. കേരളത്തിലെ ഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇതിനകംതന്നെ ശുചിത്വത്തിനുള്ള നിർമ്മൽ പുരസ്കാരം നേടി കഴിഞ്ഞിട്ടുണ്ടെങ്കിലും സമ്പൂർണ്ണ ശുചിത്വമെന്നത് ഇപ്പോഴും അപ്രാപ്യമായി തുടരുന്നു. ശുചിത്വ നിലവാരം നിലനിർത്തണമെങ്കിൽ ഈ രംഗത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിരന്തരമായ ഇടപെടൽ കൂടിയേ തീരൂ. ഖരമാലിന്യം അശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതുമൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ ഏതാനം വർഷങ്ങൾക്കുമുമ്പുവരെ നഗര പ്രദേശങ്ങളിലെ മാത്രം ഒരു പ്രശ്നമായിരുന്നു. എന്നാൽ ഈ പ്രശ്നം ഇപ്പോൾ നാട്ടിൻപുറങ്ങളിലും രൂക്ഷമായി വരികയാണ്.

ഖരമാലിന്യ നിർമ്മാർജ്ജനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട ഒരു സേവനമാണ്. 73, 74 ഭരണഘടനാ ഭേദഗതികളിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളതുമാണ്. 1994-ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ട്, കേരള പഞ്ചായത്ത് രാജ് ആക്ട് എന്നിവയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം, കടമകൾ എന്നിവ നിർവ്വചിച്ചിട്ടുള്ളതിൽ പൊതുജനാരോഗ്യം, ശുചീകരണം ഖരമാലിന്യ നിർമ്മാർജ്ജനം, അഴുക്കുചാൽ നിർമ്മാണം എന്നിവ അനിവാര്യ ചുമതലകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ മാലിന്യ ശേഖരണം, സംസ്കരണം എന്നിവ ഉൾപ്പടെയുള്ള ശുചീകരണ പ്രവർത്തനങ്ങൾ പ്രാഥമീക ചുമതലയായി പരിഗണിച്ച് പ്രവർത്തിച്ചിരിക്കണം. വരുമാനത്തിന്റെ 30% തുക പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചിരിക്കണം എന്നാണ് വ്യവസ്ഥ. എന്നാൽ ശുചീകരണം കാര്യക്ഷമമാക്കുന്ന കാര്യത്തിൽ നിലവിലുള്ള സംവിധാനങ്ങൾ തികച്ചും അപര്യാപ്തമാണ്.

കൊച്ചി കോർപ്പറേഷനിലെ ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി മാലിന്യ സംസ്കരണം ഫലപ്രദമായി നടപ്പിലാക്കുന്നതിൽ വന്ന വീഴ്ചയെ തുടർന്ന് കൊച്ചി കോർപ്പറേഷന് ഒരു കോടി രൂപ പിഴ ചുമത്തികൊണ്ട് ദേശീയ ഹരിത ട്രിബ്യൂണൽ 22.10.2018-ൽ ഉത്തരവ് പുറപ്പെട്ടുവിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ നഗരസഭകളിൽ നിലവിൽ മാലിന്യ സംസ്കരണം യഥാവിധിയാണോ നടന്നു വരുന്നതെന്നും ആയതിൽ വീഴ്ചയുണ്ടോയെന്നും, നിയമപരമായി തദ്ദേശഭരണ സ്ഥാപനങ്ങൾ ശിക്ഷിക്കപ്പെടാൻ ഇടയുണ്ടോയെന്നും പരിശോധിക്കുന്നതിന്റെ ഭാഗമായാണ് ഈ അവലോകന റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

**2. നഗരസഭയിലെ മാലിന്യ പ്രശ്നത്തിന്റെ വ്യാപ്തി**

2017-18-ലെ ബജറ്റ് രേഖകൾ പ്രകാരം അടൂർ മുനിസിപ്പാലിറ്റിയിലെ ജനസംഖ്യ 30921 ആണ്. ഒരാൾ പ്രതിദിനം 300 ഗ്രാം മാലിന്യം സൃഷ്ടിക്കുന്നു എന്നാണ് കണക്കാക്കുന്നത്. അങ്ങനെയെങ്കിൽ മുനിസിപ്പൽ പരിധിയിൽ പ്രതിദിനം സൃഷ്ടിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ് 9.5 ടൺ ആണ്. 7911 വീടുകളിൽ നിന്നും, ഹോട്ടലുകൾ, റസ്റ്ററന്റുകൾ, മാർക്കറ്റുകൾ, ആശുപത്രികളും, പാരാമെഡിക്കൽ സ്ഥാനങ്ങൾ, ഓഡിറ്റോറിയങ്ങൾ, സ്വകാര്യ/സർക്കാർ ഓഫീസുകൾ, നിരത്ത് വൃത്തിയാക്കുന്നതിന്റെ ഭാഗമായി ഉണ്ടാകുന്ന മാലിന്യങ്ങൾ, നിർമ്മാണ അവശിഷ്ടങ്ങൾ എന്നിവയാണ് പ്രധാനമായും നഗരസഭയിലെ മാലിന്യത്തിന്റെ സ്രോതസ്സ്. ഇതിൽ ഗാർഹിക മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിന് നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ഗാർഹിക മാലിന്യങ്ങൾ ഒരു പരിധി വരെ സ്രോതസ്സിൽ തന്നെ സംസ്കരിക്കുന്നതിനാലും, വലിയ പാർപ്പിട സമുച്ചയങ്ങൾ (ഫ്ലാറ്റ്, വില്ല) നഗരസഭാ പരിധിയിൽ കുറവായതിനാലും ഗാർഹിക മാലിന്യങ്ങളുടെ സംസ്കരണം നഗരസഭയ്ക്ക് കാര്യമായ ബാദ്ധ്യത സൃഷ്ടിക്കുന്നില്ല.

**3. നഗരസഭയിൽ നിലവിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ**

ദിനം പ്രതി രണ്ട് ടൺ മാലിന്യങ്ങൾ സംസ്കരിക്കാവുന്ന ഒരു ഖരമാലിന്യ സംസ്കരണ പ്ലാന്റ്, 3 യൂണിറ്റ് എയ്റോബിക് കമ്പോസ്റ്റിംഗ് സംവിധാനം (തുമ്പൂർ മൂഴി മോഡൽ), ഒരു ടൺ ശേഷിയുള്ള ഒരു പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്, 100 ച.അടി. വിസ്തൃതിയുള്ള ഒരു മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി എന്നിവയാണ് നഗരസഭയിൽ നിലവിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ.

| | | |
|---|---|---|
| 1 | വാഹനങ്ങളുടെ എണ്ണം | 1 (മിനി ലോറി 5000 kg. കപ്പാസിറ്റി) |
| 2 | മൂടിയുള്ള വാഹനമാണോ എന്ന് | അല്ല |
| 3 | മാലിന്യം കടത്തുന്ന ട്രിപ്പുകളുടെ എണ്ണം | 1 |
| 4 | ഒരു ട്രിപ്പിൽ വഹിക്കുന്ന മാലിന്യത്തിന്റെ അളവ് | 1500 kg. |
| 5 | ദൂരം | 4 കി.മീ. |
| 6 | വാതിൽപ്പടി ശേഖരണം | ഇല്ല |
| 7 | ഹെൽത്ത് ഇൻസ്പെക്ടർമാർ | 1 |
| 8 | ശുചീകരണ തൊഴിലാളികളുടെ എണ്ണം | 24 |

<u>**വീടുകളിൽ നിലവിലുള്ള മാലിന്യ സംസ്കരണ സംവിധാനം**</u>

| കമ്പോസ്റ്റിംഗ് യൂണിറ്റ് | എണ്ണം | സംസ്കരിക്കുന്ന മാലിന്യത്തിന്റെ അളവ് (ടൺ) |
|---|---|---|
| ബയോഗ്യാസ് പ്ലാന്റ് | 12 | 0.15 |
| കമ്പോസ്റ്റ് പിറ്റ് | 1500 | 0.25 |

| | | |
|---|---|---|
| റിംഗ് കമ്പോസ്റ്റ് | 200 | 0.75 |
| ആകെ സംസ്കരിക്കുന്ന ജൈവ മാലിന്യത്തിന്റെ അളവ് | | 1.15 |

നഗരസഭയിലെ 1628 വ്യാപാര സ്ഥാപനങ്ങൾ ഉള്ളതിൽ 50-ൽപരം സ്ഥാപനങ്ങളിൽനിന്നും യൂസർ ഫീസ് പിരിച്ചുകൊണ്ട് ശുചീകരണ തൊഴിലാളികളെ നിയോഗിച്ച് മാലിന്യം ശേഖരിക്കുന്നുണ്ട്. ഇത് കൂടാതെ മുനിസിപ്പൽ മാർക്കറ്റുകളിൽനിന്നും, വ്യാപാര സ്ഥാപനങ്ങളിൽനിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ കൈമലപ്പാറയിലുള്ള മുനിസിപ്പാലിറ്റിയുടെ ഖരമാലിന്യ പ്ലാന്റിൽ മുനിസിപ്പൽ വാഹനത്തിൽ എത്തിച്ചാണ് സംസ്കരണം നടത്തുന്നത്. മുനിസിപ്പാലിറ്റിയിലെ 2-ാം വാർഡിൽ 1 ഏക്കർ സ്ഥലത്താണ് പ്ലാന്റ് പ്രവർത്തിക്കുന്നത്. ഭൂമിശാസ്ത്രപരമായി ഖരമാലിന്യ പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് അനുയോജ്യമായ സ്ഥലമല്ല ഇത്. കുത്തനെയുള്ള മലഞ്ചരുവ് ഇടിച്ച് നിരപ്പാക്കിയ സ്ഥലത്താണ് പ്ലാന്റ് സ്ഥിതിചെയ്യുന്നത്. ഇത് ഒരു സൂക്ഷ്മ നീർത്തടത്തിന്റെ ഉൽഭവസ്ഥാനമാണ്. മഴക്കാലത്ത് ഇവിടെനിന്നും ഉൽഭവിക്കുന്ന നീർച്ചാലുകളിലൂടെ പ്ലാന്റിൽനിന്നും പുറപ്പെടുന്ന ലീച്ചറ്റ് (leachate) മലയുടെ താഴ്വാരങ്ങളിലൂടെ സഞ്ചരിച്ച് പ്രദേശത്തെ ജലസ്രോതസ്സുകളുമായി കൂടികലരുന്ന സ്ഥിതിയാണുള്ളത്.

2008 വർഷം 24 ബെഡ്ഡുകളുള്ള വെർമി കമ്പോസ്റ്റ് യൂണിറ്റായാണ് കൈമലപ്പാറയിലെ ഖരമാലിന്യ സംസ്കരണപ്ലാന്റിന് മുനിസിപ്പാലിറ്റി തുടക്കം കുറിച്ചത്. എന്നാൽ വെർമി കമ്പോസ്റ്റ് പ്ലാന്റ് പരാജയപ്പെട്ടതിനെ തുടർന്ന് ഈ സംവിധാനം വിൻഡ്രോ കമ്പോസ്റ്റിംഗ് സംവിധാനമായി പരിവർത്തനം ചെയ്യുകയാണുണ്ടായിട്ടുള്ളത്. പ്ലാന്റ് കെട്ടിടത്തിന്റെ മേൽക്കൂര ചോർന്ന് ഒലിക്കുന്നു. താല്കാലിക സംവിധാനമായി പ്ലാസ്റ്റിക് പടുത വിരിച്ചാണ് ചോർച്ച തടഞ്ഞിരിക്കുന്നത്. പ്ലാന്റിൽ ലീച്ചറ്റ് ശേഖരിക്കുന്നതിനോ ആയത് സംസ്കരിക്കുന്നതിനോ സംവിധാനങ്ങളില്ല. പ്ലാന്റിൽ വേർതിരിക്കുന്ന മാലിന്യങ്ങളിൽ പുനരുപയോഗിക്കാൻ സാധിക്കാത്ത അജൈവ മാലിന്യങ്ങൾ പ്ലാന്റിന്റെ പരിസരത്ത് ഇട്ട് കത്തിച്ചു കളയുകയാണ്. ഇത്തരം മാലിന്യങ്ങൾ ലാന്റ്ഫിൽ ചെയ്യുകയാണ് വേണ്ടത്. എന്നാൽ ലാന്റ് ഫില്ലിംഗ് നടത്താതെ തുറന്ന സ്ഥലത്ത് കത്തിക്കുന്നത് ചട്ടവിരുദ്ധവും പരിസ്ഥിതിക്ക് ദോഷകരവുമാണ്. പ്ലാന്റിൽ വേർതിരിച്ച് പുനർചക്രമണത്തിനായി സൂക്ഷിച്ചിരുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളുടെ വൻശേഖരം തീപടർന്ന് ഭാഗികമായി കത്തുകയുണ്ടായി. ഇവ പ്ലാന്റിന് സമീപത്ത് തുറസായ സ്ഥലത്ത് കൂട്ടിയിട്ടിരിക്കുന്നു. ഇത് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള നടപടി നഗരസഭ സ്വീകരിച്ചിട്ടില്ല.

കൈമലപ്പാറയിലെ സംസ്കരണ പ്ലാന്റിന് പുറമേ അടൂർ ബൈപാസിൽ പ്രൈവറ്റ് ബസ് സ്റ്റാന്റിന് സമീപം ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് മൂന്ന് യൂണിറ്റുകളുള്ള തുമ്പൂർമൂഴി മോഡൽ എയ്റോബിക്ക് കമ്പോസ്റ്റിംഗ് സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. ശ്രീമൂലം മാർക്കറ്റിൽനിന്നുള്ള പഴംപച്ചക്കറി മാലിന്യങ്ങൾ നാമമാത്രമായ രീതിയിൽ ഇവിടെ സംസ്കരിക്കുന്നു. പറക്കോട് അനന്തരാമപുരം മാർക്കറ്റിൽ എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല.

വീടുകളിൽനിന്നും ഹരിതകർമ്മ സേന ശേഖരിക്കുന്നതും, പ്ലാന്റിൽനിന്നും വേർതിരുക്കുന്നതുമായ പ്ലാസ്റ്റിക്ക് ഷ്രഡ്ഡ് ചെയ്യുന്നതിന് സെൻട്രൽ മാർക്കറ്റിൽ ഒരു മെറ്റീരിയൽ റിക്കവറി ഫെസിലിറ്റിയും, ഷ്രഡ്ഡിംഗ് യൂണിറ്റും സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ 100 ച.മീറ്ററിൽ താഴെ മാത്രം വിസ്തൃതിയുള്ള മെറ്റീരിയൽ റിക്കവറി സെന്റർ കെട്ടിടത്തിൽ വലിയ അളവിൽ പ്ലാസ്റ്റിക് ശേഖരിക്കുന്നതിനോ, ഷ്രഡ്ഡ് ചെയ്ത പ്ലാസ്റ്റിക് സൂക്ഷിക്കുന്നതിനോ സൗകര്യം ഇല്ല. മാത്രുവുമല്ല ഷ്രഡ്ഡിംഗ് യൂണിറ്റ് സ്ഥിരമായി പ്രവർത്തിപ്പിക്കുന്നതിനും, സ്ഥാരമായി പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പ്ലാസ്റ്റിക്കിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനും നഗരസഭ ക്രമീകരണം ഏർപ്പെടുത്തിയിട്ടില്ല.

നഗരസഭാ പരിധിയിലുള്ള മാർക്കറ്റുകളിൽ മാലിന്യ പ്രശ്നം രൂക്ഷമാണ്. മാർക്കറ്റുകളിൽ ആവശ്യത്തിന് അടിസ്ഥാന സൗകര്യങ്ങളില്ല. സ്റ്റാളുകളുടെ എണ്ണം പിരിമിതമാണ്. മാർക്കറ്റ് യാർഡ് വികസിപ്പിന്നതിനോ, വ്യാപരത്തിനുശേഷം സ്ഥിരമായി യാർഡ് കഴുകി ശുചീകരിക്കുന്നതിനോ നഗരസഭ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. പൊതുജനങ്ങൾക്കും, വ്യാപാരികൾക്കും പ്രാഥമീക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനും മതിയായ ശുചിമുറികൾ സ്ഥാപിച്ചിട്ടില്ല. മാർക്കറ്റുകളിൽ സൃഷ്ടിക്കപ്പെടുന്ന പഴംപച്ചക്കറി മാലിന്യങ്ങൾ മാത്രമാണ് ശേഖരിച്ച് സംസ്കരിക്കുന്നത്. അറവ് മാലിന്യങ്ങളും, മത്സ്യാവശിഷ്ടങ്ങളും സംസ്കരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

**4. ജല സ്രോതസ്സുകളുടെ മലിനീകരണം**

ഏഴംകുളം പുതുമലയിൽനിന്നും ഉത്ഭവിച്ച് അടൂർ നഗരഹൃദയത്തിലൂടെ ഒഴുകി തൊടിയൂർ പഞ്ചായത്തിലെ വട്ടകായലിൽ പതിക്കുന്ന പള്ളിക്കലാർ രൂക്ഷമായ മലിനീകരണവും, കൈയ്യേറ്റവും കാരണം ഒഴുക്ക് നിലച്ച് മലീമസമായ അവസ്ഥയിലാണ്. അടൂർ നഗരസഭയെ കൂടാതെ 3 പഞ്ചായത്തുകളിലെ ജനങ്ങൾ അവരുടെ ദൈനംദിന ആവശ്യങ്ങൾക്ക് ആശ്രയിച്ചിരുന്ന ആറ്റിലെ ജലം മലിനീകരണം കാരണം ഉപയോഗിക്കാൻ സാധിക്കാത്ത അവസ്ഥയിലാണ്. അറ്റിൻ തീരത്ത് സ്ഥാപിച്ചിരുന്ന പല കുടിവെള്ള പദ്ധതികളും ഇക്കാരണത്താൽ പ്രവർത്തനം നിർത്തിവയ്ക്കേണ്ടി വന്നിട്ടുണ്ട്. ആറിന്റെ മലിനീകരണത്തിന്റെ പ്രധാന ഉത്തരവാദി നഗരസഭയാണ്. നഗരത്തിലെ പ്രധാന ഓടകൾ എല്ലാം പള്ളിക്കലാറ്റിലേക്കാണ് തുറന്നുവച്ചിരിക്കുന്നത്. മിക്ക വലിയ കെട്ടിടങ്ങൾക്കും ഹോട്ടലുകൾക്കും മാലിന്യം സംസ്കരിക്കുന്നതിന് സംവിധാനമില്ല. ഭക്ഷണത്തിന്റെയും, മത്സ്യ മാംസ അവശിഷ്ടങ്ങളും എല്ലാ ഓടയിലേക്ക് തന്നെയാണ് ഒഴുക്കുന്നത്. ഇതെല്ലാ ചെന്നു ചേരുന്നത് പള്ളിക്കലാറിന്റെ കൈവഴിയായ അടൂർ വലിയ തോട്ടിലേക്കും. നഗരത്തിൽ എറ്റവും വലിയ തോതിൽ മാലിന്യം ഒഴുക്കുന്നത് കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയിലെ പൊതു കംഫർട്ട് സ്റ്റേഷനിൽനിന്നാണ്. ഇവിടെനിന്ന് പൈപ്പ് നേരിട്ട് ഓടയിലേക്ക് മാൻഹോളിൽകൂടി ഘടിപ്പിച്ചിട്ടുള്ളത് നഗരസഭ ആരോഗ്യവിഭാഗം നടത്തിയ പരിശോധനയിൽ കണ്ടെത്തിയിരുന്നു. മനുഷ്യവിസർഡജ്യം ഉൾപ്പടെ അടൂർ വലിയ തോട്ടിലേക്ക് ഒഴുക്കുന്നതിന് ഇത് കാരണമാണ്. അധികൃതരുടെ കൺമുന്നിൽ നടക്കുന്ന ഈ നിയമലംഘനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിൽ തികഞ്ഞ അനാസ്ഥയാണ് മുനിസിപ്പൽ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്.

ദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്ന സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ലഭിച്ചിട്ടുള്ള ഹോട്ടലുകളും റസ്റ്റോറന്റുകൾ രാത്രികാലങ്ങളിൽ മോട്ടോർ ഉപയോഗിച്ച് മലിനജലം ഓടകളിലേക്ക് പമ്പ് ചെയ്തു വിടുന്നു. ഉദാഹരണമായി കരുവാറ്റ പള്ളിക്ക് മുമ്പിലുള്ള ഓടയിലേക്ക് സ്ഥിരമായി മലിനജലം ഒഴുക്കുന്നു. ഇത് ഓടയിൽ കെട്ടികിടക്കുന്ന മലിനജലത്തിൽ കൊതുക് വളരുന്നതിനും, ദുർഗന്ധം വമിക്കുന്നതിനും ഇടയാക്കുന്നു. സ്ഥിരമായി നിയമലംഘനം നടത്തുന്ന സ്ഥാപനത്തെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന് നഗരസഭാധികൃതർക്ക് സാധിക്കുന്നില്ല.

**5. ഹരിത കേരളം പദ്ധതി**

സംസ്ഥാനത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് നാല് വികസന മിഷനുകൾ ഉൾപ്പെടുന്ന നവകേരള കർമ്മ പദ്ധതിയ്ക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. ശുചിത്വ മാലിന്യ സംസ്കരണം, ജനവിഭവ സംരക്ഷണം, സുസ്ഥിര കൃഷി വികസനം എന്നിവ ഹരിത കേരളം മിഷന്റെ മൂന്ന് ഉപമിഷനുകളാണ്. ഇതിൽ ശുചിത്വ മാലിന്യ സംസ്കരണം തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ പ്രാവർത്തികമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട് [സ.ഉ.(സാധ.)2420/2017/തസ്വഭവ, തീ. 15.07.17]. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും ഹരിത കേരള മിഷനും, കർമ്മ സമിതിയും എല്ലാ വാർഡ് മെമ്പർമാരും, യോഗം ചേർന്ന് മാലിന്യ സംസ്കരണത്തിനുള്ള രൂപരേഖ ചർച്ച ചെയ്യണമെന്നും, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൽ നടത്തേണ്ടത് അവർ തെരഞ്ഞെടുക്കുന്ന ഹരിതകർമ്മ സേന മുഖേനയായിരിക്കണമെന്നും ടി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ എല്ലാ വാർഡുകളിലും രണ്ട് പേര് ഉൾപ്പെടുത്തി 56 പേരുടെ ഹരിത കർമ്മ സേന രൂപീകരിക്കുകയും അംഗങ്ങൾക്ക് പരിശീലനം നൽകി യൂണിഫോം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഹരിത കർമ്മ സേനയുടെയും, ഹരിത സംരഭകരുടെയും കൺസോർഷ്യം രൂപീകരിച്ചിട്ടില്ല. ഹരിത സഹായ സ്ഥാപനത്തെ തെരഞ്ഞടുത്തിട്ടുണ്ടെങ്കിലും (ക്രിസ്ഗ്ലോബൽ) ഹരിത കൺസോർഷ്യം, ഹരിത സഹായ സ്ഥാപനം, നഗരസഭ എന്നിവർ ഉൾപ്പെട്ട ട്രൈപാർട്ടി എഗ്രിമെന്റ് വെച്ചിട്ടില്ല.

ഹരിത കേരളം പദ്ധതിയുടെ ഭാഗമായി വയബിലിറ്റി ഗ്യാപ് ഫണ്ട് വിതരണം ചെയ്യുന്നതിന് 10 ലക്ഷം രൂപ 2018-19-ലെ വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. മുൻവർഷവും ഇതേ കാര്യത്തിന് 10 രൂപ പദ്ധതിയിൽ വകയിരുത്തിയിരുന്നെങ്കിലും ഫണ്ട് ചെലവഴിക്കാതെ ലാപ്സാക്കുകയായിരുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ

ശേഖരിക്കുന്നതിന് അട്ടൂർ സെൻട്രൽ ടോൾ മാർക്കറ്റിൽ മിനി എം.ആർ.എഫ്. സ്ഥാപിക്കുകയും അതോടൊപ്പം തന്നെ പ്ലാസ്റ്റിക് ഷ്രഡിംഗ് മെഷീൻ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുകയും ചെയ്യുന്നുണ്ടെങ്കിലും ആയതിന്റെ പ്രവർത്തനം പേരിനു മാത്രമായാണ് നടക്കുന്നത്. ഷ്രഡ്ഡ് ചെയ്ത പ്ലാസ്റ്റിക് എം.ആർ.എഫ്-ൽ സൂക്ഷിച്ചിരിക്കുകയാണ്. ഇത് ക്ലീൻ കേരള കമ്പനിയ്ക്ക് നൽകുന്നതിനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും അക്കാര്യത്തിൽ യാതൊരു നീക്കവും നഗരസഭയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. വാർഡ് തലത്തിൽ എം.സി.എഫ്-കൾ സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും സ്ഥലലഭ്യത ഇല്ലാത്തതിനാൽ അക്കാര്യത്തിലും പുരോഗതി ഇല്ല. ചുരുക്കത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണ്.

ശുചിത്വ-മാലിന്യ സംസ്കരണവുമായി ബന്ധപ്പട്ട സൗകര്യങ്ങൾ ഉറപ്പാക്കുക, ഹരിത കർമ്മ സേന രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കു, സാങ്കേതിക സഹായം ലഭ്യമാക്കുക, നിർമ്മാണ പ്രവർത്തനങ്ങൾക്ക് മൂലധന നിക്ഷേപം നടത്തുക, പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക, കർശനമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുക, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും കർശനമായി നടപ്പിലാക്കുക, നിയമ ലംഘകർക്കെതിരെ നടപടികൾ സ്വീകരിക്കുക എന്നിവ നഗരസഭയുടെ അനിവാര്യ ചുമതലയാണെന്ന ബോദ്ധ്യത്തോടെയുള്ള പ്രവർത്തനം നഗരസഭാധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ നഗരസഭയുടെ ഭാഗത്തുനിന്നുള്ള വീഴ്ച സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയായ ഹരിതകേരള മിഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളെ തകിടം മറിക്കുന്ന തരത്തിലാണ്.

### 6. ഉറവിട മാലിന്യം സംസ്കരണം - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22-07-2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു.

ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, ക്യാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ 15-09-2017-ന് മുമ്പായി സജ്ജീകരിക്കുവാനുള്ള നിർദ്ദേശം സ്ഥാപനങ്ങൾക്ക് നൽകുവാൻ തദ്ദേശ സ്ഥാപനങ്ങളോട് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ഡി.&ഒ. ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ഡി.&ഒ. ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

നിലവിലുള്ളതും പുതുതായി ഡി.&ഒ. ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 334, 334എ, 334ബി, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016-ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണും സർക്കാർ നിർദ്ദേശിച്ചിരുന്നു.

സർക്കാർ ഉത്തരവ് അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിൽ മുനിസിപ്പാലിറ്റി വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ലെന്ന് രേഖകളുടെ പരിശോനയിൽ ബോധ്യപ്പെട്ടു.

### 7. മാർഗ്ഗരേഖയുടെ പാലനം

### (1) പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം

സ.ഉ.(കൈ)നം.17/2018/തസ്വഭവ തിയതി 2-2-2018 പ്രകാരം പുറപ്പെടുവിച്ച പതിമൂന്നാം പദ്ധതിയുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 11 പ്രകാരം ഷ്രഡ്ഡിംഗ് നടത്തിയതിനുശേഷം ലഭിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡ്ഡ് പത്ത് ശതമാനം റോഡ് പ്രവൃത്തികളിലെങ്കിലും ഉപയോഗപ്പെടുത്തുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി ക്ലീൻ കേരള കമ്പനിയുടെ സഹായം തേടേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. നഗരസഭയിൽ ഷ്രെഡ്ഡിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പൊടിച്ചെടുക്കുന്ന പ്ലാസ്റ്റിക് അത്തരത്തിൽ പ്രയോജനപ്പെടുത്തുന്ന തിനോ ഉചിതമായ രീതിയിൽ കയ്യൊഴിക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 15 പ്രകാരം ആളോഹരി ഖര-ദ്രവ-ഇ മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിനും മാലിന്യത്തിൽ നിന്ന് ഊർജ്ജം എന്ന ആശയത്തിന് ഊന്നൽ നൽകുന്നതിനും ദീർഘവീക്ഷണത്തോടുകൂടിയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാ ണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാധ്യതയും പരിശോധിച്ചിട്ടില്ല.

2016-ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളിലും പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തുന്നതിനും കയ്യൊഴിക്കുന്നതിനുമുള്ള നിർദ്ദേശങ്ങളുണ്ടെങ്കിലും നഗരസഭയുടെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണം ഫലപ്രദമല്ല എന്ന് വിലയിരുത്തുന്നു.

**8. പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങളുടെ പാലനം**

2016-ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങളിലെ പ്രധാന നിർദ്ദേശങ്ങൾ നഗരസഭ പാലിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ചട്ടം | നിബന്ധന | നഗരസഭയിലെ സ്വീകരിച്ച നടപടി |
|---|---|---|
| 4 | പ്ലാസ്റ്റിക് ക്യാരി ബാഗുകൾ 50 മൈക്രോണിൽ കുറയുവാൻ പാടില്ല | ക്യാരി ബാഗുകൾ നിയന്ത്രിക്കുന്നതിനായി ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടില്ല. |
| 5, 6 | പുനചംക്രമണം നടത്താവുന്ന പ്ലാസ്റ്റിക് മാലിന്യം, രജിസ്ട്രേഷൻ ഉള്ളവർക്ക് നൽകുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതാണ്. | നടപടി സ്വീകരിച്ചിട്ടില്ല. |
| 5, 6 | പുനചംക്രമണം നടത്തുവാൻ സാധിക്കാത്ത പ്ലാസ്റ്റിക് മാലിന്യം റോഡ് നിർമ്മാണം, ഊർജ്ജോൽപാദനം തുടങ്ങിയവയ്ക്ക് ഉപയോഗിക്കേണ്ടതാണ്. | സാധ്യതകൾ പരിശോധിച്ചിട്ടില്ല. |
| 6 | പ്ലാസ്റ്റിക് മാലിന്യം വേർതിരിക്കുക, ശേഖരിക്കുക, കടത്തിക്കൊണ്ടു പോവുക, സംസ്കരിക്കുക, കയ്യൊഴിക്കുക. | പ്ലാസ്റ്റിക് മാലിന്യം വേർതിരിക്കാതെയാണ് ശേഖരിക്കുന്നത്.<br><br>കയ്യൊഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. |
| 6 | സ്റ്റേക്ക് ഹോൾഡർമാർക്കിടയിൽ ബോധവൽക്കരണം നടത്തുക. | എല്ലാ വിഭാഗക്കാർക്കിടയിലും ബോധവൽക്കരണം നടത്തുന്നില്ല. |
| 6 | പ്ലാസ്റ്റിക് മാലിന്യം പൊതു സ്ഥലങ്ങളിൽ കത്തിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്. | നടപടികൾ കാര്യക്ഷമമല്ല. |
| 6 | ചട്ടങ്ങളിലെ നിബന്ധനകൾ ഉൾപ്പെടുത്തി തദ്ദേശ സ്ഥാപനം ഒരു ബൈലോ രൂപീകരിക്കേണ്ടതാണ്. | അത്തരത്തിൽ ബൈലോ രൂപീകരിച്ചിട്ടില്ല. |
| 8 | പ്ലാസ്റ്റിക് മാലിന്യ ഉൽപാദകർ മാലിന്യം ഉറവിടത്തിൽ വെച്ച് വേർതിരിക്കുകയും ഏജൻസികൾക്ക് കയ്യൊഴിക്കുകയും ചെയ്യുക. | അത്തരത്തിൽ കയ്യൊഴിക്കുന്നുണ്ടെന്ന് നഗരസഭ ഉറപ്പാക്കുന്നില്ല. |
| 8 | നഗരസഭ രൂപീകരിക്കുന്ന ബൈലോ പ്രകാരമുള്ള യൂസർഫീ എല്ലാ മാലിന്യ ഉൽപാദകരും ഒടുക്കുവാൻ ബാധ്യസ്ഥരാണ്. | ബൈലോ രൂപീകരിച്ചിട്ടില്ല.<br><br>പ്ലാസ്റ്റിക് മാലിന്യം യൂസർഫീ ഈടാക്കി നഗരസഭ ശേഖരിക്കുന്നില്ല. |

| | | |
|---|---|---|
| 15 | പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന വ്യാപാരികൾ തദ്ദേശ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.<br>കുറഞ്ഞത് 4000 രൂപ പ്രതിമാസം ഈടാക്കേണ്ടതാണ്. | അത്തരത്തിൽ ആരും രജിസ്റ്റർ ചെയ്ത് ഫീസ് ഒടുക്കിയിട്ടില്ല. |

2016-ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങളിൽ നഗരസഭയ്ക്ക് ബാധകമായ പല പ്രധാന നിർദ്ദേശങ്ങളും പാലിക്കുവാൻ ശ്രദ്ധിച്ചിട്ടില്ല.

**9. ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 326 മുതൽ 345 വരെയുള്ള വകുപ്പുകൾ കാര്യക്ഷമമായി പ്രയോഗിക്കേണ്ടതും പരിശോധനാ സംവിധാനം ശക്തമാക്കേണ്ടതുമാണ്.
2. വിവിധ കേന്ദ്ര ചട്ടങ്ങൾ പ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
3. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കേണ്ടതാണ്.
4. ഡി.&ഒ. ലൈസൻസ് നൽകുന്നതിനുമുമ്പ് സ്ഥാപനങ്ങളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.
5. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിന്റെ ശേഷി പരമാവധി പ്രയോജനപ്പെടുത്തേണ്ടതും ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക് ഉചിതമായ രീതിയിൽ കയ്യൊഴിക്കേണ്ടതുമാണ്.
6. 2016-ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങൾ പ്രകാരം ബൈലോ രൂപീകരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.
7. 2016-ലെ വിവിധ കേന്ദ്ര ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് സോളിഡ്, പ്ലാസ്റ്റിക്, ഇ-വേസ്റ്റ് മുതലായ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് കയ്യൊഴിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
8. ഹരിത കർമ്മസേനയുടെ പ്രവർത്തനം ആരംഭിക്കേണ്ടതും ഗാർഹിക മാലിന്യ നീക്കം കാര്യക്ഷമമാക്കേണ്ടതുമാണ്.
9. ബോധവത്കരണ പരിപാടികൾ കാര്യക്ഷമമാക്കേണ്ടതാണ്.
10. സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി അനുവദിച്ച് ഉറവിട മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കേണ്ടതാണ്.
11. ഖരമാലിന്യ പ്ലാന്റിന്റെ വിപുലീകരണം നടപ്പാക്കി ജൈവമാലിന്യം വളമാക്കി മാറ്റുന്നതിനുള്ള തുടർ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഇല്ല | | | | |

# 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നിർവ്വഹണ ഏജൻസിക്ക് നൽകിയ തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|
| കെ.എസ്. ഇ. ബി. | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ (135/17-18) | 999810 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ സ്ഥാപിക്കൽ (117/17-18) | 15200000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| ഇല്ല | | | | | | | |

# 4-4 (i)വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

| ക്രമ നം. | 2017-18-ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാനവശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച വിവരം |
|---|---|---|---|---|---|
| ഇല്ല | | | | | |

<u>(ii) വായ്പ തിരിച്ചടവിന്റെ വിവരം</u>

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇല്ല | | | | | | | |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ്

# ഖണ്ഡികകളുടെ വിശദാംശം

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2000-01,<br>2-2 (ബി) | 2006-07,<br>4.10.1 | മുൻകൂർ തുകകൾ ക്രമീകരിക്കാത്തത്- സംബന്ധിച്ച് | പരാമർശം നിലനിൽക്കുന്നു. |
| 2004-05,<br>3-1 | 2010-11,<br>5.2..17 | ഖരമാലിന്യ സംസ്കരണം -<br>ദീർഘവീക്ഷണമില്ലാത്ത പദ്ധതി രൂപീകരണം | പരാമർശം നിലനിൽക്കുന്നു. |
| 2004-05,<br>3-3 | 2010-11,<br>5.6.4 | സി.എഫ്.എൽ വിളക്കുകളുടെ മെയിന്റനൻസ് - മുൻകൂർ നൽകിയത് | പരാമർശം നിലനിൽക്കുന്നു. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 276125307 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 239007168 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 100994 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2198078 |

**ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| **ഖണ്ഡിക നമ്പർ** | **നഷ്ടമായ തുക** | **ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും** |
|---|---|---|
| 3-24 | 76865 | ശ്രീ ശിവപ്രസാദ് സി.എസ്., അസി.എഞ്ചിനീയർ |
| 3-28 | 15641 | ശ്രീ റഫീക്ക് എം., അസി.എഞ്ചിനീയർ |
| 3-29 | 8488 | ശ്രീ റഫീക്ക് എം., അസി.എഞ്ചിനീയർ |
| **ആകെ** | **100994** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| | | |
|---|---|---|
| 3-9 | 1000000 | ശ്രീ ദീപേഷ് ആർ.കെ., സെക്രട്ടറി |
| 3-14 | 217500 | ശ്രീ വിനോദ് എം.പി., ഹെൽത്ത് ഓഫീസർ |
| 3-15 | 29850 | ശ്രീ വിനോദ് എം.പി., ഹെൽത്ത് ഓഫീസർ |
| 3-16 | 420000 | ശ്രീ വിനോദ് എം.പി., ഹെൽത്ത് ഓഫീസർ |
| 3-20 | 26678 | ഡോ. സരസ്വതി അമ്മ, മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ |
| 3-32 | 379215 | ശ്രീ റഫീക്ക് എം., അസി.എഞ്ചിനീയർ |
| 3-33 | 124835 | ശ്രീ റഫീക്ക് എം., അസി.എഞ്ചിനീയർ |
| **ആകെ** | **2198078** | |

**സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| | | |
|---|---|---|
| 3-23 | 35105 | ശ്രീ ശിവപ്രസാദ് സി.എസ്., അസി.എഞ്ചിനീയർ |

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ഓഡിറ്റ് തടസ്സത്തിന് ഉത്തരവാദികളായ വരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| | | |
|---|---|---|
| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
| ശ്രീ ശിവപ്രസാദ് സി.എസ്., അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, അരുവാപ്പുലം ഗ്രാമപഞ്ചായത്ത് | ഉണ്ണി ഭവനം, സദാനന്ദപുരം,<br><br>കൊട്ടാരക്കര – 691 531 |
| ശ്രീ റഫീക്ക് എം., അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, അടൂർ നഗരസഭ | ആഴാതി പുരയിടത്തിൽ,<br><br>ഏനാത്ത് പി.ഒ. |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1970-71 | എൽ.എഫ്.പി.റ്റി.എ./എംഎൽ-/1136/92 തീയതി: 24.10.2002 |
| 1971-72 | എൽ.എഫ്.പി.റ്റി.എ./ക്യൂ/പി-3/1847 തീയതി: 25.11.81 |
| 1972-73 | എൽ.എഫ്.പി.റ്റി.എ./എംഎൽ/1136/92 തീയതി: 24.10.2002 |
| 1973-74 മുതൽ 1978-79 വരെ | എൽ.എഫ്.പി.റ്റി.എ./എംഎൽ/1136/92 തീയതി: 24.10.2002 |
| 1980-81 | എൽ.എഫ്.പി.റ്റി.എ./ക്യൂ/1052/82 തീയതി: 13.09.82 |
| 1981-82 | എൽ.എഫ്.പി.റ്റി.എ.പി- 3/254/86 തീയതി: 04.02.87 |
| 1982-83 | എൽ.എഫ്.പി.റ്റി.എ.പി- 3/165/85 തീയതി: 04.10.85 |
| 1983-84 | എൽ.എഫ്.പി.റ്റി.എ.പി- 3/765/87 തീയതി: 13.02.88 |
| 1984-85 | എൽ.എഫ്.പി.റ്റി.എ.പി- 3/528/88 തീയതി: 11.08.88 |
| 1985-86 | എൽ.എഫ്.പി.റ്റി.എ.പി- 3/ 6/90 തീയതി: 11.10.90 |
| 1986-87 | എൽ.എഫ്.പി.റ്റി.എ./എം.എൽ/ 192/തീയതി: 24.10.92 |
| 1987-88 | എൽ.എഫ്.പി.റ്റി.എ./എം.എൽ/ 192/തീയതി: 24.10.92 |
| 1988-89 | എൽ.എഫ്.പി.റ്റി.എ.പി- 2/1246/91 തീയതി:01.08.92 |
| 1989-90 | എൽ.എഫ്.പി.റ്റി.എ./എം.എൽ/232/93 തീയതി: 22.10.93 |
| 1990-91 | എൽ.എഫ്.പി.റ്റി.എ.പി- 4/374/94 തീയതി:25.6.94 |
| 1991-92 & 1992-93 | എൽ.എഫ്.പി.റ്റി.എ.പി- 4/970/94 തീയതി:04.03.95 |
| 1993-94 | എൽ.എഫ്.പി.റ്റി.എ.പി- 4/620/95 തീയതി:04.06.96 |
| 1994-95 | എൽ.എഫ്.പി.റ്റി.എ.പി- 4/463/96 തീയതി:07.04.97 |
| 1995-96 | എൽ.എഫ്.പി.റ്റി.എ.പി- 5/142/02 തീയതി:31.03.03 |
| 1996-97 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി- 4/578/97 തീയതി:12.10.1999 |
| 1996-97(DCB) | എൽ.എഫ്.പി.റ്റി.എ.പി- 2/656/06 തീയതി:13.04.07 |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി- 4/27/99 തീയതി: 12.01.99 |
| 1997-98(DCB) | എൽ.എഫ്.പി.റ്റി.എ.പി- 2/657/06 തീയതി: 14.03.07 |
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി- 4/240/2000 തീയതി: 02.11.2000 |
| 1998-99 (DCB) | എൽ.എഫ്.പി.റ്റി.എ.പി- 2/713/06 തീയതി: 31.12.07 |

| | |
|---|---|
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി- 5/288/03 തീയതി: 16.09.03 |
| 1999-00 (DCB) | എൽ.എഫ്.പി.റ്റി.എ.പി- 2/714/06 തീയതി:31.12.07 |
| 2000-01 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി- 6/173/05 തീയതി:15.12.05 |
| 2000-01 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ.പി-6/450/04 തീയതി:14.12.05 |
| 2000-01 (DCB) | എൽ.എഫ്.പി.റ്റി.എ.പി-2/715/06 തീയതി:31.12.07/31.03.08 |
| 2001-02 | എൽ.എഫ്.പി.റ്റി.എ.പി-2/374/08 തീയതി:31.07.09 |
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി-2/375/08 തീയതി:15.04.09/30.12.09 |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി-2/681/08 തീയതി:30.01.09/30.10.10 |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി-2/680/08 തീയതി:16.02.09/08.03.11 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി-2/482/10 തീയതി:14.03.11/09.06.11 |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി-4/418/11 തീയതി:01.12.11/02.03.13 |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി-4/537/12 തീയതി:12.10.12/13.03.13 |
| 2008-09 & 2009-10 | എൽ.എഫ്.പി.റ്റി.എ.പി- 4/539/12 തീയതി:01.11.2012 |
| 2010-11 & 2011-12 | എൽ.എഫ്.പി.റ്റി.എ.പി-4/1037/13 തീയതി:08.04.14 |
| 2012-13 & 2013-14 | കെ.എസ്.എ.പി.റ്റി.എ./പി2/357/2015, തീ. 08.12.15 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ./പി2/854/2016തീ. 08.08.2016 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ./പി2/97/2017 തീ. 20.02.2017 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ./പി2/1207/17, തീ. 12.12.2017 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**

# Annexure - 1 AUDIT CERTIFICATE

No.KSA.PTA.P2/261/19 Dated : 03.06.2019

Certified that I have examined the Annual Financial Statement of **Adoor Municipality** in Pathanamthitta District for the year ended on 31.03.2018 in accordance with section 4 of the Kerala Local Fund Audit Act 1994, Section 295(4) of the Kerala Municipality Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Local Self Government Institutions.

In my opinion, the Financial Statements of **Adoor Municipality** in Pathanamthitta District for the year 2017-18 except the obeservations in my report properly presents the picture of income and expenditure.

**Senior Deputy Director**

**Kerala State Audit Department**

**Pathanamthitta**

# അനുബന്ധം - 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി2/261/19 തീയതി: 03.06.2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295(4)-ാം വകുപ്പ് എന്നിവ അനുസരിച്ചും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ & ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ **അടൂർ നഗരസഭയുടെ** 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **അടൂർ നഗരസഭയുടെ** 2017-18-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**